# വൃഷഭത്തിന്റെ കണ്ണ്

ഇ ഹരികുമാർ



# വൃഷഭത്തിന്റെ കണ്ണ്

ഇ ഹരികുമാർ

**Vṛiṣabhattinte Kaṇṇu** (വൃഷഭത്തിന്റെ കണ്ണ്)
(Malayalam: Stories)
E Harikumar

Sayahna digital edition published in 2021.

Copyright © 2013–2020, E Harikumar.
Copyright © 2020–2021, Lalitha Harikumar.

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *A Brazilian Landscape* (1680), a painting by Frans Post (1612–1680). The image was taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


മേഘലങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ . . . . . . . . . . . . . . . . . . . . . . . . . . . . . 1

വൃഷഭത്തിന്റെ കണ്ണ് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 7

കോമാളി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 15

രൂപം നഷ്ടപ്പെട്ട മൃഗങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 30

ഭീരു . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 39

ഒരു നഷ്ടക്കാരി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 50

അയൽക്കാരി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 58

## മേഘങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ

ചുരം കയറുന്ന തീവണ്ടിയിൽ യാത്ര ചെയ്യുന്നത് ഓപ്പണെയർ തിയേറ്ററിൽ വെച്ച് ഒരു സിംഫണി ഓർക്കെസ്ട്രാ കേൾക്കുന്നപോലെയാണ്. ഒരു ഭാഗത്ത് പച്ചപിടിച്ച താഴ്‌വരകൾ. മറുഭാഗത്ത് പാറകളുടെ ഔന്നത്യം. ഇടയ്ക്കിടയ്ക്ക് ഇരുട്ടും വെളിച്ചവും മാറി വിതറുന്ന ഇരുണ്ട തുരങ്കങ്ങൾ. താളലയ വിന്യാസങ്ങൾ, അഡാന്റേ, മൊഡറാറ്റോ. താളം പക്ഷേ, ഒരിക്കലും ത്വരിതമാവുന്നില്ല.

തീവണ്ടി ക്രമേണ മേഘവലയത്തിലേക്കു കടക്കുന്നത് അയാൾ വിജയയ്ക്കു കാണിച്ചുകൊടുത്തു. ആദ്യം പുറത്ത് ഒരു മങ്ങൽ മാത്രമായി വന്ന്, പിന്നെപ്പിന്നെ കട്ടികൂടിത്തുടങ്ങി.

വിജയ അത്ഭുതത്തോടെ പുറത്തേക്കു നോക്കുകയായിരുന്നു.

മേഘങ്ങൾ? യക്ഷിക്കഥകൾ പോലെ അല്ലെ?

വിടർന്ന കണ്ണുകളുമായി അവൾ ഒരു യക്ഷിയെപ്പോലെ തോന്നിച്ചു.

ക്രമേണ മേഘങ്ങൾക്ക് കട്ടി കൂടുകയും താഴെയുള്ള പച്ച പിടിച്ച താഴ്‌വരകൾ അപ്രത്യക്ഷമാവുകയും ചെയ്തു. കാറ്റിലുള്ള ഈർപ്പം അയാൾ അറിഞ്ഞു.

വീണ്ടും കയറ്റം. തുരങ്കങ്ങളുടെ ഒരു ശൃംഖല. പിന്നെ തുറന്ന പീഠഭൂമി. മന്ദഗതിയിലായിരുന്ന സിംഫണി ഒരു ഹോട്ട് ജാസിന് വഴി മാറിക്കൊടുത്തു.

ലോനാവ്‌ല

ഹോട്ടൽ ഒരു മലമുകളിലായിരുന്നു. കമ്പിവേലിക്കരികിൽ നിന്നു നോക്കിയാൽ താഴെ അഗാധമായ കൊല്ലി നീണ്ടു കിടക്കുന്നതു കാണാം. ഇരുവശത്തും ഉയർന്നു നിൽക്കുന്ന മലകൾ. വെള്ളമേഘങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ അവർ നിൽക്കുന്നതിന്നു വളരെ താഴെ ഒരു പടലമായി നിൽക്കുന്നു. എതിർവശത്ത് കൂടുതൽ ഉയരമുള്ള മലയുടെ ശിരസ്സിൽനിന്ന് ഊർന്നിറങ്ങുന്ന ജലധാര.

ഇതെല്ലാം വിജയയെ സന്തോഷിപ്പിക്കേണ്ടതാണ്. ദിനേശൻ അസ്വസ്ഥനായി അവളെ നോക്കി. ഹോട്ടലിൽ എത്തിയതു മുതൽ അവൾ മാറിയപോലെ. അവൾ തനിക്കു നഷ്ടപ്പെടുകയാണോ?

വിജയ എന്തോ തിരയുകയായിരുന്നു.

ദിനേശൻ അരക്കെട്ടിലൂടെ കയ്യിട്ട് അവളെ ചേർത്തു പിടിച്ചു.

"നീ എന്താണ് അന്വേഷിക്കുന്നത്?"

"ആ വീട്; അതിവിടെ അടുത്തു തന്നെയാണ്."

"ഏതു വീട്?"

"ആ, അതാ. ആ കാണുന്ന ഓടിട്ട വീടുകൾ!"

ദിനേശൻ നോക്കി. മരങ്ങൾക്കിടയിൽ രണ്ടു കുന്നുകൾ കൂട്ടിമുട്ടുന്നിടത്തെ സമതലത്തിൽ അവിടവിടെയായി ക്രമമില്ലാതെ പണിത ചെറിയ ഓടിട്ട വീടുകൾ. ഒരു

വികൃതിക്കുട്ടി വലിച്ചെറിഞ്ഞ കളിപ്പാട്ടങ്ങൾ പോലെ അവ ചിതറിക്കിടന്നു. ഓരോ വീട്ടിലേക്കും പോകുന്ന വീതി കുറഞ്ഞ ചരൽപ്പാതകൾ.

"ഏതാണാ വീടുകൾ?"

"അതിലൊന്നിലാണ് ഞങ്ങൾ മധുവിധു ആഘോഷിച്ചത്."

അയാൾ നിശ്ശബ്ദനായി. കാറ്റ് താഴെ മേഘപടലങ്ങൾ പഞ്ഞിത്തുള്ളികൾ പോലെ പറപ്പിക്കുന്നത് അയാൾ ശ്രദ്ധിച്ചു. മനസ്സിൽ നേരിയ വേദന, കാറ്റിലെ ഈർപ്പം പോലെ തങ്ങിനിന്നു.

വിജയ അതു മനസ്സിലാക്കി. അവൾ അയാളുടെ അരക്കെട്ടിലൂടെ കയ്യിട്ട് ചുമലിൽ മുഖമമർത്തി.

"നീ എന്താണ് ആലോചിക്കുന്നത്?"

അയാൾ ഒന്നും പറഞ്ഞില്ല.

"പറയൂ, ഞാൻ നിന്നെ വേദനിപ്പിച്ചു, അല്ലേ?"

അയാൾ ഒന്നും പറയാതെ താഴ്ന്ന് അവളുടെ കവിളിൽ ചുംബിച്ചു.

"എനിക്കറിയാം," വിജയ പറഞ്ഞു. "ഞങ്ങളുടെ മധുവിധുവിനെപ്പറ്റി പറഞ്ഞതുകൊണ്ടാണല്ലെ? സാരമില്ല ദിനേശ്, ഇനി പറയില്ല. പോരാത്തതിന് അത് മൂന്നു കൊല്ലം മുമ്പ് കഴിഞ്ഞതുമല്ലെ?"

കമ്പിവേലിക്കരികിൽ നിരയായി കള്ളിച്ചെടികൾ വളർത്തിയിരുന്നു. അവ കല്ലുകൊണ്ടുണ്ടാക്കിയ, പ്രാകൃതമായ ആയുധങ്ങളേന്തിയ ആദിമമനുഷ്യരുടെ ഒരു പോർയാത്ര പോലെ തോന്നിച്ചു.

മലയിൽനിന്നൂർന്നിറങ്ങുന്ന വെള്ളച്ചാട്ടം അപ്പോഴാണ് വിജയ കണ്ടത്.

"ഈ വെള്ളച്ചാട്ടം..."

അവൾ പകുതി പറഞ്ഞുനിർത്തി.

"അന്നവിടെ ഉണ്ടായിരുന്നില്ല അല്ലേ?" ദിനേശൻ പൂരിപ്പിച്ചു.

"അതെ," അപരാധബോധത്തോടെ അത്ഭുതത്തോടെ അവൾ പറഞ്ഞു. "നിനക്കെങ്ങനെ മനസ്സിലായി ഞാനതാണ് ഉദ്ദേശിച്ചതെന്ന്!"

"അത് മഴക്കാലത്തു മാത്രമുണ്ടാകുന്നതാണ്. മലമുകളിലെ തടാകം കവിഞ്ഞൊഴുകുന്നതാണത്. വേനലിൽ അതു വരണ്ടുകിടക്കും."

അയാൾ പാറകളെ ഓർത്തു. വേനലിൽ പൊരിവെയിലത്ത് അവ മാസങ്ങളോളം, പിന്നിട്ട വർഷങ്ങൾ ഉണ്ടാക്കിയ പോറലുകൾ താലോലിച്ച് ഈ ജലധാരയേയും സ്വപ്നം കണ്ട് കാത്തു കിടക്കുന്നത് അയാൾ പൂനയ്ക്കു പോകുമ്പൊഴെല്ലാം കാണാറുണ്ട്. പിന്നെ ഒരു ദിവസം മഴപെയ്യുമ്പോൾ അവ തണുക്കുന്നു. വീണ്ടും മഴപെയ്ത് തടാകങ്ങൾ നിറയുമ്പോൾ അവയുടെ ശിരസ്സിലൂടെ നീർധാര ഒഴുകുന്നു.

നൂറ്റാണ്ടുകളുടെ സംഗീതത്തിനായി അയാൾ ചെവിയോർത്തു.

"നിനക്കെന്നോട് ദ്വേഷ്യമുണ്ടോ?" വിജയ അവളുടെ മുഖം അയാളുടെ ചുമലിലമർത്തി ചോദിച്ചു.

"ഇല്ല."

മുറിയ്ക്കുള്ളിൽ ചൂടായിരുന്നു. വിജയയുടെ ദേഹം തണുപ്പായിരുന്നു. അവളുടെ ദേഹം തണുപ്പു സമയത്ത് ചൂടും, ചൂടുസമയത്ത് തണുപ്പുമായിരുന്നു.

"നീ എന്റെ തണുപ്പു മുഴുവൻ എടുക്കാനുള്ള ശ്രമമാണല്ലെ?"

"അല്ലാ, നിന്നെ ചൂടാക്കുകയാണ്."

സംഭാഷണം സാധാരണപോലെ ബാലിശവും സ്വാഭാവികമായിരുന്നെങ്കിലും, അയാൾ വിജയയുടെ നിസ്സംഗത മനസ്സിലാക്കി. അതവളുടെ കണ്ണുകളിലും, ഓരോ ചലനത്തിലും ഉണ്ടായിരുന്നു.

"നീ എന്താണ് ആലോചിക്കുന്നത്?" അയാൾ ചോദിച്ചു.

"ഉം, ഉം."

ബോംബെയിൽ ഹോട്ടൽമുറികളിൽ കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന സന്തോഷവും മദവും അവളിൽ കണ്ടില്ല.

"നമ്മൾ വളരെ ദൂരെയാണ്," വിജയ പറഞ്ഞു, "വളരെ ദൂരെ. ഇനി തിരിച്ചുപോകാൻ പറ്റില്ലെന്ന തോന്നൽ. ഇത്രയും ദൂരം വരേണ്ടായിരുന്നു."

"രണ്ടു മണിക്കൂർകൊണ്ട് നമുക്ക് തിരിച്ചെത്താം. മൂന്നരമണിക്കു പുറപ്പെട്ടാൽ അഞ്ചുമണിക്ക് വീട്ടിലെത്താം."

അവൾ ഓടിട്ട വീടുകളെപ്പറ്റിഓർത്തു. മരങ്ങൾക്കിടയിൽ ചിതറിക്കിടക്കുന്ന ചെറിയ വീടുകൾ. നടുവിൽ വളഞ്ഞുപോകുന്ന ചരൽപ്പാതകൾ. മരത്തിന്റെ അഴികളുള്ള ഗേറ്റിനകത്ത് ചെറിയ മുറ്റം. വീടിനകത്ത് അരുമയായ രണ്ടു കൊച്ചു മുറികൾ.

"നമുക്ക് ഇത്രയും ദൂരം വരേണ്ടായിരുന്നു."

"നിന്റെ ഭർത്താവ് എന്നാണ് തിരിച്ചു വരിക?"

"ഇനിയും ഒരാഴ്ച പിടിക്കും."

"നമുക്കൊരു കാര്യം ചെയ്യാം. ഇന്നു രാത്രി ഇവിടെ താമസിച്ച് നാളെ രാവിലെ തിരിച്ചു പോകാം..."

"പറ്റില്ല ദിനേശ്. വൈകുന്നേരം തന്നെ തിരിച്ചു പോകണം."

"എന്താണ് ഇത്ര ധൃതി? ഒരു പക്ഷേ, രാത്രി നിനക്ക് ഇതെല്ലാം വ്യത്യസ്തമായി തോന്നും. നിനക്ക് ഈ സ്ഥലം ആസ്വദിക്കാൻ കഴിഞ്ഞെന്നു വരും. ചീവിടുകളുടെ ശബ്ദം, കാട്ടിൽ മരങ്ങൾക്കിടയിൽക്കൂടി കാണുന്ന ഒറ്റപ്പെട്ട വെളിച്ചം. ഇതെല്ലാം നിനക്കിഷ്ടമാവും."

"നിനക്കങ്ങനെ പറയാം. നീ എന്റെ മോളെ ഓർത്തു നോക്ക്. ഞാൻ പുറത്തിറങ്ങിയാൽ തിരിച്ചു വരുന്നതുവരെ അവൾ ബാൽക്കണിയിൽ എന്നെ കാത്തിരിക്കയാണ് പതിവ്. ഇന്ന് ഇത്ര വൈകിയിട്ടും എന്നെ കാണാഞ്ഞാൽ അവൾ കരച്ചിലായിട്ടുണ്ടാകും. ആയക്കൊന്നും അത്രനേരം അവളുടെ കരച്ചിൽ മാറ്റാൻ കഴിയില്ല."

"സോറി, ഞാനതോർത്തില്ല." ദിനേശൻ പറഞ്ഞു. "നമുക്കു കഴിയുന്നതും വേഗം തിരിച്ചു പോകാം. പിന്നെ, നിനക്കിതു മുമ്പേ പറയാമായിരുന്നു. എങ്കിൽ ഇത്ര ദൂരം ഞാൻ നിന്നെ കൊണ്ടുവരില്ലായിരുന്നു."

"നീ കുറേക്കാലമായി എന്നെ നിർബ്ബന്ധിക്കുന്നു."

അയാൾ വിജയയുടെ രണ്ടു വയസ്സായ മകളെ ഓർത്തു. ചോരച്ചുണ്ടുകളും തുടുത്ത കവിളുകളും റിബ്ബൺ കെട്ടിയ ചെമ്പൻ തലമുടിയുമായി ആ കുട്ടി ഇപ്പോൾ ബാൽക്കണിയിൽ കാത്തുനിൽക്കുന്നുണ്ടാവുമോ?

"ഞാൻ നിന്നെ എത്ര സ്നേഹിക്കുന്നുണ്ടെന്നറിയാമോ?" അയാൾ ചോദിച്ചു.

"എനിക്കറിയാം, ദിനേശ്. അതുപോലെ നിന്നെ ഞാനും സ്നേഹിക്കുന്നുണ്ട്. പക്ഷേ, ഈ സ്ഥലത്ത് എന്നെ നിന്നിൽ നിന്നകറ്റുന്ന എന്തോ ഉണ്ട്. നമുക്ക് തിരിച്ചു പോകാം."

അയാൾ കാറ്റിൽ വെള്ളിമേഘപടലങ്ങൾ ധൂളിയായി പറക്കുന്നത് ഓർത്തു. രണ്ടു മണിക്കൂർമുമ്പ് ചുരത്തിൽ മേഘങ്ങൾക്കിടയിലൂടെ ഊളിയിടുന്നതും.

“നമുക്ക് പുറത്തിറങ്ങാം.” അയാൾ പറഞ്ഞു.

“എനിക്ക് പുറത്തിറങ്ങാൻ തോന്നുന്നില്ല.”

“ആരെങ്കിലും കാണുമെന്ന ഭയമാണോ?”

“അല്ല. എനിക്കു തീരെ മൂഡില്ല.”

“ഇവിടെ അടുത്തുതന്നെ ഒരു കാഴ്ചബംഗ്ലാവുണ്ട്. ഞാനതു കാണിച്ചുതരാം.”

“വേണ്ട ഞാനതു പല വട്ടം കണ്ടതാണ്. അതിലുള്ള ഒരു കുരങ്ങനെയൊഴികെ ഒന്നിലും എനിക്കു താൽപര്യവുമില്ല.”

ദിനേശ് പുറംതള്ളപ്പെട്ടപോലെ തോന്നി. വിജയ അത് മനസ്സിലാക്കി. പുതുതായി വിവാഹം കഴിഞ്ഞ ചന്തമുള്ള ഒരു യുവാവും സുന്ദരിയായ ഒരു യുവതിയും കൈ കോർത്ത് കാഴ്ചബംഗ്ലാവിൽ നടക്കുന്നത് അയാൾ മനസ്സിൽ കണ്ടു.

ആലിംഗനം ചെയ്തിരുന്ന രണ്ടു വെളുത്തുരുണ്ട കൈകൾ മാറ്റി അയാൾ തിരിഞ്ഞു കിടന്നു. തലയിണ കണ്ണീരൊഴുകി നനയുന്നത് അയാൾ അറിഞ്ഞു.

“എന്തു പറ്റി ദിനേശ്?” അവൾ ആരാഞ്ഞു. “ഞാനെന്തെങ്കിലും നിനക്കിഷ്ടമില്ലാത്തത് പറഞ്ഞുവോ?”

അയാൾ ഒന്നും പറയാതെ കരയുക തന്നെയായിരുന്നു.

അവൾ എഴുന്നേറ്റിരുന്ന് ആലോചിച്ചു. സംസാരിച്ചിരുന്നത് കാഴ്ചബംഗ്ലാവിനെപ്പറ്റിയായിരുന്നു. കുരങ്ങനെപ്പറ്റിയായിരുന്നു. പെട്ടെന്നവൾക്കു മനസ്സിലായി.

“നീ എന്തൊരു തൊട്ടാവാടിയാണ് ദിനേശ്! കാഴ്ചബംഗ്ലാവ് കണ്ടെന്നു പറഞ്ഞതിനാണ് നീ കരയുന്നത് അല്ലേ? സോറി. നോക്കു, നമുക്ക് പുറത്തിറങ്ങാം. എനിക്ക് നിന്റെ ഒപ്പം കാഴ്ചബംഗ്ലാവ് കാണണം. ഒരു പക്ഷേ, പുതിയ വല്ല കുരങ്ങനേയും കൊണ്ടുവന്നിട്ടുണ്ടാകും.”

അവൾ ചേർന്നു കിടന്ന് അയാളുടെ കവിളിൽ ചുംബിച്ചു. പിന്നെ കണ്ണീരുറന്ന കണ്ണുകളിൽ, നെറ്റിമേൽ അവസാനം ചുണ്ടിൽ ചുംബിച്ചപ്പോൾ അയാളുടെ പ്രതിരോധം അയഞ്ഞുപോയി.

അതയാളുടെ ഏറ്റവും നല്ല രതിയായിരുന്നു. അവളും വളരെ സംതൃപ്തയായിട്ടുണ്ടെന്നു കണ്ണുകളിലെ ആലസ്യം അറിയിച്ചു.

“നീ എന്നെ എപ്പോഴും ലഹരി പിടിപ്പിക്കുന്നു.” അവൾ പറഞ്ഞു.

അയാൾ മലമുകളിൽനിന്ന് ഒലിച്ചിറങ്ങിയ ജലധാരകളെയും, പാറകളെയും ഓർത്തു. താഴോട്ടൊഴുകിയ വെള്ളം താഴ്‌വരയിൽ ഉണ്ടാക്കിയേക്കാവുന്ന അരുവിയേയും ഓർത്തു. ചിറകുണ്ടെങ്കിൽ പറന്ന്, താഴെ പടർന്നു കിടക്കുന്ന മേഘത്തിന്റെ പാളികൾ തുളച്ചുപോയി ആ അരുവി കാണാമായിരുന്നു.

ഓടിട്ട ഒരു ചെറിയ വീട് എന്റെ മനസ്സിലുണ്ട്, വിജയ ആലോചിച്ചു. അതവിടെ കുറെക്കാലമായി ഇരുട്ടിൽ കാണാത്ത ഒരു മൂലയിൽ ഉണ്ടായിരുന്നു എന്നവൾ മനസ്സിലാക്കി. ഇപ്പോൾ അവിടെ വെളിച്ചം വീശിയിരിക്കുന്നു.

ആ വീട്ടിൽ ആഘോഷിച്ച മധുവിധു അവൾ ഓർത്തു. ദിനേശിന്റെ ആലിംഗനത്തിൽ കിടക്കുമ്പോൾ ഭർത്താവിനെപ്പറ്റി, ഭർത്താവൊന്നിച്ച് ആഘോഷിച്ച മധുവിധുവിനെപ്പറ്റി ഓർക്കുന്നത് അവൾക്ക് സംതൃപ്തി കൊടുത്തു. അവൾ ഒരു പകപോക്കുന്ന രസത്തോടെ ആ മധുവിധുവിന്റെ വിശദാംശങ്ങൾ അയവിറക്കി. ആദ്യമായി

ഇണചേർന്നത്, തളർന്നുറങ്ങിയത്, ഉറക്കത്തിനുശേഷം പുറത്തിറങ്ങിയത്. കാഴ്ച ബംഗ്ലാവിലെ കുരങ്ങന് നിലക്കടല കൊടുത്തപ്പോൾ അത്, കടലമണികൾ വായിലിട്ട് പുറന്തോട് അവരുടെ നേർക്ക് എറിഞ്ഞപ്പോൾ പെട്ടെന്ന് മാറിനിന്ന് അവർ പൊട്ടിച്ചിരിച്ചത്.

പിന്നെപ്പിന്നെ അവൾക്ക് ആരോടാണ് പകപോക്കുന്നതെന്നറിയാതായി. അവൾ ഭർത്താവിനെ സ്നേഹിക്കുന്നുണ്ട്. കിടക്കുന്നതാകട്ടെ, അവൾ സ്നേഹിക്കുന്ന കാമുകന്റെ കൈകളിലും. അവൾ അയാളെ മുറുക്കി വരിഞ്ഞു ചുംബിച്ചു.

“നീ എന്നാണ് നിന്റെ ഭർത്താവിന്റെ ഒപ്പം കിടന്നത്?”

ദിനേശൻ അയാളുടെ കൈ അവളുടെ കഴുത്തിൽനിന്നെടുത്തു മാറ്റി.

“നീ എന്തിനാണ് കൈയെടുത്തത്? നല്ല രസമുണ്ടായിരുന്നു.”

ഞാൻ വയ്യാമല്ലോ.

“ഔ, പതുക്കെ. എന്റെ തലമുടി. പിന്നെ നീ എന്താണ് ചോദിച്ചത്?”

“നീ എന്നാണ് ഭർത്താവിന്റെ ഒപ്പം കിടന്നത്?”

“ഞാൻ എന്നും ഭർത്താവിന്റെ ഒപ്പംതന്നെയാണ് കിടക്കാറ്.” അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

“അതല്ല ഞാനുദ്ദേശിച്ചത്.”

“കുറെ ദിവസമായി. എന്നാണ് നമ്മൾ കഴിഞ്ഞ പ്രാവശ്യം ഹോട്ടലിലേയ്ക്കു പോയത്? അതിനും രണ്ടു ദിവസം മുമ്പ്.”

“പന്ത്രണ്ടു ദിവസമോ? എന്താണ് നിന്റെ ഭർത്താവ് ഇത്ര തണുപ്പനായത്? പന്ത്രണ്ടു ദിവസമൊക്കെ എങ്ങിനെയാണയാൾ അടങ്ങിക്കിടക്കുന്നത്? പ്രത്യേകിച്ചും നിന്നെപ്പോലെ ഒരു സുന്ദരി അടുത്തു കിടക്കുമ്പോൾ?”

“എല്ലാവർക്കും നിന്റെ അത്ര താൽപര്യമുണ്ടായെന്നു വരുമോ?”

“അല്ലെങ്കിൽ ഒരുപക്ഷേ, അയാൾക്ക് വേറെ വല്ല അഫയറുമുണ്ടാവും. ഓഫീസിലോ, പുറത്തോ എവിടെയെങ്കിലും. അപ്പോൾ നിന്നോടു താൽപര്യം കുറഞ്ഞതായിരിക്കും.”

മുറുക്കി ആലിംഗനം ചെയ്തിരുന്ന കൈകൾ അയഞ്ഞുവരുന്നതും, തെളിഞ്ഞ ആകാശം പെട്ടെന്ന് കാർ വന്ന് മങ്ങുന്ന പോലെ വിജയയുടെ മുഖത്ത് ശത്രുത ഇരുണ്ടുകൂടുന്നതും അയാൾ കണ്ടു.

മുറി പെട്ടെന്ന് തണുത്തതായി അയാൾക്കു തോന്നി. ജനലിലൂടെ വീശിയ കാറ്റ് തണുപ്പുള്ളതും ശത്രുതയുള്ളതുമായിരുന്നു. അയാൾ, കുട്ടിക്കാലത്തു കിണറ്റുകരയിൽ സന്ധ്യയ്ക്ക് പുറത്തു നിർത്തി അമ്മ തന്നെ കുളിപ്പിച്ചിരുന്നത് ഓർത്തു. കാറ്റടിക്കുമ്പോൾ തണുപ്പ് ഒരു കരിമ്പടപ്പുഴുവിനെപ്പോലെ മേൽ ഇഴഞ്ഞിരുന്നു. സോപ്പിന്റെ വാസന തണുപ്പിനോട് കലർന്ന് ആ കുട്ടിയുടെ രോമകൂപങ്ങളിൽ ഒട്ടിപ്പിടിച്ചിരുന്നു.

ഞാൻ നിന്നെ വെറുക്കുന്നു.

വിജയ പറയുകയാണ്. അവൾ എഴുന്നേറ്റിരുന്ന് വസ്ത്രം ധരിക്കുകയാണ്. ഞാൻ നിന്നെ വെറുക്കുന്നു. നീ എന്റെ ഭർത്താവിനെപ്പറ്റി ഇങ്ങിനെ സംസാരിക്കുന്നത് എനിക്കിഷ്ടമല്ല. എന്റെ ഭർത്താവിന്റെ സ്നേഹത്തെപ്പറ്റി നിനക്കെന്തറിയാം?

വിജയ സംസാരിക്കുന്നത് എത്ര ദൂരത്തു നിന്നാണ്. കിണറ്റുകരയിൽ നിന്ന് തോർത്തൽ മുഴുമിക്കാത്ത ആ കുട്ടി മണൽ വിരിച്ച മുറ്റത്തുകൂടെ വീട്ടിനകത്തേക്ക് ഓടുന്നു, പിൻതുടരുന്ന തണുപ്പിൽ നിന്നു രക്ഷപ്പെടാനായി. ചന്ദനത്തിരിയുടെ വാസനയുള്ള ഇരുണ്ട അറകളിൽ ഭയം വകവെയ്ക്കാതെ ട്രൗസറിനും ഷർട്ടിനും വേണ്ടി പരതുന്നു. അങ്ങനെ പരതുന്നതിനിടയിൽ ആ കുട്ടിക്ക് എല്ലാം നഷ്ടപ്പെടുന്നു. അയാൾ ഏകനാവുന്നു.

എഴുന്നേൽക്കു, വിജയ പറഞ്ഞു, എന്നെ കൊണ്ടുപോയാക്കു. മോൾ കാത്തിരിക്കുന്നുണ്ടാവും.

അയാൾ എഴുന്നേറ്റു.

# വൃഷഭത്തിന്റെ കണ്ണ്

“ഒരു ബാധയാണിത്.” ഹിരൺ മേഹ്ത്ത പറഞ്ഞു.

അയാൾ ധരിച്ചിരുന്നത് സാധാരണ മട്ടിൽ പോളിസ്റ്റർ ഷർട്ടും പാന്റുമായിരുന്നു. നീട്ടി വെച്ച കാലുകളിൽ വില പിടിച്ച ചെരിപ്പുകൾ. കൈയ്യിലുള്ള ടിന്നിൽ നിന്ന് സുപാരിയെടുത്ത് വായിലേയ്ക്കിട്ട് അയാൾ പറഞ്ഞു.

“ആനീവ്ൾ ഐ ഈവ് കാസ്റ്റ് ഓൺ ദിസ് ഹൗസ്.”

അയാൾ ഇംഗ്ലീഷിനു പകരം ഹിന്ദി സംസാരിച്ചിരുന്നെങ്കിൽ നന്നായിരുന്നു. അല്ലെങ്കിൽ ഗുജറാത്തി, അല്ലെങ്കിൽ മറാഠി; ഈ രണ്ടു ഭാഷകളും രാമചന്ദ്രനറിയില്ലെങ്കിൽ കൂടി. അതുപോലെ വസ്ത്രങ്ങളിലും കുറച്ചുകൂടി പൌരാണികത്വം ആവാമായിരുന്നു. ഇപ്പോൾ നരച്ച തലയുമായി അയാൾ ഒരു സിന്തറ്റിക് ജോത്സ്യനെപ്പോലെ തോന്നിച്ചു.

ഇത് ഈ കെട്ടിടത്തിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ നടക്കുന്ന നാലാമത്തെ മരണമാണ്. നാളെയ്ക്ക് ഒരു പക്ഷേ, അഞ്ചാമത്തേതും സംഭവിക്കും. അവിനാശ് വളരെ സീരിയസ്സായി കിടക്കുകയാണ്. ഒരു കാൽ നഷ്ടപ്പെട്ടിരിക്കുന്നു. തലയ്ക്കും വലിയ മുറിവു പറ്റിയിട്ടുണ്ട്. ഞാൻ കേട്ടതിൽ വെച്ച് അതിദാരുണമായ അപകടമാണിത്.

“ഇതൊരു ദൃഷ്ടിബാധ തന്നെയാണ്. അല്ലെങ്കിൽ ഈ കെട്ടിടത്തിൽ മാത്രം സംഭവിക്കാൻ?”

മേഹ്ത്ത സുപാരി ടിൻ തുറന്ന് വെളിച്ചത്തിലേയ്ക്ക് പിടിച്ച് എന്തോ തിരഞ്ഞു.

കെട്ടിടത്തിനു മുകളിൽ ആകാശത്തിൽ ബീഭത്സമായ ഒരു വലിയ കണ്ണ് തങ്ങി നിൽക്കുന്നു. രാമചന്ദ്രൻ ആലോചിച്ചു. ഒരു ഭീഷണിയായി, സാർവ്വത്രികമായ ഒരു ഭീതിയായി.

ഒരു പക്ഷേ, അവിനാശ് ഇപ്പോൾത്തന്നെ മരിച്ചിട്ടുണ്ടാകും. മേഹ്ത്ത പറഞ്ഞു.

“എനിക്ക് ആസ്പത്രിയിൽ പോണം.” രാമചന്ദ്രൻ പറഞ്ഞു.

“കാണാതിരിക്ക്യാണ് ഭേദം.” മേഹ്ത്ത പറഞ്ഞു.

അവിനാശ് രണ്ട് ബ്ലഡ് ട്രാൻസ് ഫ്യൂഷൻ കഴിഞ്ഞെന്നാണ് പറഞ്ഞു കേട്ടത്. ഹീയീസെ ടോട്ടൽ റെക്ക്. ഒരു സ്ക്കൂട്ടർ കൊണ്ട് ഇത്രയും മാരകമായ അപകടം ഉണ്ടാവുമെന്ന് ഊഹിക്കാൻ പറ്റുന്നില്ല. പക്ഷേ, മുമ്പിൽ നിന്ന് വന്നിടിച്ചത് ഇരുമ്പു ബാർ നിറച്ച ഒരു വലിയ ട്രക്കായിരുന്നു.

ഡോർ ബെൽ.

മേഹ്ത്തയുടെ മകൻ വാതിലിന്നടുത്തു തന്നെയാണ് ഇരുന്നത്. അയാൾ എഴുന്നേൽക്കാതെ മുന്നോട്ടാഞ്ഞ് വാതിൽ തുറന്നു.

മിസ്സിസ്സ് മൽഹോത്രയുടെ പന്ത്രണ്ടു വയസ്സുള്ള മകൾ. കയ്യിൽ ഒരു നീണ്ട കടലാസ്സുമുണ്ട്.

“അങ്കൾ ഒരു സംഭാവന തരു. പൂജക്കാണ്.”

“പൂജ?” അയാൾ നെറ്റി ചുളിച്ചു.

“അതെ അങ്കൾ. നാളെ ഒരു പൂജയുണ്ട്. പണ്ഡിറ്റ്ജി പറയുന്നത് ഈ വീടിന് എന്തോ ബാധ പറ്റിയിട്ടുണ്ടെന്നാണ്. അത് ഒഴിപ്പിക്കാൻ ഒരു പൂജയും ഹോമവും നടത്തണത്രെ.”

അവൾ നീട്ടിയ കടലാസ് അയാൾ വാങ്ങി വായിച്ചു. ലിസ്റ്റിൽ കുറെ പേരുകളുണ്ട്. ഓരോ പേരിനുമെതിരെ അവരുടെ ഫ്ളാറ്റ് നമ്പറും സംഭാവനത്തുകയും.

“എല്ലാവരും അയ്മ്പതു വീതം തന്നിട്ടുണ്ട്. അങ്കൾ ഒറ്റയ്ക്കല്ലെ. അപ്പോൾ ഇരുപത്തഞ്ചു തന്നാൽ മതി. നോക്കു മേഹ്ത്താജിയും തന്നിട്ടുണ്ട്.”

സ്വന്തം പേരെഴുതുന്നതിനിടയിൽ അയാൾ പറഞ്ഞു.

“ഞാനതിൽ വിശ്വസിക്കുന്നില്ല.”

“പൂജകൊണ്ട് വലിയ കാര്യമൊന്നുമില്ല.” ഹിരൺ മേഹ്ത്ത പറഞ്ഞു. “അതൊരു മനസ്സമാധാനത്തിനു മാത്രമാണ്. കാരണം നാം ചെയ്യുന്ന ഈ ചെറിയ പൂജകൾക്കൊന്നും ഈ വലിയ തേജോഗോളങ്ങൾ ഉണ്ടാക്കുന്ന ഫലത്തെ മാറ്റാൻ കഴിയില്ല. അവ താനേ ഗതിമാറുന്നവരെ ഇതൊക്കെ സഹിക്കയേ നിവൃത്തിയുള്ളു. വരാൻ പോകുന്നതൊക്കെ വരും. നമുക്കതിനു ഒന്നും ചെയ്യാൻ ഇല്ല. അവിനാശ് മുപ്പതാം വയസ്സിൽത്തന്നെ മരിക്കാനാണ് വിധിച്ചതെങ്കിൽ അയാൾ മുപ്പതാം വയസ്സിൽത്തന്നെ മരിക്കും. ഒരു പൂജകൊണ്ട് അതിനെ മാറ്റാൻ കഴിയില്ല. അതു പോലെ ആദിത്യൻ ആറാം വയസ്സിൽ ചെറിയച്ഛന്റെ പിന്നിൽ സ്ക്കൂട്ടറിൽ പോയി അപകടമുണ്ടായി മരിക്കാനാണ് വിധിച്ചതെങ്കിൽ അങ്ങനയേ വരു.”

മേഹ്ത്തയുടെ മകൻ നിവർന്നിരുന്നു. അയാൾക്ക് എന്തോ പറയാൻ കിട്ടിയ പോലെ.

“ശരിയാണ്,” അയാൾ പറഞ്ഞു. “അച്ഛൻ പറയുന്നതിൽ വാസ്തവമുണ്ട്. ജീവിതം പ്രോഗ്രാം ചെയ്ത ഒരു ടേപ്പ് മാതിരിയാണ്. ഒരു എൻസി മെഷീന്റെ ചലനങ്ങളെ നിയന്ത്രിക്കുന്ന മാതിരി. ഒരു വർക്ക് പീസിൽ നാലഞ്ച് ഓപ്പറേഷൻ വേണമെന്നു വെയ്ക്കു. നമ്മൾ എന്തു ചെയ്യുന്നു? ഈ ഓപ്പറേഷനെല്ലാം അതിന്റെ ശരിയായ അനുക്രമത്തിൽ ഒരു ടേപ്പിൽ രേഖപ്പെടുത്തുന്നു. ഒരിഞ്ചു വീതിയുള്ള ഒരു കടലാസു ടേപ്പിൽ വിവിധ സ്ഥാനങ്ങളിൽ ദ്വാരങ്ങളുണ്ടാക്കിയാണ് ഇത് ചെയ്യുന്നത്. തുടങ്ങിക്കഴിഞ്ഞാൽ മെഷിന്റെ സ്വയംപ്രേരിതമെന്നു തോന്നുന്ന എല്ലാ ചലനങ്ങളും ഈ ടേപ്പിൽ രേഖപ്പെടുത്തിയതിനെ ആശ്രയിച്ചിരിക്കും. ടേപ്പിൽ രേഖപ്പെടുത്തുന്നതാകട്ടെ പല അക്ഷങ്ങളിലും യന്ത്രത്തിന്റെ ചലനങ്ങളാണ്. എക്സ് അക്ഷത്തിൽ ഇത്ര ദൂരം സഞ്ചരിക്കണം, വൈ അക്ഷത്തിൽ ഇത്ര ദൂരം സഞ്ചരിക്കണം. സെഡ് അക്ഷമാകട്ടെ പണിയായുധത്തിന്റെ ചലനരേഖയാണ്. ഇങ്ങനെ ത്രിമാനചലനങ്ങൾ നമ്മൾ ടേപ്പിൽ രേഖപ്പെടുത്തി അതു വഴി യന്ത്രത്തിന് ആജ്ഞ നൽകുകയാണ് ചെയ്യുന്നത്. വർക്ക് പീസിൽ ഒരു നിശ്ചിത സ്ഥലത്ത് ഒരു നിശ്ചിത ഓപ്പറേഷൻ നടക്കാൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ സ്ഥലത്ത് കണിശമായും ആ ഓപ്പറേഷൻ തന്നെ നടക്കും.”

“മനുഷ്യനെ സംബന്ധിച്ചിടത്തോളം സെഡിനും പുറമെ ‘ടി’ എന്ന നാലാമത് ഒരു മാനം കൂടിയുണ്ട്. സമയം. ഈ ചതുർമാനത്തിൽ ഒരു നിശ്ചിത ദിവസം, നി

ശ്ചിത സമയത്ത് അവിനാശ് ഒരു നിശ്ചിതപഥത്തിൽ സ്ക്കൂട്ടർ ഓടിച്ചുപോകുന്നു. പിന്നിൽ ജ്യേഷ്ഠന്റെ മകൻ ആദിത്യനുമുണ്ട്...”

മിസ്സിസ് മൽഹോത്രയുടെ മകൾ പോയെന്നു രാമചന്ദ്രൻ മനസ്സിലാക്കി. അവൾ നന്ദി പറഞ്ഞതു കൂടിയില്ല. അതിനർത്ഥം അവൾ വല്ലാതെ പതറിയിട്ടുണ്ടെന്നാണ്.

മേഹ്ത്തയുടെ മകൻ സംസാരിക്കുകയായിരുന്നു.

“ആദിത്യൻ സാധാരണ അവിനാശിന്റെ ഒപ്പം സ്ക്കൂട്ടറിൽ പോകാറില്ല കാരണം മമ്മി സമ്മതിക്കാറില്ല. പക്ഷേ, ഇന്നു പോകട്ടെ എന്നു ചോദിച്ചപ്പോൾ ഒന്നും പറഞ്ഞില്ലത്രെ. മുടക്കാമായിരുന്നില്ലെ? മുടക്കാൻ പറ്റുമായിരുന്നില്ല, കാരണം ആദിത്യന്റെ ടേപ്പിൽ ഈ യാത്രയും അതിന്റെ ദാരുണമായ പരിസമാപ്തിയും കുറിച്ചു വെച്ചിട്ടുണ്ട്. അതനുസരിച്ചേ സംഭവങ്ങൾ നീങ്ങൂ. മനുഷ്യരാശിയുടെ ആകത്തുക നോക്കിയാൽ ഇതു വളരെ സങ്കീർണ്ണമാണ്.

സമയം എട്ടു മണിയായി. ഒരു പക്ഷേ, മീനാക്ഷി ടെറസ്സിൽ ഉണ്ടാവും. ഈ വിങ്ങിനിൽക്കുന്ന അന്തരീക്ഷത്തിൽ നിന്ന് രക്ഷപ്പെടണം. രാമചന്ദ്രൻ നക്ഷത്രങ്ങളെപ്പറ്റി ഓർത്തു. ടെറസ്സിൽ നിന്നാൽ അവയെ കാണാം.

സ്റ്റെയർ കേസിൽ മങ്ങിയ അശുഭമായ വെളിച്ചം. ടെറസ്സിൽ നക്ഷത്രങ്ങളും അശുഭമായ എന്തോ ഒന്ന് അറിയിച്ചു. നഗരത്തിന്റെ ദീപ്തി കാരണം നക്ഷത്രങ്ങൾ മങ്ങിയിരുന്നു. ഭീമാകാരനായ വേട്ടക്കാരനരികെ നിൽക്കുന്ന കാളയുടെ ചുവന്ന കണ്ണ് ബീഭത്സമായിരുന്നു. അയാൾ ഹിരൺ മേഹ്ത്ത പറഞ്ഞതോർത്തു. ഒരു പക്ഷേ, ഇതൊരു ദൃഷ്ടിബാധ തന്നെയായിരിക്കും. അല്ലെങ്കിൽ വിധി. കഴിഞ്ഞ ആറുമാസമായി നടന്ന അപകടങ്ങൾ അയാൾ ഓർത്തു. തുടങ്ങിവെച്ചത് മിസ്സിസ് മൽഹോത്രയുടെ ഭർത്താവാണ്. മിസ്സിസ് മൽഹോത്ര അത്ഭുതകരമായി രക്ഷപ്പെട്ട ആ കാറപകടത്തിനു ശേഷം മരിച്ചവരെല്ലാം ഏതെങ്കിലും തരത്തിൽ അപകടത്തിൽപ്പെട്ടു മരിച്ചവരാണ്.

മീനാക്ഷി ടെറസ്സിൽ എത്തുമെന്നയാൾക്കറിയാം. പലപ്പോഴും അയാളെ അത്ഭുതപ്പെടുത്താറുണ്ട്. രാമചന്ദ്രൻ ടെറസ്സിൽ വന്നാൽ അഞ്ചുമിനിറ്റിനകം അവളും എത്താറുണ്ട്. അയാളുടെ വാസനയാണത്രെ കാരണം.

“നീ വളരെ ഉത്തേജിപ്പിക്കുന്ന ഒരു വാസന പുറപ്പെടുവിക്കുന്നുണ്ട്. അത് അനുഭവപ്പെടുമ്പോഴാണ് ഞാൻ ടെറസ്സിൽ വരുന്നത്.”

പ്രതീക്ഷിച്ചപോലെ മീനാക്ഷി എത്തി. രാമചന്ദ്രനോട് ചേർന്ന് നിന്ന് അവൾ പറഞ്ഞു.

“എനിക്കു പേടിയാവുന്നു.”

“എന്തിന്?”

എത്ര മരണമായി അടുത്തടുത്തായി ഉണ്ടാവുന്നു? മുമ്പൊന്നും എനിക്ക് പേടിയുണ്ടായിരുന്നില്ല. ഇപ്പോൾ രാത്രി ടെറസ്സിലേക്കു വരാൻകൂടി പേടിയാവുന്നു. വളരെ അശുഭകരമായ എന്തോ ഒന്ന് എല്ലായിടത്തും തങ്ങി നിൽക്കുന്ന പോലെ. കടവാതിലുകൾ മരക്കൊമ്പിൽ തൂങ്ങിക്കിടക്കുന്നില്ലെ, അതുപോലെ. സംതിങ്ങ് വെരി ഓമിനസ്. ഇനിയും എന്തൊക്കെയോ സംഭവിക്കാൻ പോകുന്നെന്ന തോന്നൽ.

“ഒരപകടമുണ്ടായാൽ ഈ തോന്നൽ സാധാരണയാണ്.” രാമചന്ദ്രൻ പറഞ്ഞു. “അതിനെ കാര്യമായി എടുക്കേണ്ട ആവശ്യമില്ല.”

ഇതെനിക്കു മാത്രമുള്ളതല്ല. ഈ കെട്ടിടത്തിലെ എല്ലാവരും പറയുന്നു. പേടിച്ചിട്ടാണ് എല്ലാവരും ഇരിക്കുന്നത്. നാളെ ഒരു പൂജയുണ്ട്.

“എനിക്കറിയാം. ഡിംബ വന്ന് ഇരുപത്തഞ്ചുറുപ്പിക വാങ്ങിക്കൊണ്ടുപോയി.”

“പാവം ആ തള്ള. ഒരു ദിവസംകൊണ്ട് മകനും പേരക്കുട്ടിയും നഷ്ടപ്പെട്ടു.”

“അവിനാശ് മരിച്ചുവോ?”

“നീ അറിഞ്ഞില്ലെ? രണ്ടു മണിക്കൂറായി. ഇവരെല്ലാം ആസ്പത്രിയിൽ എത്തിയപ്പോഴേയ്ക്ക് മരിച്ചിരിക്കുന്നു. ഓർമ്മ തിരിച്ചു കിട്ടിയതുപോലുമില്ലത്രെ. അവരുടെ ഡ്രൈവർ വന്നു പറഞ്ഞതാണ്. ഇനി ഓർമ്മ വന്നാൽ തന്നെ ആദിത്യൻ മരിച്ചുവെന്നറിഞ്ഞാൽ മരിക്കാനായിരിക്കും അയാൾ ഇഷ്ടപ്പെടുക.”

കിഴവി പറയുന്നത്, അവനു മരിക്കാൻ സമയമായിട്ടുണ്ടാകും. പക്ഷേ, അവനെന്തിന് മുന്നയെ ഒപ്പം കൊണ്ടുപോയി എന്നാണ്. ആദിത്യന്റെ അമ്മയുടെ വിഷമമെന്തായിരിക്കും? അവർ മോനെ ചെറിയച്ഛന്റെ കൂടെ സ്കൂട്ടറിൽ പറഞ്ഞയക്കാറേയില്ല. ഇന്നു മാത്രം മോൻ പോട്ടെ എന്നു ചോദിച്ചപ്പോൾ ഒന്നും പറഞ്ഞില്ലത്രെ. ഭർത്താവ് സ്ഥലത്തില്ലതാനും. അദ്ദേഹം വരുമ്പോൾ ഞാൻ എന്താ ഉത്തരം പറയുക എന്നു ചോദിച്ചാണത്രെ അവർ കരയുന്നത്.

അയാളുടെ സ്ഥിതി ആലോചിക്കാതിരിക്യാ ഭേദം. മോൻ എന്നുവെച്ചാൽ ഭ്രാന്താണ്. ഓരോ പ്രാവശ്യവും പുറത്തുനിന്നു വരുമ്പോൾ എത്ര കളിസാമാനങ്ങളാണ് കൊണ്ടു വരുക. ഒരു പക്ഷേ, ഈ പ്രാവശ്യം കൊണ്ടു വരേണ്ട കളിസാമാനങ്ങളൊക്കെ വാങ്ങി വെച്ചിട്ടുണ്ടാകും. അപ്പോഴായിരിക്കും കമ്പി കിട്ടുന്നത്. സീരിയസ് എന്നു മാത്രമെ കമ്പിയടിച്ചിട്ടുള്ളു.

മരണം ആൾക്കാരെ വാചാലരാക്കുന്നു. രാമചന്ദ്രൻ ഓർത്തു. ആദ്യം മേഹ്ത്ത, പിന്നെ മകൻ. ഇപ്പോൾ മീനാക്ഷി. ഇവൾ സ്വതവേ അധികം സംസാരിക്കാറില്ല.

അയാൾ പറഞ്ഞു. “എനിയ്ക്ക് ആസ്പത്രിയിൽ പോണം.”

“നീ ഈ അസമയത്ത് ഇത്ര ദൂരെ പോവ്വാണോ?”

“സമയമെത്രയായിട്ടുണ്ടാവും?”

“ഒമ്പതു കഴിഞ്ഞിട്ടുണ്ടാവും.”

“സാരമില്ല. എനിക്കു പോകണം.”

“ഒരു പക്ഷേ, അവരെല്ലാം ആസ്പത്രിയിൽ കാണും.”

അയാൾ കോണിയിറങ്ങി. കോണിയിലെ വെളിച്ചം ഇത്ര മങ്ങിയതാണെന്നയാൾ മുമ്പ് മനസ്സിലാക്കിയിരുന്നില്ല. രണ്ടാമത്തെ നിലയിൽ ആദിത്യന്റെ വീട് പൂട്ടിയിട്ടിരുന്നു.

ആദിത്യന്റെ വീട്!

അയാൾ പെട്ടെന്നോർത്തു. ഈ വീട്ടിലെ എല്ലാവരുടെയും പേർ അറിയാവുന്നതാണെങ്കിലും, ആ വീട് അറിഞ്ഞിരുന്നത് ആദിത്യന്റെ വീടായാണ്. ആറു വയസ്സുള്ള തുടുത്ത് എപ്പോഴും ചിരിക്കുന്ന മുഖമുള്ള ആദിത്യൻ.

മനസ്സിൽ വേദന. മൂന്നുകൊല്ലം മുമ്പ് ഈ കെട്ടിടത്തിൽ നാലാം നിലയിൽ മേഹ്ത്താ കുടുംബത്തിന്റെ സഹപാർപ്പുകാരനായി വന്നപ്പോൾ ആദിത്യനെ ആദ്യം കണ്ടത് രാമചന്ദ്രൻ ഓർത്തു. മൂന്നു വയസ്സുള്ള അവൻ ചേച്ചിമാരുടെ കൈ രണ്ടു വശത്തും പിടിച്ച് കോണി കയറുകയായിരുന്നു. അയാൾ ധൃതിപിടിക്കാതെ അവ

രുടെ പിന്നാലെ കയറി. ഓരോ തിരിവിലും അവൻ തിരിഞ്ഞു നോക്കി. ഒരപരിചി തനെ കണ്ടപ്പോഴുള്ള ഭയവും താൽപര്യവും അവനിലുണ്ടായിരുന്നു. അയാൾ ചിരിച്ചപ്പോൾ അവൻ മുഖം തിരിച്ചു.

കോണിച്ചുവട്ടിൽ സ്ത്രീകൾ.

“അവളല്ലാതെ ചെറിയ കുട്ടിയെ സ്ക്കൂട്ടറിൽ വിടുമോ? പോണ വഴി കാണുക തന്നെ വേണം. വലിയ പൈപ്പിടാൻ വേണ്ടി റോഡുകൾ മുഴുവൻ കുഴിച്ചു വെച്ചിട്ടുണ്ട്.”

“അവൾ അങ്ങിനെ പറഞ്ഞയക്കാറൊന്നുമില്ല. പാവം ഇന്നുമാത്രം, മോൻ പോട്ടെ എന്നു ചോദിച്ചപ്പോൾ ഒന്നും പറഞ്ഞില്ലാത്രെ. അവന്റെ സമയമായിരിക്കുന്നു; അത്ര തന്നെ.”

“അതിനൊന്നും അർത്ഥമില്ല. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നാണ്. സൂക്ഷിച്ചില്ല; അത്രതന്നെ. ഞാനാണെങ്കിൽ എന്റെ മോനെ അങ്ങനെ ആരുടേയും ഒപ്പം സ്ക്കൂട്ടറിൽ പറഞ്ഞയക്കില്ല; എത്ര നിർബ്ബന്ധിച്ചാലും പോണംന്ന് നിർബ്ബന്ധമാണെങ്കിൽ ബസ്സിൽ പൊയ്ക്കൊള്ളാൻ പറയും.”

“നോക്കു അവനും പോകണമെന്നുണ്ടായിരുന്നില്ല, വാസ്തവത്തിൽ. അപ്പോൾ ചേച്ചിമാരുടെ ഒപ്പം കളിക്കാൻ പ്ലാൻ ചെയ്തിരിക്കയായിരുന്നു. അവൻ വരുന്നില്ലെന്നു പറഞ്ഞതാണ്. പിറ്റേന്ന് സ്ക്കൂൾ പൂട്ടുകയാണ്. അപ്പോൾ അവിനാശ് ചോദിച്ചു, നീ പിണക്കമാണോ എന്ന്. നിനക്ക് മുത്തച്ഛനേയും അമ്മൂമ്മയേയും കാണണ്ടെ എന്ന്. ആദിത്യന്ന് ആരേയും പിണക്കാൻ വയ്യ. അവൻ ഉടനെ പറഞ്ഞു വരാമെന്ന്, ഇപ്പോഴെന്തായി? അവൻ എല്ലാവരോടും പിണക്കമായില്ലേ?”

മരണം ആൾക്കാരെ വാചാലരാക്കുന്നു. രാമചന്ദ്രൻ വീണ്ടും ഓർത്തു. സംസാരിക്കാത്തവരാകട്ടെ, ഹൃദയത്തിൽ അലറുന്നു.

ആസ്പത്രിയുടെ പ്രധാന വാതിലിനു മുകളിൽ പുറത്ത് കാഷ്വാൽട്ടി എന്ന് ചുവന്ന വലിയ നിയോൺ ലിപികളിൽ എഴുതി വെച്ചിരുന്നു. അയാൾ ഉള്ളിൽ കടന്നു. ഹാൾ വിജനമായിരുന്നു. ചുവരിൽ വച്ച ഇലക്ട്രോണിക് ക്ലോക്കിൽ സമയം പത്ത്. അകത്തേയ്ക്കുള്ള ഇടനാഴികയിലേക്കുള്ള വാതിൽക്കൽ കസേരയിൽ ഇരുന്ന കോൺസ്റ്റബിളിനോട് അയാൾ ചോദിച്ചു.

“അപകടത്തിൽ മരിച്ചവരെ എവിടെയാണ് കിടത്തുക?”

“എന്താണ്?” കോൺസ്റ്റബിൾ ചോദിച്ചു.

“സ്ക്കൂട്ടർ അപകടത്തിൽ രാവിലെ മരിച്ചവരെ എവിടെയാണ് കിടത്തിയിരിക്കുന്നത്? രണ്ടുപേർ. ഒന്ന് ഒരു കുട്ടിയാണ്. അവൻ അപ്പോൾത്തന്നെ മരിച്ചു. മറ്റയാൾ വൈകുന്നേരമാണ് മരിച്ചത്. ഒരു പക്ഷേ, അഞ്ചു മണിക്ക്.”

“വരു” എഴുന്നേറ്റുകൊണ്ട് അയാൾ പറഞ്ഞു. “അവർ ഒരു പക്ഷേ, ദോ നമ്പറിലാണുണ്ടാകുക. ഇവിടെ നിന്ന് പുറത്തു കടക്കുക. നേരെ പോയി വലത്തോട്ടു തിരിയുക. അടുത്ത കെട്ടിടത്തിന്റെ അടുത്ത് വീണ്ടും വലത്തോട്ട്, പിന്നെ ഇടത്തോട്ട്. അവിടെ ഒറ്റപ്പെട്ട ഒരു കെട്ടിടം കാണാം. അതാണ് രണ്ടാം നമ്പർ.”

രാമചന്ദ്രൻ നടന്നു. കോൺസ്റ്റബിൾ പറഞ്ഞു തന്ന വഴി വളരെ കുഴക്കുന്നതായിരുന്നു. എവിടെ വെച്ചാണ് വലത്തോട്ടു തിരിയേണ്ടതെന്നു മനസ്സിലായില്ല. ആദ്യം കണ്ട തിരിവിൽ ശ്രമിക്കാം. പിന്നെ ഇടത്തോട്ട്. മുമ്പിൽ കണ്ട കെട്ടിടത്തിൽ അയാൾ കടന്നു. നീണ്ട ഇടനാഴികയിലൂടെ നടന്നപ്പോൾ അയാൾ മനസ്സി

ലാക്കി, അത് ഓർത്തോപ്പീഡിക് വാർഡാണെന്ന്. വാർഡ് നമ്പർ നാല്. രണ്ടാം നമ്പർ അടുത്തെന്ന വിചാരത്തോടെ അയാൾ നടന്നു. വാർഡ് നമ്പർ മൂന്ന്. പിന്നെ ഇടനാഴിക പെട്ടെന്ന് അവസാനിക്കുന്നു.

"വീണ്ടും ഡ്യൂട്ടിയിലിരുന്ന വേറൊരു പോലീസുകാരൻ."

"രണ്ടാം നമ്പറോ?"

"അതെ."

"വന്ന വഴിക്കുതന്നെ പുറത്തിറങ്ങുക. പിന്നീട് ഇടത്തോട്ട് തിരിഞ്ഞ് നേരെ നടക്കുക. വേറൊരു ഗേയ്റ്റിലെത്തും. അവിടെ ഒരു വാച്ച്മാനെ കാണാം. അതിനു മുമ്പിലുള്ള കെട്ടിടമാണ് ദോ നമ്പർ."

വീണ്ടും യാത്ര. തിരിച്ച് ഇടനാഴികയിലൂടെ അയാൾ ഹാളിലേക്കു നോക്കി. നിറയെ രോഗികൾ. വെള്ള വിരിയിട്ട കട്ടിലുകളിൽ അവർ കിടക്കുന്നു. പെട്ടെന്ന് ആസ്പത്രിയുടെ മണം അയാൾക്കനുഭവപ്പെട്ടു, ഒപ്പം ഈ മണം സ്വയം അറിയാതെ, തന്നെ ശല്യപ്പെടുത്താൻ തുടങ്ങിയിട്ട് കുറച്ചു സമയമായെന്നും അയാൾ മനസ്സിലാക്കി.

"എവിടെയാണ് ദോ നമ്പർ? പുറത്ത് ആരുമുണ്ടായിരുന്നില്ല. വെളിച്ചം കുറവായിരുന്നു. കെട്ടിടങ്ങളുടെ ഇടയിലൂടെ നടക്കുമ്പോൾ രാമചന്ദ്രൻ ആലോചിച്ചു. ഞാൻ എന്തിനിവിടെ കറങ്ങുന്നു? മരിച്ചവർ തന്റെ ആരാണ്? ഒരേ കെട്ടിടത്തിൽ താമസിക്കുന്നവർ, മൂന്നുവർഷമായി കണ്ടു പരിചയമുണ്ട്. അതിനപ്പുറം എന്താണ് ബന്ധം?"

രാമചന്ദ്രൻ ഓർത്തു. വാതിൽക്കൽ ബെല്ലടിക്കാതെ താഴത്തായി നേർത്ത മുട്ടൽ കേൾക്കുമ്പോൾ അറിയാം അത് അയാൾ പ്രതീക്ഷിക്കുന്ന കൊച്ചുകുട്ടിയുടേതാണെന്ന്. ചുവട്ടിൽ നിന്ന് രണ്ടു നിലകൾ ഒറ്റയ്ക്കു കയറി വരുന്ന ആ മൂന്നു വയസ്സുകാരൻ ചോദിയ്ക്കും.

"അങ്ക്ൾ, ടാഫീ!"

അയാൾ ചോദിക്കും. "ടാഫി തന്നാൽ നീ അങ്ക്ളിന്ന് എന്താണ് തരുക?"

"മേ പപ്പി ദേദുംഗാ." അവൻ പറയും "ഉമ്മ തരാം."

"നീ നിന്റെ ഉമ്മകൾകൊണ്ട് സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുമല്ലൊ!"

ഓർമ്മയിൽ അയാൾ ചിരിച്ചു. ആ ചിരി പെട്ടെന്നു വറ്റുകയും ചെയ്തു. ഒരു നാൽക്കവലയിൽ എത്തിയിരിക്കുന്നു. എന്തിനാണ് നടക്കുന്നതെന്ന് അയാൾ ഓർത്തു. എല്ലാ തിരിവിലും ഒരാൾക്ക് ഒരു തീരുമാനമെടുക്കേണ്ടതുണ്ട്. ഇടതു വശത്ത് നേരെ പോയാൽ പ്രധാന ഗേയ്റ്റ്. അയാൾക്ക് ഇടത്തോട്ടു തിരിഞ്ഞ് ഗേയ്റ്റിലൂടെ പുറത്തു കടക്കാം. വീട്ടിലേക്ക് തിരിച്ചു പോകാം. അല്ലെങ്കിൽ വലത്തോട്ടോ നേരിട്ടോ നടന്ന് വീണ്ടും അന്വേഷിക്കാം.

പിന്നിൽനിന്നു വന്ന ഒരു വാർഡ് ബോയിയോട് അയാൾ ചോദിച്ചു.

"എവിടെയാണ് ദോ നമ്പർ?"

"ദോ നമ്പർ? നിങ്ങളുടെ ആരാണ് മരിച്ചത്?"

സാധാരണ നിലയിൽ അയാൾക്ക് ദ്വേഷ്യം പിടിച്ചേനെ. പക്ഷേ, ഈ മങ്ങിയ വെളിച്ചത്തിൽ, ആസ്പത്രിയുടെ മണം ചൂഴ്ന്നുനിൽക്കുന്ന അന്തരീക്ഷത്തിൽ, മരണത്തിന്റെ സന്നിധിയിൽ അയാൾക്കു ദ്വേഷ്യം പിടിക്കാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു.

"എന്റെ സ്നേഹിതൻ."

"ഇതാ, തൊട്ടു മുമ്പിൽ, ഈ കാണുന്നതാണ് ദോനമ്പർ. അതാ വാച്ച്മാൻ ഇരിക്കുന്നു. അവനോട് പറഞ്ഞാൽ മതി, അവൻ കാണിച്ചു തരും."

വാർഡ്ബോയ് ഒരു മൂളിപ്പാട്ടുമായി പൊയ്ക്കഴിഞ്ഞു. ഇതിത്ര അടുത്താണെന്ന യാൾ അറിഞ്ഞില്ല. കാലുകൾ തരിച്ചുപോയി. അയാൾ പ്രയാസപ്പെട്ടു നടന്നു. കെട്ടിടം ഇരുണ്ടു കണ്ടു. പുറത്തു കയ്യുള്ള കസാലയിൽ ഇരുന്ന വാച്ച്മാൻ അയാൾ അടുത്തു ചെന്നപ്പോൾ എഴുന്നേറ്റു. അയാൾ ചോദിച്ചു. ഇതല്ലേ ദോ നമ്പർ?

"അതെ സാബ്, എന്താണ് വേണ്ടത്?"

"രാവിലെ ഒരു സ്ക്കൂട്ടർ അപകടത്തിൽ രണ്ടുപേർ മരിച്ചിരുന്നു." അയാൾ പറഞ്ഞു.

"വരു," വാച്ച്മാൻ പറഞ്ഞു, മുമ്പിൽ നടന്നു.

അത് ഒരു അസ്ബസ്റ്റോസ് മേഞ്ഞ വലിയ ഷെഡ്ഡായിരുന്നു. അതിനകത്തേയ്ക്ക കടന്ന ഒരാൾ കാണുക നമ്പർ 2 എന്ന് വലിയ അക്ഷരത്തിൽ എഴുതിവെച്ചതാണ്. പിന്നെ നോക്കുന്നിടത്തെല്ലാം ആ അക്കം എഴുതിവെച്ചിരിക്കുന്നു. തൂണുകളിൽ ചുവരിൽ, കൌണ്ടറുകളുടെ ഇടയിൽ. നാലഞ്ചു കൌണ്ടറുകളിൽ തലയിട്ടു നോക്കിയ വാച്ച്മാൻ പറഞ്ഞു.

ക്ലാർക്ക് ചായ കുടിക്കാൻ പോയതായിരിക്കും. ഇപ്പോൾ വരും. അവരുടെ ലിസ്റ്റിൽ പേരുണ്ടാവും. ഈ ആസ്പത്രിയിൽ കണ്ടുപിടിക്കാൻ എളുപ്പമാണ്.

കൌണ്ടറുകൾക്കു മുകളിൽ ഫാൻ കറങ്ങിയിരുന്നു. ഒരു പക്ഷേ, ക്ലാർക്ക് വേഗം വരുമായിരിക്കും. ആ അന്തരീക്ഷത്തിൽ, അനിശ്ചിതത്വത്തിൽ കാത്തു നിൽക്കുക വിഷമമായിരുന്നു.

"എപ്പോൾ മരിച്ചുവെന്നാണ് പറഞ്ഞത്?"

"രാവിലെ പത്തു മണിക്കോ മറ്റോ ആണ്. അപകടമുണ്ടായത്. കുട്ടി അപ്പോൾ തന്നെ മരിച്ചു. കുട്ടിയുടെ ചെറിയച്ഛനെ ഈ ആസ്പത്രിയിൽ അഡ്മിറ്റ് ചെയ്തിരുന്നു. അഞ്ചു മണിക്കോ മറ്റോ ആണ് അയാൾ മരിച്ചത്."

പെട്ടെന്ന് ആദിത്യന്റെ വീട്ടുകാർ ശവശരീരങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ടാകുമെന്ന യാൾ ഓർത്തു. അവർ ഏഴുമണിക്കുതന്നെ ആസ്പത്രിയിലേയ്ക്ക് പുറപ്പെട്ടിരുന്നു. പോലീസ് ഓഫീസർ അപ്പോഴാണവിടെ വന്നു പറഞ്ഞത്.

ഒരു പക്ഷേ, ശവശരീരം ബന്ധുക്കൾ ഏറ്റുവാങ്ങിയിട്ടുണ്ടാകും. രാമചന്ദ്രൻ പറഞ്ഞു. അവർ രണ്ടു മൂന്നു മണിക്കൂർ മുമ്പ് ഇവിടെ വന്നിരുന്നു.

"ആഹാ, അവരാണോ? ഒരു വലിയ കാറിൽ. രണ്ടു തടിച്ച സ്ത്രീകളും. രണ്ടു ചെറുപ്പക്കാരും, പിന്നെ രണ്ടു പെൺകുട്ടികളും? വരു, എനിക്കറിയാം."

രാമചന്ദ്രൻ അയാളുടെ പിന്നാലെ നടന്നു. കൌണ്ടറുകൾക്കുമപ്പുറത്ത് വെളിച്ചം തീരെയില്ലാത്ത ഒരു കോലായിലേക്ക് വാച്ച്മാൻ കയറി. കാക്കി ട്രൌസറിന്റെ കീശയിൽ നിന്ന് താക്കോൽക്കൂട്ടമെടുത്ത് എളുപ്പത്തിൽ തിരഞ്ഞെടുത്ത താക്കോൽ മുമ്പിലുണ്ടായിരുന്ന വലിയ ലോഹവാതിലിന്റെ ദ്വാരത്തിലൂടെ തിരിച്ചു. പിന്നെ പിടി തിരിച്ച് കനമുള്ള വാതിൽ പുറത്തേയ്ക്കു തുറന്നു.

രാമചന്ദ്രൻ ഞെട്ടിപ്പോയി. ഒരു തണുത്ത കാറ്റ് അയാളുടെ മുഖത്തടിച്ചു. മുമ്പിൽ കണ്ട ചെറിയ മുറിയിൽ നിലത്ത് വെളുത്ത തുണിയിൽ ആസകലം മൂടിക്കെട്ടിയ ശരീരങ്ങൾ നെടുനീളത്തിൽ കിടത്തിയിരിക്കുന്നു. നാലു ശരീരങ്ങൾ നിലത്ത് ഒരേ അകലത്തിൽ. അതിനു പിന്നിൽ റാക്കിൽ ഒരു ചെറിയ നീണ്ട പൊതി. അയാ

ളുടെ ഞെട്ടൽ അടങ്ങിയിരുന്നില്ല. മരണം ഇത്ര തൊട്ടു മുമ്പിൽ കാണുമെന്ന പ്രതീക്ഷ രാമചന്ദ്രനില്ലായിരുന്നു. അയാളുടെ ഭാവനയിൽ വീണ്ടും ഇടനാഴികകളും, തുറക്കപ്പെടേണ്ട ഇരുണ്ട വാതിലുകളുമായിരുന്നു. പക്ഷേ, ഇപ്പോൾ മരണം അയാൾക്കു തൊട്ടു മുമ്പിൽ വാസ്തവമായി തണുത്ത് പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

വാച്ച്മാൻ അകത്തേക്കു കടന്ന് നടുവിൽ കിടത്തിയ ശരീരത്തിനു മുകളിൽ വെച്ച കാർഡ് എടുത്ത് രാമചന്ദ്രനു കൊടുത്തു. അതിൽ എഴുതിയിരുന്നു. അവിനാശ് (അൺനോൺ).

കാർഡ് തിരിച്ചു കൊടുത്ത് അയാൾ ചോദിച്ചു.

“കുട്ടിയുടെ ദേഹം ഏതാണ്?”

വാച്ച്മാൻ റാക്കിൽ വെച്ച പൊതി ചൂണ്ടിക്കാട്ടി. “ഇതാ.”

അതിത്ര ചെറുതാവുമെന്ന് രാമചന്ദ്രൻ ഓർത്തില്ല. വാച്ച്മാൻ അവിനാശിന്റെ മുഖത്തെ കെട്ടഴിക്കാൻ ഭാവിച്ചുകൊണ്ടു പറഞ്ഞു. “മുഖം കാണണ്ടെ?”

“വേണ്ട.”

അഴിക്കാൻ തുടങ്ങിയ കെട്ടുകൾ വീണ്ടും കെട്ടി വാച്ച്മാൻ പുറത്തു കടന്നു വാതിലടച്ചു. മരണത്തിന്റെ മരവിപ്പിക്കുന്ന തണുപ്പ് ഒരു നിമിഷനേരത്തേക്കു മാത്രം. പിന്നെ പുറത്തെ ചൂട്.

പുറത്തു കടക്കുമ്പോൾ വാച്ച്മാൻ ചോദിച്ചു.

“മരിച്ചുപോയവരുടെ ആരാണ് നിങ്ങൾ?”

“ആരുമല്ല.”

രണ്ടാം നമ്പറിന്റെ അരുകിലൂടെ പുറത്തേയ്ക്കു വഴിയുണ്ടായിരുന്നു. ആസ്പത്രിക്കു പുറത്ത് പ്രകാശമയമായ ലോകമായിരുന്നു. തെരുവുവിളക്കുകൾ, വാഹനങ്ങൾ, ആൾക്കാർ. ഒരു ഇരുട്ടറയിലിരുന്ന് ചുമരിലെ ചെറിയ വിള്ളലിലൂടെ പുറത്തെ ലോകം നോക്കിക്കാണുന്ന പോലെ അയാൾ ഗെയ്റ്റിൽ നിന്നു കൊണ്ട് അത്ഭുതത്തോടെ നോക്കി.

പിന്നിൽ വാച്ച്മാനും, അയാൾക്കു പിന്നിൽ ഇരുണ്ടമുറിയിൽ വെളുത്ത തുണിയിൽ പൊതിഞ്ഞുവെച്ച തണുത്ത ശരീരങ്ങളുമുണ്ടായിരുന്നു.

അയാൾ ഹിരൺ മേഹ്ത്ത പറഞ്ഞതോർത്തു. അയാളുടെ മകൻ പറഞ്ഞതോർത്തു. പാപഗ്രഹങ്ങളുടെ ദൃഷ്ടിക്കും വിധിനിശ്ചയ വിശ്വാസങ്ങൾക്കും, ചതുർമാനക്കളരിയിലെ മുൻകൂട്ടി ക്രമപ്പെടുത്തിയ ജീവിതങ്ങൾക്കും അപ്പുറത്ത് അതിനെല്ലാം അതീതമായ സുനിശ്ചിതമായ, പ്രവാച്യമല്ലാത്ത മരണം അയാൾ കണ്ടു.

തിരിച്ച് വീട്ടിലേക്കുള്ള കോണി കയറുമ്പോൾ രണ്ടാം നിലയിൽ ആദിത്യന്റെ വീട് അപ്പോഴും പൂട്ടിക്കിടന്നിരുന്നു. പൂട്ടിയ താഴിനു മുകളിൽ പൂജക്കുള്ള പൂക്കളുടെ പൊതി വെച്ചിരുന്നു. അവരെല്ലാം എവിടെ പോയിരിക്കുന്നുവെന്ന് അയാൾ അത്ഭുതപ്പെട്ടു. ഒരു പക്ഷേ, ഭർത്താവിന്റെ വീട്ടിലേക്കു പോയിരിക്കും. അങ്ങിനെയാണെങ്കിൽ ഇനി കുറെ ദിവസം കഴിഞ്ഞേ വരികയുണ്ടാവൂ. അവർ വരുന്നവരെ ഈ പൂക്കൾ അവിടെ ഇരിക്കുമായിരിക്കും.

അല്ലെങ്കിൽ മരണത്തിനും പൂക്കൾക്കും തമ്മിൽ എന്താണ് ബന്ധം?

# കോമാളി

രാത്രി കിടക്കുന്നതിനുമുമ്പ് വാർഡ്റോബ് തുറന്നുവെച്ചുകൊണ്ട് മായ ചോദിച്ചു. “ഇന്ന് നിന്റെ മൂഡ് എന്താണ്?”

ഇത് സാധാരണ ചോദ്യമാണ്. അയാൾ വളരെ ഇഷ്ടപ്പെടുന്നതും. അതിന്റെ മറുപടി അനുസരിച്ചായിരിക്കും അവളുടെ കിടപ്പുവസ്ത്രം തിരഞ്ഞെടുക്കൽ.

അയാൾ പറയും ചുവന്ന പൂക്കളുള്ള പച്ച നൈറ്റി. അല്ലെങ്കിൽ പിങ്ക് സീത്രൂ നൈറ്റി. അതുമല്ലെങ്കിൽ പറയും, എനിക്കുറക്കം വരുന്നു.

സുഗതൻ പറയുന്നത് അപ്പടി മുഖവിലയ്ക്ക് എടുക്കുന്നതും കുഴപ്പമാണെന്ന് അവൾക്കറിയാം. അതുകൊണ്ട് പരിതഃസ്ഥിതികൾ ആകെയൊന്നു പഠിച്ച് അവളുടേതായ ഒരു തീരുമാനം എടുക്കും. മോൾ ഉറങ്ങിയിട്ടുണ്ടോ എന്നു നോക്കും. അത് വളരെ പ്രധാനപ്പെട്ടതാണ്. സ്വന്തം ആവശ്യവും തൂക്കി നോക്കും. ഇന്നു വേണോ? പിന്നെ എല്ലാം അവസാനം ഒത്തു വന്നാൽ അവൾ ഒരു തീരുമാനത്തിലെത്തും. ഭർത്താവ് ഉറക്കം വരുന്നെന്നു പറയുന്നതൊന്നും അവൾ കാര്യമാക്കാറില്ല. കാരണം അങ്ങനെ പറഞ്ഞ പല രാത്രികളിലും, അയാൾ ഉറങ്ങിയിട്ടുണ്ടാകുമെന്നു കരുതി ശബ്ദമുണ്ടാക്കാതെ അടുത്തുപോയി കിടന്നാൽ കൈകൾ നീണ്ടു വരുന്നത് അവൾക്കറിയാം. പിന്നെ ഇരുട്ടിൽ അഴിക്കാൻ വിഷമമായ ഹുക്കുകളെ പിരാകുന്നതും കേൾക്കാം.

മായയുടെ ഈ കണക്കു കൂട്ടലുകളെല്ലാം അയാൾക്കറിയാം. അതുകൊണ്ട് അയാൾ പറഞ്ഞു. “ഇന്നു തീരെ മൂഡില്ല.”

“എന്തുപറ്റി?”

“ഓഫീസിൽ, സാധാരണ മാതിരി, ബോസ്സുമായി കലഹം.”

“നീ എന്തിനാണ് അയാളുമായി അടിപിടികൂടി നിൽക്കുന്നത്.”

മായ ജനലുകളുടെ കർട്ടൻ നീക്കി, ഗാലറിയിലേക്കുള്ള വാതിലടച്ച് സാരി അഴിച്ചു മടക്കി വെച്ചു. പിന്നിൽ കൈ കൊണ്ടുപോയി ബ്ലൗസിന്റെ ഹുക്കുകൾ ഓരോന്നായി അഴിച്ചു. പിന്നെ പാവാടയുടെ ചരട് അഴിച്ചു. പാവാട അഴിഞ്ഞു വീണപ്പോൾ അവളുടെ ഭംഗിയുള്ള കാലുകൾ അയാൾ കിടക്കയിൽ ചാരിയിരുന്ന് ശ്രദ്ധിച്ചു. വാർഡ്റോ ബിൽ നിന്ന് പച്ച നൈറ്റിയെടുത്ത് അവൾ തലയിൽക്കൂടി ഇട്ടു.

“നീയെന്നെ പ്രലോഭിപ്പിക്കുകയാണോ?”

“ഞാൻ കല്യാണത്തിനു മുമ്പ് ഒരു കാബറെ ഡാൻസർ ആയിരുന്നു.”

“എനിക്ക് ചിലപ്പോൾ തോന്നാറുണ്ട്.”

അവൾ വിളക്കണച്ച് അയാളുടെ അരികിൽ വന്നു കിടന്നു. അയാളെ ഒരു കുട്ടിയെപ്പോലെ തന്നോടു ചേർത്ത് ലാളിച്ച് അവൾ ചോദിച്ചു. “പറയൂ, ഇന്ന് എന്താണുണ്ടായത്?”

മറുപടി പറയുക വിഷമമാണ്. ഒരു സംഭവം വേറൊരാളോട് ഒന്നും ചോർന്നു പോകാതെ പറയാൻ അയാൾക്കു കഴിയാറില്ല. ഒന്നുകിൽ അതിന്റെ കാര്യമായ വശങ്ങളെല്ലാം ചോർന്നു പോയിട്ടുണ്ടാകും. അപ്പോൾ സംഭവത്തിന്റെ ഗൗരവവും പ്രാധാന്യവും നഷ്ടപ്പെടുന്നു. അല്ലെങ്കിൽ എന്താണ് സംഭവത്തിനു കാരണമെന്നു തന്നെ അയാൾ മറന്നിട്ടുണ്ടാവും. പലപ്പോഴും കാരണത്തിനു വേണ്ടി മണിക്കൂറുകൾ തന്നെ ആലോചിക്കാറുണ്ട്.

അയാൾ പറഞ്ഞു. എനിക്കോർമ്മയില്ല.

അവൾ അയാളെ ആശ്വസിപ്പിച്ചു. "സാരല്യ കുട്ടി." തുടർന്ന് അയാളുടെ ഷർട്ട് തലോടിക്കൊണ്ടു പറഞ്ഞു. "നിനക്ക് ഉഷ്ണിക്കിണില്ല്യെ ഈ കട്ടിയുള്ള ഷർട്ടൊക്കെ ഇട്ടിട്ട്?"

അയാൾ ചിരിച്ചുകൊണ്ട് ആലോചിച്ചു. ഇതിന്റെയൊക്കെ അവസാനം എന്താവുമെന്ന് എനിക്കറിയാം.

അവൾ ഓരോന്നോരോന്നായി ഷർട്ടിന്റെ കുടുക്കുകൾ അഴിച്ചു.

അയാൾ അപ്പോഴും മനസ്സിലെ മുറുക്കത്തിന്റെ കാരണം കണ്ടുപിടിക്കാൻ ശ്രമിക്കുകയായിരുന്നു. ഇനി അതിന്റെ കാരണം കണ്ടുപിടിച്ചാലെ അയാൾക്കു സമാധാനമാവൂ. ഒരു കയറിൽപ്പിടിച്ച് വഴി മനസ്സിലാക്കുന്ന പോലെ, പിന്നിലേക്ക് നടന്ന് ഓരോ സംഭവങ്ങളെ വിശകലനം ചെയ്ത് എന്താണ് മനസ്സിനെ അസ്വസ്ഥമാക്കിയതെന്ന് കണ്ടുപിടിച്ചാൽ മനസ്സിലെ മുറുക്കം താനേ അയഞ്ഞുവരും. ഓഫീസിൽ ബോസ്സുമായുണ്ടായ കലഹത്തെപ്പറ്റി ആലോചിച്ചു. ആ സാധാരണ സംഭവം തന്നെ അസ്വസ്ഥനാക്കിയിട്ടില്ലെന്നു മനസ്സിലായി. സംസാരത്തിന്റെ അവസാനം അയാൾ ക്ഷമ യാചിച്ചില്ലെങ്കിലും, ചുണ്ടു കോട്ടി ചുമൽ കുലുക്കിയതിൽ നിന്ന് താൻ പറഞ്ഞത് അയാൾ സമ്മതിച്ചുതന്നെന്ന് വന്നു.

സുഗതന് നീതിയോട് വളരെ ബഹുമാനമായിരുന്നു. നീതി തകിടം മറയുന്നത് അയാൾക്ക് നോക്കി നിൽക്കാൻ പറ്റില്ല. മറ്റുള്ളവരുമായുള്ള ഉരസൽ മിക്കവാറും ഈ കാരണം കൊണ്ടായിരുന്നു.

അവൾ ചോദിച്ചു. "ബോസ്സ് എന്തു പറഞ്ഞു?"

ബോസ്സുമായുള്ള വഴക്കിൽ ഒന്നും സംഭവിച്ചിട്ടില്ല. അവസാനം അയാൾക്ക് മനസ്സിലായി, താൻ പറഞ്ഞതു തന്നെയാണ് ശരിയെന്ന്. വേറെ എന്തോ ആണ് തന്നെ വിഷമിപ്പിക്കുന്നത്.

"എന്താണെന്ന് ആലോചിച്ചു നോക്ക്. അതു കണ്ടുപിടിച്ചില്ലെങ്കിൽ ഇന്ന് നിന്നെക്കൊണ്ട് എനിക്ക് പ്രയോജനമൊന്നുമില്ല."

ഇതിനകം അവൾ അയാളുടെ ഷർട്ടുമാത്രമല്ല, ഉഷ്ണിച്ചേക്കാവുന്ന എല്ലാ വസ്ത്രങ്ങളും അഴിച്ചു മാറ്റിയിരുന്നു. വികാരം അയാളിൽ അപ്പോഴും ഉണരാതെ നിന്നു. അയാൾ വീണ്ടും ആലോചിച്ചു. അപ്പോൾ പിടി കിട്ടി; ബസ്സിൽ കണ്ടക്ടറുമായുള്ള വഴക്ക്. അവിടെയും കാരണം നീതിക്കു പറ്റിയ പരുക്കു തന്നെ.

"ഇന്ന് ബസ്സിൽ കണ്ടക്ടറുമായി വഴക്കുണ്ടായി." അയാൾ പറഞ്ഞു.

"എന്തിന്? നീ ഇങ്ങനെ എല്ലാവരുമായി അടിപിടിക്കു നിന്നോ."

അവൻ സ്റ്റോപ്പിൽ ബസ്സു നിർത്തിയില്ല. ധാരാളം സ്ഥലമുണ്ടായിരുന്നു. നാലഞ്ച് ആൾക്കാർ ഇറങ്ങാനുമുണ്ടായിരുന്നു. ഇറങ്ങാനുള്ളവരെ ഇറക്കാനായി ബസ്സ് പത്തുപതിനഞ്ചു വാര അകലെ നിർത്തി. സ്റ്റോപ്പിൽ ഒരു വയസ്സനുണ്ടായിരുന്നു.

തിരക്കുള്ള നാലഞ്ചു ബസ്സുകൾക്കു ശേഷമാണ് കുറച്ചെങ്കിലും ഒഴിവുള്ള ഈ ബസ്സ് വന്നത്. അത് കിട്ടാനായി സ്റ്റോപ്പിൽ നിന്ന് എല്ലാവരും ഓടി. ഒപ്പം ആ വയസ്സനും. ഓടുന്ന വഴിക്ക് അയാൾ തടഞ്ഞു വീണു. അയാളുടെ മകൻ അയാളെ താങ്ങിയെടുത്ത് ടാക്സി പിടിച്ചു പോയി. ഞാനും ഓടി ബസ്സിൽ കയറി കണ്ടക്ടറെ ചീത്ത പറഞ്ഞു. ബസ്സിൽ സ്ഥലമില്ലാത്തതുകൊണ്ടാണ് നിർത്താത്തതെന്ന് അവൻ പറഞ്ഞു. പത്തൊമ്പത് ആൾക്കാർക്ക് നിന്നു സഞ്ചരിക്കാനുള്ള ബസ്സാണിതെന്ന് എഴുതിയത് കാണിച്ചു കൊടുത്തു. അഞ്ചുപേർ ഇറങ്ങിയപ്പോൾ പിന്നെ നാലഞ്ചുപേരെ ബസ്സിൽ നിന്നിരുന്നുള്ളു. അവൻ മാപ്പു ചോദിച്ചാൽ മതിയായിരുന്നു. അതുചെയ്യാതെ വീണ്ടും തട്ടിക്കയറി. ഞാൻ അവന്റെ നമ്പർ എടുത്തിട്ടുണ്ട്. നാളെ കംപ്ലെയിന്റ് അയക്കണം. അവർ നടപടിയെടുക്കാതിരിക്കില്ല.

"ആ കിഴവൻ വീണതാണ് നിനക്കിത്ര ദ്വേഷ്യം പിടിക്കാൻ കാരണം."

"അതു മാത്രമല്ല. ഇത്രയധികം അനീതി കാണിക്കുന്നതു കണ്ടിട്ടും ഞാനൊരുത്തൻ മാത്രമേ അതിനെപ്പറ്റി പറയാനുണ്ടായുള്ളു. മറ്റുള്ളവരെല്ലാം ഓടിവന്ന് ബസ്സു കിട്ടിയ സന്തോഷത്തിൽ അവരവരുടെ കാര്യം നോക്കി നിന്നു. കണ്ടക്ടറോട് കയർക്കണ്ട, നേരം വൈകുമെന്നുവരെ ഒരു മാന്യൻ എന്നെ ഉപദേശിച്ചു."

"സാരമില്ല. കഴിഞ്ഞില്ലേ. ഇനി നീ അതിനെപ്പറ്റി വേവലാതിപ്പെടേണ്ട."

മനസ്സിലെ ടെൻഷൻ അയഞ്ഞുവരുന്നത് അയാൾകണ്ടു; ഒപ്പം തന്നെ മായയുടെ താലോലിക്കൽ തന്നിലുണ്ടാക്കിയ ഫലവും.

"നിന്റെ കുഴപ്പമെന്താണെന്നോ, ഈ സമുദായത്തിൽ നീയൊരു വലിയ മിസ്ഫിറ്റാണ്;" അവൾ പറഞ്ഞു. "യാഥാർത്ഥ്യങ്ങളുടെ നേരെ കുറച്ചൊക്കെ കണ്ണടക്കാൻ പറ്റിയില്ലെങ്കിൽ ജീവിക്കുക വിഷമമായിരിക്കും."

പിന്നെ സ്നേഹപ്രകടനങ്ങൾക്കിടയിൽ കിതച്ചുകൊണ്ടവൾ പറഞ്ഞു. "സുഗതൻ നീയൊരു കോമാളിയാണ്. എന്റെ കൊച്ചു കോമാളി."

അയാൾ കഴിഞ്ഞ ആഴ്ച കണ്ട സർക്കസ്സിലെ കോമാളിയെ ഓർത്തു. അഭ്യാസി ഭാരം കൈകൊണ്ടുയർത്തി നെഞ്ചു വിരിച്ചു നിന്നപ്പോൾ കുള്ളനായ കോമാളി മരത്തിന്റെ രണ്ടു കട്ടകൾ പ്രയാസം നടിച്ച് ഉയർത്തി.

അയാളുടെ കണ്ണുകൾ അടഞ്ഞു വന്നു.

രാവിലെ ഓഫീസിൽ പോകാൻ നേരത്താണ് അയാൾ ഓർത്തത്. വൈകുന്നേരം പാർട്ടിയുണ്ട്.

"എവിടെയാണ്?"

"ടാജിൽ. റാന്റവൂവിൽ."

"ആഹാ! റൂഫ് ടോപ് റെസ്റ്റോറണ്ട്. എന്തുകൊണ്ട് ഞാനില്ല?"

"ദെറീസെ മോബ്. രണ്ട് സ്വീഡുകൾ, ബോസ്സ്. ഒരു ചെറിയ കലാപമുണ്ടാക്കാൻ മാത്രം ആൾക്കാർ. സംസാര വിഷയം തെർമോ ന്യൂക്ലിയർപ്ലാന്റുകളിൽ ഹീറ്റ് എക്സ്ചേഞ്ചർ ട്യൂബിനുള്ളിൽ പ്രാധാന്യം. ഇതിലും ശുഷ്കമായ വിഷയം കാണില്ല. ഇതിൽ നിനക്കെവിടെ സ്ഥാനം?"

നേരം വൈകുമെന്നർത്ഥം.

പത്തു മണിക്കു മുമ്പു കാക്കണ്ട.

ഓഫീസ് ഇരമ്പുകയായിരുന്നു.

ടൈപ്പ്റൈറ്ററുകളുടെ ശബ്ദം, ജോലിക്കാരുടെ സംസാരം. ടെലഫോണിൽ അട്ടഹാസങ്ങൾ. സുഗതൻ അയാളുടെ ചേമ്പറിൽ കടന്നു, ബാർബർ ഷാപ്പിന്റെ വാതിൽപ്പോലെയുള്ള പാതിവാതിലിന്റെ ആട്ടം നിന്നപ്പോൾ ചില്ലിലൂടെ പുറത്തേയ്ക്കു നോക്കി. അയാളുടെ സെക്രട്ടറി എത്തിയിട്ടുണ്ട്. ആശ്വാസമായി. വളരെ ജോലിയുള്ളതാണ്. സുഗതൻ ഇന്റർകോമിന്റെ ബട്ടനമർത്തി. മോണികാ തലയുയർത്തി അയാളെ നോക്കി വശ്യമായി ചിരിച്ചു. എഴുന്നേറ്റു വന്നു.

“മോണിംഗ് സുഗതൻ.”

“മോണിംഗ്.”

“ഫെർട്ടിലൈസർ കാംപ്ലെക്സിനെപ്പറ്റി ഓർമ്മിപ്പിക്കാൻ പറഞ്ഞില്ലെ?”

“ശരി,” അയാൾ പറഞ്ഞു. “നന്ദി. ആ ഫയലെടുത്തു തരു.”

മോണികാ കാബിനറ്റിന്റെ മുകളിലെ അറയിൽ ഫയലിനുവേണ്ടി പരതുന്നത് അയാൾ നോക്കി. അവളുടെ മൈക്രോ മിനിസ്കർട്ട് ഉയർന്ന് ലേസ് പിടിപ്പിച്ച സ്ലിപ്പ് കാണുന്നു. അതിനിടയിലൂടെ അവളുടെ തുടകളുടെ മേൽഭാഗം.

“മോണികാ നിന്റെ വസ്ത്രങ്ങൾ പിന്നെപ്പിന്നെ കുറുതായി വരുന്നു.”

“ഇതെന്റെ പഴയ ഉടുപ്പാണ്, സുഗതൻ,” അവൾ പറഞ്ഞു. “പിന്നെ ഞാൻ നീളം വെക്കുന്നുമുണ്ട്.”

അവളുടെ കാലിലിട്ടിരിക്കുന്ന ആറിഞ്ചു ഉയരമുള്ള ചെരിപ്പുനോക്കി അയാൾ മൂളി. ആ ഉടുപ്പ് കഴിഞ്ഞ ആഴ്ച പിറന്നാളിന് അവളുടെ ബോയ്ഫ്രണ്ട് സമ്മാനിച്ചതാണെന്ന് അവൾ പറഞ്ഞതായിരുന്നു.

“നിനക്കെന്നെ സെഡ്യൂസ് ചെയ്യണമെന്ന ഉദ്ദേശമില്ലെങ്കിൽ ഇവിടെ വന്നിരിക്കു.”

“ഫയൽ കിട്ടി.”

നീല നിറമുള്ള ബാൾ പെന്നും പുസ്തകവുമായി മോണികാ മുമ്പിൽ വന്നിരുന്നപ്പോൾ അയാൾ ഡിക്ടേഷൻ തുടങ്ങി. സ്റ്റെയ്ൻലസ് സ്റ്റീലിൽ കോബാൾട്ട് അംശം കൂട്ടിയാലുണ്ടാകുന്ന മേന്മകളും, തങ്ങൾ പ്രതിനിധീകരിക്കുന്ന സ്വീഡിഷ് കമ്പനിയുടെ സ്റ്റീൽ ജാപ്പനീസ് സ്റ്റീലിനേക്കാൾ മെച്ചമാണെന്നു പറയാനുള്ള കാരണങ്ങളും ഡിക്ടേറ്റ് ചെയ്തു കൊണ്ടിരിക്കുമ്പോൾ അയാൾ പെട്ടെന്ന് നെർവസ്സായി. വലത്തെ കൈയിന്റെ തള്ള വിരൽകൊണ്ട് അയാൾ മുമ്പിലുള്ള കാറ്റലോഗിന്റെ അക്ഷരങ്ങളുടെ മൂലകളിൽ അദൃശ്യമായ കുത്തുകൾ ഇട്ടു. ‘എ’ എന്ന അക്ഷരത്തിന്മേൽ അഞ്ചു കുത്തുകൾ. അവ അക്ഷരത്തിന്റെ കാലുകൾ അവസാനിക്കുന്നിടത്തും വിലങ്ങനെയുള്ള വര കാലുകളിൽ മുട്ടുന്നിടത്തും. പിന്നെ അഞ്ചാമത്തേത് ഏറ്റവും മുകളിൽ കാലുകൾ കോണായി മുട്ടുന്നിടത്തും. അങ്ങനെ ആ സ്ഥലങ്ങളിൽ കുത്തുകൾ ഇട്ടില്ലെങ്കിൽ ഓരോ വരയും നിയന്ത്രണം വിട്ട് ക്രമാതീതമായി നീളുവാൻ തുടങ്ങുമെന്ന് അയാൾക്കു തോന്നിയിരുന്നു. ഒരക്ഷരം തളച്ചിട്ടു കഴിഞ്ഞാൽ അടുത്ത അക്ഷരം. അദൃശ്യമായ ഈ കുത്തുകൾ ഭാവനയിൽ ഇടുമ്പോഴെല്ലാം അയാളുടെ കൈവിരൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. തള്ള വിരൽ ചൂണ്ടാണി വിരലിലും, നടുവിരലിലുമായി മുട്ടിക്കൊണ്ടിരുന്നു.

“സുഗതൻ, നിന്റെ വിരലുകൾ!”

മോണികാ എഴുത്തു നിർത്തി പറഞ്ഞു.

അയാൾ കൈ വലിച്ച് മേശയ്ക്കടിയിലേക്കു കൊണ്ടുപോയി, വീണ്ടും വിരലുകളുടെ പ്രവർത്തനം തുടങ്ങി.

"എവിടെയാണ് നമ്മൾ നിർത്തിയത്?"

അയാൾ മായയെ ഓർത്തു. ഒരിക്കൽ അയാളുടെ വിരലുകളുടെ ചലനത്തെപ്പറ്റി സംസാരിച്ചപ്പോൾ അവൾ പറഞ്ഞു. സുഗതൻ അതെല്ലാം നിന്റെ ഭാവനയാണ്. നീ അങ്ങിനെ കുത്തുകളിട്ടില്ലെങ്കിൽ അവ നീളാനൊന്നും പോകുന്നില്ല. ഇനി നീളണമെന്നു വെച്ചാൽ നിന്റെ സില്ലി കുത്തുകൊണ്ട് വലിയ പ്രയോജനമുണ്ടെന്നും തോന്നുന്നില്ല.

അയാൾ ഡിക്ടേഷൻ തുടർന്നു. അങ്ങനെയിരിക്കെ പെട്ടെന്ന് മോണികാ ചോദിച്ചു.

"നീയെന്താണ് നോക്കുന്നത്?"

കഴിഞ്ഞ ഏതാനും നിമിഷങ്ങളായി ഡിക്ടേഷൻ കൊടുത്തുകൊണ്ടിരിക്കെ അവളെത്തന്നെ നോക്കുകയായിരുന്നെന്ന് അപ്പോഴാണ് അയാൾക്കു ബോധമുണ്ടായത്. അതൊരു വെറും അശ്രദ്ധമായ നോട്ടമാണെന്നു പറഞ്ഞാൽ അവൾ വിശ്വസിക്കില്ല. അയാൾ ശരിക്കും അവളുടെ മാംസളമായ മാറിൽ നോക്കി. അവൾ കുനിഞ്ഞിരിക്കുക കാരണം മാറിന്റെ സമൃദ്ധി അയാൾക്കു കാണാം. അയാൾ പറഞ്ഞു.

"നീ വളരെ സെക്സിയാണ്."

അവൾ സംതൃപ്തിയോടെ ചിരിച്ചു. "യു ആർ വെരി നാട്ടി, സുഗതൻ!"

ആ നിമിഷത്തിൽ അയാൾക്ക് സ്റ്റെയിൻലസ് സ്റ്റീലും ഫെർട്ടിലൈസർ കാംപ്ളക്സും, അപ്രധാനമായി തോന്നി. ഇതൊരു മാർഗ്ഗം മാത്രമാണ്. ഞാനെന്തിനിതെല്ലാം ഇത്ര കാര്യമായെടുക്കുന്നു. അയാൾ ഫയൽ അടച്ചുവെച്ച് കസേരയിൽ ചാരിയിരുന്ന് ചോദിച്ചു.

"നീ ഇന്ന് എന്റെ ഒപ്പം ലഞ്ചിനു വരുന്നോ?"

അത് എവിടേക്കാണ് നീ വിളിക്കുന്നതെന്നതിനെ ആശ്രയിച്ചിരിക്കും.

"നിന്റെ പ്രിഫറൻസ്, എന്താണ്? ചൈനിസ് ഓർ കോണ്ടിനെന്റൽ?"

"ചൈനീസ്."

"ശരി ഫ്ളോറയിൽ പോകാം."

അവൾ ചാടിയെഴുന്നേറ്റു. "ഡി ഡ്യൂ സേ ഫ്ളോറാ?"

"പ്രിസൈസ്‌ലി," അയാൾ പറഞ്ഞു.

ഇന്റർകോം ശബ്ദിച്ചു. എട്ടാം നമ്പറിനു മുകളിൽ പ്രകാശമുള്ള ഒരു ചതുരം ഉദിച്ചു. ബട്ടനമർത്തിയപ്പോൾ അയാൾ ബോസ്സിന്റെ ശബ്ദം കേട്ടു.

"വാച്ചഹെല്ലാർ യു ഡൂയിംഗ് സുഗതൻ? ഫ്ളർട്ടിംഗ് വിത്ത് യുവർ സെക്രട്ടറി?"

"താങ്കളുടെ തുരുമ്പു പിടിച്ച ഇരുമ്പ് വിൽക്കുകയാണ്," സുഗതൻ പറഞ്ഞു.

ഉടനെ മറുപടിയും.

"ഞാൻ വിചാരിച്ചത് നമ്മൾ വിൽക്കുന്നത് ആന്റികൊറോസീവ് സ്റ്റീലാണെന്നാണ് കസ്റ്റമേഴ്സ് അറിയണ്ട. പിന്നെ എം.ഡി. ഇന്നു വരുന്നില്ല. അതുകൊണ്ട് വൈകുന്നേരത്തെ പാർട്ടിയുണ്ട്. താജിൽത്തന്നെ. റാന്റവൂ. മറക്കണ്ട."

ഇന്റർകോമിന്റെ ശബ്ദം നിന്നപ്പോൾ മോണികാ പറഞ്ഞു.

“നീ എന്തിനാണ് ജീയെമ്മിനോട് എപ്പോഴും കയർക്കുന്നത്? അയാൾ പാവം എപ്പോഴും തമാശ പറഞ്ഞ് ലോഗ്യത്തിനു വരും.”

“വിസിറ്റിംഗ് കാർഡിൽ കാണിച്ച മെറ്റല്ലർജി ബിരുദങ്ങളുടെ പകുതി അറിവെങ്കിലും ഉണ്ടായിരുന്നെങ്കിൽ അയാൾ ഒരു നല്ല സെയിൽസ്മാനാകുമായിരുന്നു.” സുഗതൻ പറഞ്ഞു, നിനക്കു പോകാം. “ബാക്കി ഡിക്‌ടേഷൻ പിന്നീടാവാം. ലഞ്ചിന് പോകുമ്പോൾ ഞാൻ വിളിക്കാം.”

“താങ്ക് യൂ സാർ, യൂവാർ വെരി കൈന്റ് ഹാർട്ടഡ്.”

അയാൾ അത്ഭുതപ്പെട്ടു. എങ്ങനെയാണ് ഇവൾക്ക് ജീവിതം ഇത്ര ലഘുവായെടുക്കാൻ പറ്റുന്നത്? മോണികായ്ക്ക് മാത്രമല്ല, മറ്റെല്ലാവർക്കും ജീവിതം എന്നത് ഏറ്റവും അപ്രധാനമായ ഒന്നാണ്. എല്ലാവരും സംഭവങ്ങൾ വളരെ തണുപ്പനായി എടുക്കുന്നു. താൻ മാത്രം സ്പ്രിംഗ് മുറുക്കിയ പാവ പോലെ നിരന്തരം മുറുക്കമായി ഓടി നടക്കുന്നു. എന്നാണ് എന്റെ സ്പ്രിംഗുകൾ അയയുക? താൻ ഒരു ദിവസം ഓഫീസിൽ വന്നില്ലെങ്കിൽ സകലതും തകരാറിലാകുമെന്ന ബോധം എന്നാണ് അവസാനിക്കുക?

മായ പറയാറുണ്ട്.

സുഗതൻ, നീ വിട്ടും താങ്ങുന്ന ഗൌളിയാണെന്ന് എപ്പോഴാണ് മനസ്സിലാക്കുക? ഒരു ദിവസം കസ്റ്റമേഴ്സ് ടെലിഫോൺ ചെയ്യുമ്പോൾ നിന്നെ കിട്ടിയില്ലെങ്കിൽ എന്താണുണ്ടാവുക? അവർ പിറ്റെ ദിവസം വീണ്ടും വിളിക്കും. അപ്പോഴും കിട്ടിയില്ലെങ്കിൽ പിറ്റേന്ന് വീണ്ടും വിളിക്കും. എന്തുകൊണ്ട് നിനക്ക് ലീവെടുത്ത് രണ്ടുദിവസം വീട്ടിലിരുന്നുകൂടാ? ഇക്കണക്കിന് നീയൊരു ഞരമ്പുരോഗിയായി മാറും.

മായയ്ക്കു മനസ്സിലാവാത്ത പലതും ഒരാഫീസിലുണ്ട്. അധികാരതൃഷ്ണ, മത്സരം. ഇതൊരു മ്യൂസിക്കൽ ചെയർ കളിയാണ്. എപ്പോഴും മുമ്പിലുള്ള കസേരയിൽ കണ്ണു വച്ചേ ഓടാവൂ. അല്ലെങ്കിൽ സംഗീതം നിൽക്കുമ്പോൾ സാമർത്ഥ്യമുള്ളവർ കസേരകളെല്ലാം തട്ടിയെടുക്കും.

ഈ വക വിചാരങ്ങൾ കൂടുതൽ അപകടമാണെന്ന് സുഗതൻ മനസ്സിലാക്കി. അയാളുടെ തള്ളവിരൽ വളരെ വേഗത്തിൽ മറ്റുള്ള വിരലുകളുമായി കൂട്ടിമുട്ടുന്നുണ്ടായിരുന്നു. അയാൾ മോണികായുമായി ലഞ്ചിനു പോകേണ്ടതിനെപ്പറ്റി ആലോചിച്ചു. അപ്പോൾ അയാൾ കൂടുതൽ സാദ്ധ്യതകളെപ്പറ്റി ഓർത്തു. ഉടനെ ഡയറക്ടറിയെടുത്ത് ആ ഹോട്ടലിന്റെ നമ്പർ കണ്ടുപിടിച്ചു. അതൊരു ചെറിയ ഹോട്ടലായിരുന്നു. അയാൾ മനസ്സിലാക്കിയിടത്തോളം അത് ആൾക്കാർ താൽക്കാലികാവശ്യങ്ങൾക്കു വേണ്ടി വാടകയ്ക്കെടുക്കുന്ന ഒന്നാണ്. ആരാണത് പറഞ്ഞതെന്നോർമ്മയില്ല. അയാൾ ഒരു ഡബിൾ റൂം ബുക്കു ചെയ്തു. മിസ്റ്റർ ആന്റ് മിസ്സിസ് ഡികോസ്റ്റ പൂനയിൽ നിന്ന്. ഒരു ദിവസത്തേക്കു മാത്രം.

ലഞ്ച് തൃപ്തികരമായിരുന്നു. സ്പീക്കറിൽ അയാൾക്കിഷ്ടപ്പെട്ട സംഗീതമുണ്ടായിരുന്നു. യെസ്റ്റർ ഡേ വൺസെഗേൻ, ബ്ലാക്ക് സൂപ്പർമാൻ മുതലായവ. അയാൾ അയാളുടെ ഫേവറിറ്റ് ചിക്കൻ മയോനീസും, മോണികാ അവളുടെ ഫേവറിറ്റ് സ്വീറ്റ് ആന്റ് സോർ ചിക്കനും കഴിച്ചു. പിന്നെ ഐസ്ക്രീം കഴിച്ചു കൊണ്ടിരിക്കുമ്പോൾ അയാൾ തീരുമാനിച്ചു. ഇതുതന്നെ അവസരം ഒരു പെൺകുട്ടിയോട് ഈ കാര്യങ്ങൾ പറയാൻ പറ്റിയ സമയം ഭക്ഷണത്തിനു ശേഷം തന്നെയാണ്; പ്രത്യേകിച്ചും ഭക്ഷണം നന്നായാൽ.

അയാൾ പറഞ്ഞു, “ഞാൻ ഹോട്ടലിൽ ഒരു മുറി ബുക്കുചെയ്തിട്ടുണ്ട്.”

“ആർക്ക്?” മോണികാ ചോദിച്ചു.

“നമുക്കു ഭക്ഷണത്തിനുശേഷം പോകാം. ഒന്നു രണ്ടു മണിക്കൂർ അവിടെ ചെല വഴിക്കാം.”

അപ്രതീക്ഷമായത് കേട്ടതുപോലെ മോണികാ ഒന്നുലഞ്ഞു.

“സുഗതൻ കാര്യമായി പറയുകയാണോ?”

തന്റെ പരിപാടിയെല്ലാം തകിടം മറിഞ്ഞതായി അയാൾക്കു തോന്നി. അയാൾ അത്ര ഉറപ്പില്ലാതെ പറഞ്ഞു. “അതെ, എന്താ നിനക്കിഷ്ടമല്ലെ?”

“പക്ഷേ, സുഗതൻ, നീ എന്നെ ഇതുവരെ വിളിച്ചിട്ടില്ലല്ലൊ. നിന്റെ ഭാര്യയില്ലേ ഇവിടെ?”

“ഉണ്ട്.”

“പിന്നെ നീ എന്തിനാണിതു ചെയ്യുന്നത്?”

“നോക്ക് നീ കിന്റർഗാർഡൻ ടീച്ചറാകുകയൊന്നും വേണ്ട. കാരണം ഞാനൊരു ശിശുവല്ല. നിനക്കിഷ്ടമാണോ, അല്ലയോ എന്നുമാത്രം പറഞ്ഞാൽ മതി.”“

അയാളുടെ വിരിഞ്ഞ മാറിലേക്കും കൈകളിലേക്കും നോക്കി അവൾ പറഞ്ഞു, “ഇഷ്ടമാവാതിരിക്കാൻ കാരണമൊന്നും ഞാൻ കാണുന്നില്ല.”

പെട്ടെന്നയാളിൽ അവളെ സ്വന്തമാക്കാനുള്ള അഭിനിവേശം കടന്നുകൂടി. രാവിലെ കാബിനറ്റിൽ നിന്ന് ഫയലെടുക്കുമ്പോൾ അവളുടെ നഗ്നമായ തുടകൾ കണ്ടപ്പോഴോ, ഹോട്ടലിൽ മുറിയെടുക്കുന്നതിനെപ്പറ്റി ആലോചിച്ചപ്പോഴോ, ഈ ആവേശം അയാളിൽ ഉണ്ടായിരുന്നില്ലെന്ന് സുഗതൻ അത്ഭുതത്തോടെ മനസ്സിലാക്കി. ഇപ്പോൾ കഴിയുന്നതും വേഗം വാതിലടച്ച ഒരു മുറിയിൽ കിടക്കയിൽ അവളുമായി കിടക്കുവാൻ അയാൾക്ക് ധൃതിയായി. അയാൾ അവളുടെ കൈപിടിച്ചമർത്തി. നമുക്കു പോവാം.

ഇത് ഇത്ര എളുപ്പമായിരുന്നെന്ന് ഊഹിക്കാൻപോലും അയാൾക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് അവൾ സമ്മതിച്ചപ്പോൾ അയാൾക്കു തികച്ചും വിശ്വാസമായില്ല. സെക്രട്ടറിമാരെ കിടക്കയിലേക്കു നയിക്കുന്ന എക്സിക്യൂട്ടീവുകളുടെ ലിസ്റ്റിൽ ഒരാൾ കൂടി.

ഭാഗ്യത്തെപ്പറ്റി ആലോചിച്ചുകൊണ്ട് അയാൾ പുറത്തു കടന്നു. മോണികാ അയാളുടെ കയ്യിൽ തൂങ്ങി നടന്നു. അവൾ ഏതോ ഇംഗ്ലീഷ് സിനിമാ നായികയെ അനുകരിക്കുകയായിരുന്നു.

റെസ്റ്റോറണ്ടിനു പുറത്തുതന്നെ ടാക്സിയുണ്ടായിരുന്നു. മോണികായ്ക്കു കയറാനായി കാറിന്റെ വാതിൽ തുറന്നു പിടിച്ചു നിൽക്കുമ്പോഴാണ് ആ അത്യാഹിതമുണ്ടായത്. അവൾ പറഞ്ഞു.

“അതാ, റെഗ്ഗി പോകുന്നു.”

അവൾ ചൂണ്ടിയിടത്തേയ്ക്ക് അയാൾ നോക്കി. അവളുടെ ബോയ്ഫ്രണ്ടാണ്. അയാൾ ഇവരെ കാണാതെ നടന്നകലുകയായിരുന്നു.

“എനിക്ക് റെഗ്ഗിയെ അയാളുടെ ഷർട്ടിന്റെ നിറം കൊണ്ട് തിരിച്ചറിയാം.” മോണികാ പറഞ്ഞു.

റെഗ്ഗി ഈ വഴിക്ക് തിരിഞ്ഞു നോക്കരുതെന്ന് സുഗതൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, മോണികാ പെട്ടെന്ന് ഉറക്കെ ഒരു വിളി. “റെഗ്ഗീ…”

പയ്യൻ തിരിഞ്ഞുനോക്കി, മോണികായെ കണ്ടപ്പോൾ കയ്യുയർത്തി കാണിച്ച് അവരുടെ നേരെ നടക്കാൻ തുടങ്ങി.

അയാൾ നിരാശനായി. മോണികാ പറഞ്ഞു കൊണ്ടിരുന്നു. "റെഗ്ഗീ, സുഗതൻ എനിക്ക് ഉഗ്രൻ ലഞ്ച് വാങ്ങിത്തന്നു."

പിന്നെപ്പിന്നെ സംസാരം അവർ തമ്മിലായി. അയാൾ ഇടപെട്ടു. "മോണികാ ഓഫീസിൽ പോണ്ടെ. ടാക്സി കാത്തുനിൽക്കുന്നു."

"എനിക്ക് റെഗ്ഗി ലിഫ്റ്റു തരും. ഇല്ലെ റെഗ്ഗി," അവൾ ചോദിച്ചു. "എവിടെ നിന്റെ ബൈക്ക്?"

"ഗാസില്ല."

"ഊം?"

"നോ ഡ്യൂ!"

"യുവാർ കിഡ്ഡിംഗ് റെഗ്ഗി."

ടാക്സിക്കാരൻ ഹോൺ അടിച്ചു.

സുഗതൻ ഒന്നും പറയാതെ ടാക്സിയിൽ കയറിയിരുന്നപ്പോൾ മോണികാ യും അവളുടെ ബോയ്ഫ്രണ്ടും കൂടി നടന്നകലുന്നു.

അയാൾ കലശലായി ക്ഷോഭിച്ചു. തന്റെ നീതി ബോധത്തിനു വീണ്ടും ഉലച്ചിൽ തട്ടിയിരിക്കുന്നു. അവൾ ഒപ്പം വരാമെന്ന് സമ്മതിച്ചതാണ്. അവൾക്കത് ഇഷ്ടമാ ണെന്ന് വ്യക്തമാവുകയും ചെയ്തു. അവളുടെ ബോയ്ഫ്രണ്ടാണെങ്കിൽ അവരെ കാ ണാതെ നടന്നകലുകയുമായിരുന്നു. പിന്നെ എന്തിനവൾ ഇങ്ങിനെ പെരുമാറി? എന്തിന്? എന്തിന്?

രണ്ടു മണിക്കു തന്നെ മോണികാ ഓഫീസിൽ എത്തി അവളുടെ ടൈപ്പ് റൈ റ്ററിനു മുമ്പിൽ ഒന്നും സംഭവിക്കാത്ത മട്ടിൽ ഇരുപ്പായിരുന്നു. ഇതെങ്ങിനെ കഴിയു ന്നുവെന്ന് സുഗതൻ അത്ഭുതപ്പെട്ടു. അവൾക്ക് ഇനി എങ്ങിനെയാണ് തന്നെ അഭി മുഖീകരിക്കാൻ പറ്റുക? ഈ സംശയം അധികനേരം വെച്ചുനടക്കേണ്ടി വന്നില്ല. മൂ ന്നു മണിക്ക് 'യുവർ കറസ്പോണ്ടൻസ് സർ' എന്ന് സ്വർണ്ണനിറത്തിലെഴുതിയ സി ഗ്നേച്ചർ പാഡുമായി അവൾ അയാളുടെ മുറിയിലെത്തി.

അയാൾ അവളുടെ മുഖത്തുനോക്കാതെ മുമ്പിലിരുന്ന ഒരു കത്തിൽ നോക്കി യിരുന്നു.

"സുഗതൻ, നീ ആ കത്തു വായിക്കുകയല്ല, വെറുതെ നോക്കിയിരിക്കുകയാണ്. അതിനർത്ഥം നിനക്കെന്നോട് ദ്വേഷ്യമാണെന്നാണ്. കാരണം?"

ഈ പെണ്ണിന് എന്നെ മനപ്പാഠമാണ്. അതുകൊണ്ട് മറച്ചുപിടിച്ചിട്ടു കാര്യമില്ല. അയാൾ നേരെ അവളുടെ മുഖത്തു നോക്കി പറഞ്ഞു.

"നീ ഇന്ന് ഉച്ചയ്ക്കു മുമ്പ് ചിലത് വാഗ്ദാനം ചെയ്തിരുന്നു. ലഞ്ച് കഴിഞ്ഞപ്പോൾ അത് മറന്നു."

"ഓ!" അവൾ പെട്ടെന്ന് ഓർത്തപോലെ പറഞ്ഞു, "ശരിയാണ് ഞാൻ ചില ത് വാഗ്ദാനം ചെയ്തിരുന്നു. ലഞ്ച് കഴിഞ്ഞ് നമുക്ക് ഹോട്ടലിൽ മുറിയെടുക്കാമെന്ന് പറഞ്ഞിരുന്നു. അയാം സോ സോറി സുഗതൻ, ഞാൻ തീരെ മറന്നുപോയി. മറ ന്നതല്ലെന്നു പറയാം. സുഗതൻ കാര്യമായി പറഞ്ഞതാണെന്ന് എനിക്കു തോന്നി യില്ല. ഈ നിസ്സാര കാര്യത്തിനാണോ സുഗതൻ പിണങ്ങിയിരിക്കുന്നത്? നിന്റെ വാതിലിന് ഗ്ലാസ് ഡോറല്ലായിരുന്നു എങ്കിൽ ഞാൻ ഇപ്പോൾത്തന്നെ ഒരു ചുംബ

നം തന്നേനെ. ദേഷ്യം പിടിക്കുമ്പോൾ നീ എന്തു ചന്തക്കാരനാണെന്നോ? നോക്ക്, സുഗതൻ, ഞാൻ വേറൊരു ദിവസം തീർച്ചയായും വരാം. ഇന്ന വൈകുന്നേരം റെഗ്ഗി ഓഫീസിൽ വരും. പയ്യൻ സിനിമാടിക്കറ്റുകളുമായാണ് വരുക."

അയാളുടെ കരുക്കൾ മിയ്ക്കവാറും ഈടായിക്കഴിഞ്ഞിരുന്നു. ബാക്കിയുള്ള കരുക്കൾ കൊണ്ട് പൊരുതാൻ വയ്യ. അയാൾ നിശ്ശബ്ദനായി.

വൈകുന്നേരം റസ്റ്റോറണ്ടിൽ ബോസ്സ് സംസാരിക്കുകയായിരുന്നു. സ്വീഡുകൾ വളരെ താൽപര്യത്തോടെ ശ്രദ്ധിക്കുകയാണ്. ഇന്ത്യയിൽ അവരുടെ സ്റ്റീൽ വിറ്റഴിയാനുള്ള സാദ്ധ്യതകളെപ്പറ്റിയാണ് സംസാരം. ഇല്ലാത്ത ആശ കൊടുക്കുന്നത് ബോസ്സിന്റെ പ്രത്യേകതയാണ്. പിന്നീട് പ്രതീക്ഷയ്ക്കൊപ്പം ബിസിനസ്സുണ്ടായില്ലെങ്കിൽ അത് ന്യായീകരിക്കാനും അയാൾക്കറിയാം. എം. എം. ടി. സി. ടെണ്ടർ വിളിച്ചാൽ ഏറ്റവും വില കുറഞ്ഞ ടെണ്ടർ സ്വീകരിക്കുമെന്നും അത് മിക്കവാറും എല്ലായ്പ്പോഴും ജാപ്പനീസ് സ്റ്റീലായിരിക്കുമെന്നും വളരെ വിശ്വസനീയമായി അവതരിപ്പിക്കും. യൂസീ ഇന്ത്യയിൽ ഒരു പ്രത്യേകതരം ഇക്കണോമിക് സെറ്റപ്പാണ്...

ഇയാളൊരു ഫോണിയാണ്. സുഗതൻ ആലോചിച്ചു. കുടിച്ചിരുന്ന വിസ്കിയുടെ രുചി അയാൾക്ക് ഇഷ്ടപ്പെട്ടില്ല. ഓരോ പ്രാവശ്യം കുടിക്കുമ്പോഴും സുഗതന് തോന്നാറുണ്ട്, ഞാൻ എന്തിന് ഈ കയ്പുള്ള സാധനം അകത്താക്കുന്നു? രുചി ഇഷ്ടമല്ലെന്നു മാത്രമല്ല അതയാൾക്ക് ഒരു കിക്ക് കൊടുക്കുന്നുമില്ല.

റസ്റ്റോറണ്ടിലെ അന്തരീക്ഷം ഒരു ഭീഷണിയായി മാറി. പുറത്തു കടക്കാനുള്ള വഴിയെപ്പറ്റി അയാൾ ആലോചിച്ചു. കഴിയുമെന്നു തോന്നുന്നില്ല. ഡിന്നർ എന്ന അഗ്നിപരീക്ഷ ഇപ്പോൾ തുടങ്ങിയിട്ടേയുള്ളു. ബോസ്സിന്റെ സംസാരം കുറഞ്ഞിരിക്കുന്നു. ഇപ്പോൾ സ്വീഡുകൾ ഏറ്റെടുത്തിരിക്കയാണ്. അവർ മറ്റുള്ള രാജ്യങ്ങളിൽ എത്രത്തോളം വിജയിക്കുന്നുണ്ടെന്നും, ഇവിടെ ഇന്ത്യയിൽ കുറച്ചു കൂടി അഗ്രസ്സീവാവണമെന്നും.

അഗ്രസ്സീവ് സെയിൽസ്, സുഗതൻ ആലോചിച്ചു. അതിന് നിങ്ങൾ തിരഞ്ഞെടുത്ത ഏജന്റ് പറ്റിയില്ല. അഗ്രസ്സീവ് സെയിൽസിനുള്ള ഒരു വലിയ പ്ലാൻ താൻ തയ്യാറാക്കിയതും, അത് പ്രായോഗികമല്ലെന്നു പറഞ്ഞ് ബോസ്സ് തള്ളിക്കളഞ്ഞതും അയാൾ ഓർത്തു. ഡാമിറ്റ്!

അന്തരീക്ഷം തികച്ചും അരുചികരമായി മാറിയിരുന്നു. വിനിഗാറിന്റെയും മയോനീസിന്റെയും കൂടിക്കലർന്ന കുത്തുന്ന വാസന. സിഗററ്റു പുക. പിന്നെ ഹീറ്റ് എക്സ്ചേഞ്ചർ സ്റ്റീലിനെപ്പറ്റിയുള്ള സ്വീഡുകളുടെ സംസാരം. ഇവയെല്ലാം തന്നെ അന്തരീക്ഷം ദുഷിപ്പിക്കുന്നതായിരുന്നു.

സുഗതന് ഇപ്പോൾ വീട്ടിൽ പതുത്ത കിടക്കയിൽ മായയുടെ നഗ്നമായ ഉത്തേജിപ്പിക്കുന്ന ദേഹത്തോട് ചേർന്നു കിടക്കാനാണു തോന്നിയത്. സമയം പത്തായിരിക്കുന്നു. മായ, ഒരു പക്ഷേ, കിടന്നിട്ടുണ്ടാകും. ഒറ്റയ്ക്കാവുമ്പോൾ അവൾ നേരത്തെ കിടക്കും. അവൾ കിടക്കറയിൽ നേരിയ വസ്ത്രങ്ങൾക്കുള്ളിൽ കിടക്കുന്നത് അയാൾ ഭാവനയിൽ കണ്ടു. ഭാവന അത്ഭുതങ്ങൾ സൃഷ്ടിക്കുന്നത് അയാളറിഞ്ഞു. പുറത്തു കടക്കാനുള്ള വഴിയെപ്പറ്റി അയാൾ വീണ്ടും ആലോചിച്ചു.

"അയാൾ പറഞ്ഞു. എനിക്ക് കഠിനമായ തലവേദന."

സ്വീഡുകൾ ഉൽക്കണ്ഠിതരായി. അവർ പറഞ്ഞു, "താങ്കൾ പോയി വിശ്രമിക്കണം."

“അതായിരിക്കും നല്ലതെന്നു തോന്നുന്നു. ഡൂ യൂ മൈന്റ് ഇഫൈ ലീവ്?”

“ഇല്ല” ബോസ് പറഞ്ഞു. “ഡ്രൈവറോട് വീട്ടിൽ ഡ്രോപ്പു ചെയ്യാൻ പറയൂ.”

“വേണ്ട, നന്ദി. ഞാൻ ടാക്സി പിടിച്ച് പൊയ്ക്കോളാം.”

ടാക്സിയിൽ ഇരിക്കുമ്പോൾ അയാൾ ആലോചിച്ചു. ഞാൻ എന്തിനാണിങ്ങനെ കഷ്ടപ്പെടുന്നത്? എന്തിനാണീ അധികാരതൃഷ്ണ? ഞാൻ എന്നെങ്കിലും സംതൃപ്തനാവുമോ? രാപ്പകലുള്ള അദ്ധ്വാനം, ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന പുറം യാത്രകൾ. ഓഫീസിലുള്ള മാനസിക പ്രക്ഷുബ്ധത. ഇതിനിടയിൽ ഞാൻ സ്വന്തം ഭാര്യയോട് എത്രത്തോളം നീതി പുലർത്തുന്നുണ്ട്.

മായ പറയാറുണ്ട്. നീ ഏതു സമയവും സ്പ്രിംഗ് മുറുക്കിയ പാവപോലെ നടക്കുന്നുണ്ട്. ഞാൻ കാണാൻ തുടങ്ങിയതു മുതൽ നീ അങ്ങിനെയാണ്. എന്തുകൊണ്ട് നിനക്ക് വിശ്രമിച്ചുകൂടാ? ഒരു പദവി കിട്ടിയാലെ വിശ്രമിക്കു എന്നുവെച്ചാൽ അതു നടക്കാത്തതാണ്. കാരണം അംബിഷന് പരിധികളില്ല. അതു മരീചികപോലെയാണ്. ഇനി അവിടെ എത്തിക്കിട്ടിയാൽത്തന്നെ നിനക്കതു പിടിച്ചു നിൽക്കാൻ ഇതിലധികം അദ്ധ്വാനിക്കേണ്ടിവരും.

നമുക്കുള്ളതുകൊണ്ട് നിനക്ക് തൃപ്തനായിക്കൂടെ? അവർ തരാമെന്നു വാഗ്ദാനം ചെയ്ത പദവി തന്നില്ലെങ്കിൽ വേണ്ട. അടുത്ത കൊല്ലം കാറു തരാമെന്നു പറഞ്ഞത് അവർ മടക്കിയെടുത്താൽ പോട്ടെ. നമുക്ക് ബസ്സിൽ സഞ്ചരിക്കാം. അല്ലെങ്കിൽ ടാക്സിയിൽ പോകാം. നീ ജീവിക്കുന്നില്ലെന്ന് എന്നാണ് മനസ്സിലാക്കുക?

എവിടെപ്പോയി നിന്റെ സംഗീതം? എവിടെപ്പോയി നിന്റെ വായന? അവസാനം തിരിഞ്ഞുനോക്കുമ്പോൾ നിനക്കായി നേടിയത് കുറെ ഭൗതിക വസ്തുക്കൾ മാത്രമായിരിക്കും. അതാകട്ടെ നിനക്ക് നഷ്ടപ്പെട്ടതിന്റെ വിലയുമായി താരതമ്യപ്പെടുത്തിയാൽ തുച്ഛവുമായിരിക്കും. മാത്രമല്ല നിനക്കു നേടിയതിനേക്കാൾ, നീ മറ്റുള്ളവർക്ക്, നിന്റെ കമ്പനിയുടമകൾക്ക്, നേടികൊടുക്കുകയാണുണ്ടായതെന്ന് മനസ്സിലാവും. നീ എന്ന മനുഷ്യനെ നിനക്ക് കൈമോശം വരികയാണ്.

അയാൾ ചിരിച്ചുകൊണ്ട് അന്നു പറഞ്ഞത് അവൾ ഒരു ബുദ്ധിജീവിയാണെന്നു മാത്രമാണ്. പക്ഷേ, ഇപ്പോൾ ഈ ടാക്സിയിൽ, ഇരുവശത്തുമുള്ള വിളക്കുകളെ പിന്നോക്കം തള്ളിനീക്കി നീങ്ങുമ്പോൾ അയാൾക്കു തോന്നി, ഒരു പക്ഷേ മായ പറയുന്നത് ശരിയായിരിക്കും. ഞാനെന്ന മനുഷ്യൻ എനിയ്ക്ക് ഓരോ നിമിഷവും കൈമോശം വരികയാണ്. കുടിച്ചു കഴിഞ്ഞാൽ സുഗതന് ചിലപ്പോൾ വളരെ വ്യക്തമായി ചിന്തിക്കാൻ കഴിയാറുണ്ട്. ഇത് അങ്ങിനെയൊരവസരമാണ്. അയാൾക്ക് മായയുടെ അടുത്തെത്താൻ ധൃതിയായി. അവളുടെ ശരീരം എന്നും അയാൾക്ക് കാമോദ്ദീപകമായിരുന്നു. ഒരു പക്ഷേ, അയാൾക്ക് എല്ലാം മറക്കാൻ കഴിഞ്ഞെന്നുവരും.

പെട്ടെന്നു ടാക്സി റോഡിന്നരികിലേക്കു കൊണ്ടുവന്നു നിർത്തി, ഡ്രൈവർ എന്തോ മുറുമുറുത്തുകൊണ്ട് പുറത്തു കടന്നു. മുമ്പിലേക്കു നടന്ന് എഞ്ചിൻ തുറന്ന് എന്തോ നോക്കി, തിരിച്ചു വന്ന് അയാളോടു പറഞ്ഞു.

സാബ് വണ്ടി കേടാണ്. ഇനി പോവില്ല.

പുറത്തു കടന്ന്, വാതിലടച്ച് പണം കൊടുക്കുമ്പോൾ സുഗതൻ ആലോചിച്ചു ഇതു നല്ലതാണ്. വണ്ടി കേടായിട്ടില്ലെന്ന് സുഗതന് നല്ല ഉറപ്പായിരുന്നു. രാത്രി പതിനൊന്നു മണിക്ക് ടാക്സിക്കാർക്ക് ഉള്ളോട്ടുള്ള വഴിയിലേയ്ക്ക് മൂന്നോ നാലോ കിലോമീറ്റർ വരാൻ താല്പര്യമുണ്ടാവില്ല. അപ്പോൾ ഇവിടെത്തന്നെ ഒഴിവാക്കുകയാ

ണ് നല്ലത്. വരാനുള്ള ഉദ്ദേശമില്ലെന്നു പരുഷമായി പറയുന്നതിനു പകരം വണ്ടി കേടാണെന്ന മയമുള്ള നുണ പറയുക തന്നെയാണ് നല്ലത്. അത് ആരേയും ഉപദ്രവിക്കില്ലല്ലൊ.

ഇവിടെ നിന്ന് ഇനി ടാക്സി കിട്ടുക എളുപ്പമല്ല. മുമ്പ് പല പ്രാവശ്യം അയാൾ ശ്രമിച്ചിട്ടുള്ളതാണ്. സുഗതൻ ബസ്‌സ്റ്റോപ്പിനെ ലക്ഷ്യമാക്കി നടന്നു. ടാക്സിക്കാരന്റെ മനോധർമ്മം കൊണ്ട് ടാക്സി കേടുവന്നത് ബസ്‌സ്റ്റോപ്പിനടുത്തു തന്നെയായിരുന്നു.

കയ്യിൽ ഒരു കറുത്ത ഹാൻഡ് ബാഗും തൂക്കിയിട്ട് സാരിയുടുത്ത ഒരു ചെറുപ്പക്കാരിയൊഴിച്ചാൽ, സ്റ്റോപ്പ് വിജനമായിരുന്നു. ആ സ്റ്റോപ്പിൽ സാധാരണ കാണാറുള്ള ഇരതേടുന്ന വേശ്യകളെ അയാളോർത്തു. അവർ ഇരതേടുന്നത് കണ്ടുകൊണ്ടു നിൽക്കുക അയാളുടെ വിനോദമായിരുന്നു. മറുവശത്തുള്ള ബസ്‌സ്റ്റോപ്പിൽ നിൽക്കുമ്പോൾ അയാൾ ശ്രദ്ധിക്കാറുണ്ട്. അവർ സ്റ്റോപ്പിൽ ബസ്സു കാത്തുനിൽക്കുന്ന പോലെ നിൽക്കും. രണ്ടു സ്ഥലത്തേക്കുള്ള ബസ്സുകളാണ് ആ സ്റ്റോപ്പിൽ നിൽക്കാറ്. ഈ രണ്ടു സ്ഥലത്തേക്കുള്ള ബസ്സു വന്നാലും അവർ കയറില്ല. വീണ്ടും ബസ്സുകൾ വരും. വരിയിൽ നിൽക്കുന്നവർ കയറി ബസ്സു നീങ്ങിയാലും അവർ അപ്പോഴും സ്റ്റോപ്പിൽത്തന്നെയുണ്ടാവും. അങ്ങനെ നിൽക്കുമ്പോൾ അവർക്ക് ഒരു ഇര കിട്ടുന്നു. ഇതു പോലെ ബസ്സുകൾ വന്നിട്ടും കയറാത്ത ഒരാൾ. അവർ രണ്ടു പേരും അടുത്തുവരും. പിന്നെ കുശുകുശുക്കലുകൾക്കു ശേഷം അയാൾ ടാക്സി പിടിക്കുന്നു. ആ വേശ്യ ഒപ്പം പോകുന്നു.

അടുത്ത് ഇപ്പോൾ നിൽക്കുന്ന ഈ സ്ത്രീ ഒരു വേശ്യ തന്നെയാണെന്ന് സുഗതൻ ഊഹിച്ചു. രാത്രി പതിനൊന്നു മണിക്ക് ഒരു മാന്യസ്ത്രീക്ക് വിജനമായ ഒരു ബസ്‌സ്റ്റോപ്പിൽ വലിയ കാര്യമൊന്നും നേടാനില്ല. അയാൾ ബസ് വരുന്നുണ്ടോ എന്നു നോക്കി. നിരത്ത് മിക്കവാറും വിജനമായിരുന്നു.

ഈ സമയത്ത് ബസ്സുകൾ കുറവാണ്.

അയാൾ തിരിഞ്ഞു നോക്കി. ആ സ്ത്രീ ചിരിച്ചുകൊണ്ട് ഇംഗ്ലീഷിൽ സംസാരിക്കുന്നു. അയാൾ മാന്യതയുടെ പേരിൽ ചിരിച്ചു, ബസ്സുനോക്കി നിൽപ്പായി. ഇവരുമായി അധികം അടുക്കുന്നത് അപകടമാണെന്ന് അയാൾക്കറിയാം. അങ്ങനെ നിൽക്കുമ്പോൾ വീണ്ടുമൊരു ചോദ്യം.

“നമുക്ക് ടാക്സിയിൽ പോകാം. വേണമെങ്കിൽ ചാർജ്ജ് ഞാൻ പങ്കിടാം.”

“നന്ദി. കുറച്ചു വൈകിയാലും ഞാൻ ബസ്സിൽ പോകാനാണ് ഉദ്ദേശിക്കുന്നത്. പിന്നെ തൽക്കാലം ടാക്സികളൊന്നും കാണുന്നുമില്ല.”

അയാൾ വീണ്ടും തിരിഞ്ഞ് ബസ് നോക്കി നിൽപ്പായി. ഒരഞ്ചു മിനുറ്റായിക്കാണും, പിന്നിൽ ഇടത്തെ ചുമലിൽ ഒരു സ്പർശം അയാളറിഞ്ഞു. കഴുത്തിനു പിന്നിൽ ചൂടുള്ള നിശ്വാസം. അയാൾ തിരിഞ്ഞു നോക്കിയില്ല. സെഡക്ഷൻ. അയാൾ മനസ്സിൽ കരുതി—പക്ഷേ, അതു ഫലിക്കുന്നുണ്ടെന്ന് അയാൾ അറിഞ്ഞു.

“യുവാർ സോ എക്സൈറ്റിംഗ്,” അവൾ മന്ത്രിച്ചു.

സുഗതൻ തിരിഞ്ഞു നോക്കി. അവൾ മുഖം തന്റെ ചുമലിൽ അമർത്തി വച്ചിരിക്കയാണ്. സാരി ചുമലിൽ നിന്ന് ഊർന്നു വീണിരുന്നു. അവളുടെ വലിയ മാറിടം ബ്ളൌസിനു മീതെ, തുളുമ്പി നിന്നു. അവൾ ഇതിനിടയ്ക്ക് അയാളുടെ അരക്കെട്ടിൽക്കൂടി കൈയിട്ടിരുന്നു.

“നമുക്ക പോവാം,” അവൾ പറഞ്ഞു.

ഉച്ചയ്ക്ക് മോണികായുമായി ഉണ്ടായ ഇച്ഛാഭംഗം അയാൾക്ക് ഓർമ്മ വന്നു. പെട്ടെന്ന് താൻ സ്വയം പീഡിതനാണെന്ന് സുഗതന് തോന്നി.

“വരു.” അവൾ അയാളുടെ കൈപിടിച്ചു നടന്നു. അടുത്ത തെരുവിൽ ഒരു ടാക്സിയുണ്ടായിരുന്നു. അവൾ കൈ കാണിച്ചിരിക്കണം, ടാക്സിക്കാരൻ മീറ്ററു താഴ്ത്തി, പിൻവാതിൽ തുറന്നുകൊടുത്തു.

അവൾ അയാളോടു ചേർന്നിരുന്നു. അയാൾ ചോദിച്ചു.

“നിനക്കെത്ര വേണം?”

ബിസിനസ്സ് ബിസിനസ്സാണെന്നും, ആദ്യം തന്നെ വില ഉറപ്പിക്കുകയാണ് നല്ലതെന്നും അയാൾക്കു തോന്നി. അവളുടെ ഉത്തരം ഒരു മറുചോദ്യമായിരുന്നു.

“നിങ്ങൾ എന്തുതരും?”

ഇങ്ങനെ ഒരു ‘വാങ്ങലി’നെപ്പറ്റി അയാൾ മുമ്പ് ആലോചിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അയാൾക്ക് അങ്ങാടി നിലവാരവും അറിയില്ല. ഒരുപക്ഷേ, അമ്പതായിരിക്കും. അല്ലെങ്കിൽ നൂറ്, എന്തുമാകാം.

“നീ പറയൂ.”

രാത്രി മുഴുവനും വേണോ, അതോ രണ്ടുമണിക്കൂർ മതിയോ?

“ഒരു മണിക്കൂർ.”

“നൂറ്.”

വില പേശണമെന്ന് അയാളുടെ മനസ്സു പറഞ്ഞു.

ഞാൻ അമ്പതു തരാം.

അവൾ ആലോചിച്ചു. ടാക്സി തെരുവിൽക്കൂടി നീങ്ങുന്നുണ്ടായിരുന്നു. എങ്ങോട്ടാണ് പോകുന്നതെന്ന് അയാൾക്കു രൂപമില്ല. അവൾ ചോദിച്ചു.

“നിങ്ങൾക്ക് സ്ഥലമുണ്ടോ?”

“ഇല്ല”

എങ്കിൽ വീട്ടിൽ പോകാം. എനിയ്ക്ക് ഫർനിഷ് ചെയ്ത ഒരു മുറിയുണ്ട്. അവിടെ പോകാം. എഴുപത്തിയഞ്ചു തരൂ. അയാൾ, മായ മത്സ്യക്കാരികളുമായി വില പേശുന്നതു കണ്ടിട്ടുണ്ട്. അവർ പറഞ്ഞ വിലയുടെ പകുതി മായ പറയും. അവസാനം അതിനു രണ്ടിനുമിടയിലുള്ള ഒരു വിലയിൽ ഉറപ്പിക്കുകയും ചെയ്യും. വളരെ രസകരമാണത്. ശരിക്കുള്ള വില മത്സ്യക്കാരികൾ ആദ്യമേ പറയുകയോ, അതല്ലെങ്കിൽ മായ പിശകാതിരിക്കുകയോ ചെയ്താൽ അതിന്റെ ഭംഗി നഷ്ടപ്പെടുന്നു.

ടാക്സിക്കാരനെ പണം കൊടുത്ത് ഒഴിവാക്കി. അവളുടെ പിന്നാലെ കോണി കയറി മുകളിലെത്തിയപ്പോൾ, അവളുടെ ഫർണിഷ്ഡ് മുറി മോശമല്ലെന്ന് അയാൾ കണ്ടു. ഒരു ഇരട്ട കിടക്ക, സോഫാസെറ്റും കസാലകളും ,ഷോകേസിനു മീതെ ഒരു ടി. വി. സെറ്റ്. ജനലിന് ചുമരിന്റെ പച്ചച്ചായത്തിനു ചേർന്ന കട്ടിയുള്ള കർട്ടൻ. അയാൾക്ക് അവളോട് ആദരവു തോന്നി. ഈ വേശ്യ അവളുടെ തൊഴിലിനോട് നീതി പുലർത്തുന്നുണ്ട്.

അയാൾ ഒരു കസേരയിൽ ഇരുന്ന് ഷൂസിന്റെ ലേസുകൾ അഴിച്ചു. അവൾ സാരിയഴിച്ചുവെച്ച്, ബ്ലൌസിന്റെ കുടുക്കുകൾ വിടുവിച്ച് അഴിച്ചു. പെറ്റിക്കോട്ടും അഴിച്ചെറിഞ്ഞ് ബ്രാസിയറും ബ്രീഫുമായി അഭിനന്ദനം പ്രതീക്ഷിച്ചെന്നപോലെ അയാളുടെ മുമ്പിൽ നിന്നു. അവളുടെ ശരീരം വടിവൊത്തതായിരുന്നു.

അയാൾ ഓർത്തു. ഒരു പക്ഷേ, ദിവസവും. അവൾ വ്യത്യസ്തരായ ഓരോരുത്തരുടെ മുമ്പിൽ ഇങ്ങിനെ നിന്നു കൊടുക്കുന്നുണ്ടാവും. അവരുടെ പ്രതികരണം എന്തെല്ലാമായിരിക്കും?

“നിനക്ക് നല്ല ഒരു ശരീരം ഉണ്ട്.” അയാൾ പറഞ്ഞു.

സ്വന്തം വസ്ത്രങ്ങൾ അഴിച്ചുമാറ്റുമ്പോൾ വീണ്ടും വികാരം തലപൊക്കുന്നത് അയാൾ അറിഞ്ഞു.

പക്ഷേ, കിടക്കയിൽ അവളോട് ചേർന്നു കിടന്നപ്പോൾ വികാരം തണുത്തുറച്ചെന്ന് നിരാശയോടെ, അമ്പരപ്പോടെ, അയാൾ മനസ്സിലാക്കി. അത് അവൾക്കും അമ്പരപ്പുണ്ടാക്കുന്നതായിരുന്നു. ഒട്ടു വല്ലായ്മയോടെ അവൾ പറഞ്ഞു.

“താങ്കൾ തയ്യാറായിട്ടില്ലെന്നു തോന്നുന്നു.”

“തയ്യാറാക്കേണ്ടത് നിന്റെ ചുമതലയാണ്.” അയാൾ ധൈര്യം വിടാതെ പറഞ്ഞു.

അവൾ ശ്രമിക്കുന്നുണ്ടായിരുന്നു.

അയാൾക്ക് വലിയ ഉലയാത്ത മാറിടം ഇഷ്ടമായിരുന്നു. അയാൾ അവളെ താലോലിച്ചുകൊണ്ടിരുന്നു. പക്ഷേ, ഈ ശ്രമങ്ങളൊന്നും ഫലിച്ചില്ല. വികാരം ഒരു ചത്ത പാമ്പിനെപ്പോലെ അടിയിലെവിടെയോ ഉണരാതെ കിടന്നു.

“ഒരു പക്ഷേ, നിനക്കെന്നെ ഇഷ്ടമായിട്ടുണ്ടാവില്ല,” അവൾ പരിഭവത്തോടെ പറഞ്ഞു.

അതല്ല, അയാൾ പറഞ്ഞു. ചുറ്റുമുള്ള പ്രക്ഷുബ്ധമായ അന്തരീക്ഷം അയാൾക്കനുഭവപ്പെട്ടു. ഇവളുടെ ഒപ്പം കിടന്നിരിക്കാവുന്ന മറ്റ് ആൾക്കാരെപ്പറ്റി അയാൾ ആലോചിച്ചു. അവരിൽ വിവാഹിതരായവർ ഉണ്ടായിരിക്കുമോ? ഉണ്ടെങ്കിൽ അവരുടെ ഭാര്യമാർ സുന്ദരികളായിരിക്കുമോ? മായ താൻ ഇപ്പോൾ ഒപ്പം കിടക്കുന്ന സ്ത്രീയേക്കാൾ ചെറുപ്പവും സുന്ദരിയുമാണെന്ന് അയാൾ ഓർത്തു. എന്റെ വികാരം കെട്ടടങ്ങിയത് എനിക്കതിന്റെ ആവശ്യമില്ലാത്തതുകൊണ്ടായിരിക്കും.

“താങ്കൾ ഉണരാനുള്ള ഭാവമൊന്നുമില്ല.” അവൾ പറഞ്ഞു. അവളുടെ കണ്ണുകളിൽ മുറിവേറ്റ ഭാവമുണ്ടായിരുന്നു. അയാൾക്ക് സഹതാപം തോന്നി. അവളെ എങ്ങിനെയെങ്കിലും ഈ വിഷമസന്ധിയിൽ നിന്ന് രക്ഷിക്കേണ്ടത് സ്വന്തം കടമയാണെന്ന് അയാൾക്കു തോന്നി.

ഒരു പക്ഷേ, എന്നെ കാണാൻ ഭംഗിയുണ്ടാവില്ല, അവൾ ക്ഷമാപണപൂർവ്വം പറഞ്ഞു. പക്ഷേ, ബസ്സ്റ്റോപ്പിൽ നിൽക്കുമ്പോൾ നിനക്ക് വികാരമുണ്ടായിരുന്നല്ലൊ. നീ സന്നദ്ധനായിരുന്നല്ലൊ.

അപ്പോൾ അതവൾ കണ്ടുപിടിച്ചിരുന്നു. പക്ഷേ, രണ്ടും രണ്ടാണ്. അത് സെഡക്ഷൻ ആണ്, ഇത് വ്യഭിചാരവും.

ഉച്ചയ്ക്ക് മോണികായുടെ ഒപ്പം ഹോട്ടലിൽ പോയിരുന്നെങ്കിൽ എന്തുണ്ടാകുമായിരുന്നെന്ന് അയാൾ ആലോചിച്ചു നോക്കി. ഭാവനയിൽ മോണികായെ നഗ്നയാക്കുന്നത് അയാൾ കണ്ടു. ഫലം അത്ഭുതാവഹമായിരുന്നു. ഉറങ്ങിയ വികാരം സടകുടഞ്ഞെഴുന്നേറ്റു. അത്ഭുതപരതന്ത്രയായി അവൾ ശബ്ദം പുറപ്പെടുവിച്ചതു കേട്ടപ്പോൾ അയാൾ ചിരിച്ചു.

“അവസാനം!”

കുളിമുറിയിൽനിന്നും പുറത്തു കടന്നപ്പോൾ അയാൾ പശ്ചാത്തപിച്ചു. ഞാനെന്തിനിതു ചെയ്തു? എന്തായിരുന്നു അതിന്റെ ആവശ്യം? മായ അയാൾക്ക് ഇപ്പോഴും ഒരു ലഹരിയായിരുന്നു. പിന്നെ എന്തിന് അവളെക്കാൾ ഒട്ടും സുന്ദരിയല്ലാത്ത ഒരു സ്ത്രീയുടെ, അതും ഒരു വേശ്യയുടെ അടുത്തുപോയി? അയാൾ മായ പറയാറുള്ളത് ഓർത്തു.

നിനക്കു വേറൊരു പെണ്ണിന്റെ ഒപ്പം കിടക്കണമെന്ന് തോന്നുന്നുണ്ടെങ്കിൽ ചെയ്തുകൊള്ളൂ. ഒരു മാറ്റം നല്ലതുതന്നെയാണ്. പക്ഷേ, വേശ്യകളുടെ അടുത്ത് പോകരുത്. അവർക്ക് വൃത്തിയുണ്ടാവില്ല. പിന്നെ രോഗങ്ങളുമുണ്ടായേക്കാം.

താൻ ഒരു വേശ്യയുടെ ഒപ്പം കിടന്നുവെന്നറിഞ്ഞാൽ മായ മാപ്പു തന്നില്ലെന്നു വരും.

വേശ്യ കുളിമുറിയിൽ നിന്നു പുറത്തു കടന്നു. അവളുടെ നഗ്നശരീരം അയാൾ അറപ്പോടെ നോക്കി കൺതിരിച്ചു. അയാൾ ഷർട്ടും പാന്റും ഇട്ട് കഴിഞ്ഞ് ഷൂസ് ഇടുകയായിരുന്നു. അവൾ ചോദിച്ചു.

“പോവുകയാണോ?”

അയാൾ മൂളി.

നിങ്ങൾക്ക് വേണമെങ്കിൽ രണ്ടു മണിക്കൂർ ചെലവഴിക്കാം; ഞാൻ ഒരു മണിക്കൂറെ പറഞ്ഞിട്ടുള്ളുവെങ്കിൽക്കൂടി. വേണമെങ്കിൽ നിനക്ക് രാത്രി മുഴുവൻ ഇവിടെ ചെലവഴിക്കാം. കുറച്ച് എക്സട്രാ തന്നാൽ മതി, ഇരുപത്തിഅഞ്ചു കൂടി. ഞാനിനി ഏതായാലും പുറത്തു പോകുന്നില്ല.

വായിൽനിന്ന് ആ വൃത്തികെട്ട വാക്ക് പുറത്തു ചാടാതിരിക്കാൻ അയാൾ പണിപ്പെട്ടു. വയറ്റിൽ നിന്ന് എന്തോ പൊന്തി ശർദ്ദിക്കാൻ വരുന്നപോലെ അയാൾക്കു തോന്നി.

അയാൾ പഴ്സിൽനിന്ന് കുറെ നോട്ടുകൾ പുറത്തെടുത്ത് എണ്ണി കിടക്കയിലേക്കെറിഞ്ഞ് വാതിൽ തുറന്ന് പുറത്തിറങ്ങി.

പുറത്തുതന്നെ ടാക്സിയുണ്ടായിരുന്നു. ഒരുപക്ഷേ, തന്നെ കൊണ്ടുവന്ന ടാക്സി തന്നെയായിരിക്കും. അയാൾക്ക് ടാക്സിക്കാരനെ ഓർമ്മയില്ലാത്തതുകൊണ്ട് തീർച്ചയാക്കാൻ പറ്റിയില്ല.

തെരുവു വിളക്കുകൾ വീണ്ടും നീങ്ങിയപ്പോൾ അയാൾക്കു കരയാൻ തോന്നി. ഞാൻ എന്തിനിതു ചെയ്തു? വിവാഹത്തിനു മുമ്പ് പല പ്രലോഭനങ്ങളുമുണ്ടായിട്ടും അയാൾ വേശ്യകളുടെ അടുത്ത് പോയിരുന്നില്ല പിന്നെ ഇപ്പോൾ അതിന്റെ യാതൊരു ആവശ്യവുമില്ലാഞ്ഞപ്പോൾ താൻ എന്തിനിതു ചെയ്തു? എന്തിനു ചെയ്തു?

ദൂരെനിന്ന് അയാൾ സർക്കസ് കൂടാരത്തിന്റെ വിളക്കുകൾ കണ്ടു. മിന്നി സഞ്ചരിക്കുന്ന വിളക്കുകളുടെ മാലകൾ. അവിടെ ഒരു ഷോ നടന്നുകൊണ്ടിരിക്കയാണ്. കഴിഞ്ഞ ആഴ്ച മായയുടെ നിർബ്ബന്ധത്തിനു വഴങ്ങി സർക്കസ്സ് കാണാൻ പോയിരുന്നു. അയാൾക്കും മകൾക്കും ഏറ്റവും ഇഷ്ടപ്പെട്ടത് അതിലെ കുള്ളനായ കോമാളിയെയായിരുന്നു. വീട്ടിൽ തിരിച്ചെത്തിയിട്ട് വളരെ നേരം രണ്ടുപേരും ആ കുള്ളൻ കൃത്രിമഭാരം എടുത്ത് വിഷമം അഭിനയിച്ചു പൊന്തിക്കുന്നത് അനുകരിച്ചുകൊണ്ടിരുന്നു.

അയാൾ ബോസ്സിനെ ഓർത്തു. മോണികായെ ഓർത്തു. നീയൊരു കോമാളിയാണ് സുഗതൻ എന്നു പറയാറുള്ള മായയെ ഓർത്തു. പിന്നെ നരച്ച താടി

തലോടിക്കൊണ്ട്, എല്ലാവരും, അഭ്യാസിപോലും, അവസാനം ഒരു കോമാളിയാവു ന്നു എന്നു പറഞ്ഞ തന്റെ ആദ്യത്തെ ബോസ്സിനെ ഓർത്തു.

സ്വയം ചെറുതായി വരുന്നത് അയാൾക്കനുഭവപ്പെട്ടു. മൂക്കിനു മുകളിൽ വലുതായി വന്ന, വെളുത്ത ഉണ്ട അയാൾ കണ്ണുകൾ നടുവിലേക്കാക്കി നോക്കി. കാതുകൾ വലുതായി തൂങ്ങുന്നു തലയിൽ വന്ന അറ്റത്ത് ഉണ്ടയുള്ള കൂർത്ത തൊപ്പി തനിക്കെത്ര യോജിക്കുന്നെന്ന് അയാൾ മനസ്സിലാക്കി.

ടാക്സി നിർത്താനയാൾ ഗർജ്ജിച്ചു. ടാക്സി പെട്ടെന്നു നിർത്തി അത്ഭുതത്തോടെ നോക്കിയ ടാക്സിക്കാരനു നേരെ ഒരു നോട്ടെടുത്തു നീട്ടി, വാതിൽ തുറന്ന് അയാൾ പുറത്തിറങ്ങി. പുറത്തിറങ്ങാൻ വിഷമമുണ്ടായിരുന്നു. പിന്നെ തെരുവു വിളക്കുകൾക്കും, കൂടാരത്തിന്റെ പ്രകാശമയമായ അന്തരീക്ഷത്തിനും ഇടയിലുള്ള കുറച്ച് ഇരുട്ടിയ സ്ഥലത്തേക്ക് കുറിയ കാലുകൾ വച്ച് ഓടുമ്പോൾ കണ്ണീരോടെ അയാൾ സ്വയം പറഞ്ഞു.

“ഞാനൊരു കോമാളിയാണ്.”

## രൂപം നഷ്ടപ്പെട്ട മൃഗങ്ങൾ

മഴ തോർന്ന് വെയിലുദിച്ചപ്പോൾ മണ്ണിൽ ദൈവത്തിന് എണ്ണ കൊടുക്കുന്ന പുഴവുണ്ടായിരുന്നു. ഒരിഞ്ചു നീളത്തിൽ ചുവപ്പും കറുപ്പും നിറത്തിലുള്ള കെട്ടുകളോടെ അതു ധൃതിയിൽ അരിച്ചുനീങ്ങി. അതെങ്ങോട്ടാണ് പോകുന്നതെന്ന് കണ്ടുപിടിക്കാൻ പല തവണ ശ്രമിച്ചതാണ് വാസു. ദൈവം താമസിക്കുന്നിടം കാണാൻ ഒരു പക്ഷേ, കഴിഞ്ഞേക്കും. പക്ഷേ, രാഘവേട്ടൻ പറയുന്നത് ആ പുഴു വൈകുന്നേരം വരെ എണ്ണ ശേഖരിക്കുമെന്നാണ്. വൈകുന്നേരമായാൽ ദൈവം പുഴുവിന് ഒരു നൂലേണി ഇറക്കിക്കൊടുക്കുമത്രെ.

പുഴുവിന്റെ പിന്നാലെ നടന്ന് എത്തിയത് ഒരു ചെറിയ അരുവിയിലേക്കാണ്. മേലെ കണ്ടത്തിൽ കെട്ടിനിന്ന വെള്ളം താഴെ കണ്ടത്തിലേയ്ക്ക് ഒരരുവിയായി ഒഴുകുന്നു. തെളിഞ്ഞ വെള്ളം. മുകളിൽ പ്ലാവിന്റെ ഇലകളിലൂടെ അരിച്ചെത്തിയ സൂര്യവെളിച്ചം അരുവിക്ക് തിളക്കം കൊടുത്തു.

ഇവിടെ ഒരു അണക്കെട്ടു കെട്ടാം. വാസു വിചാരിച്ചു. പിന്നെ വെള്ളം മലമ്പുഴ അണക്കെട്ടിൽ കണ്ടപോലെ ഒരു ടണലിൽക്കൂടി കുറെ ദൂരെ വരുത്താം. വാസുവിന്റെ കണ്ണുകൾ വിടർന്നു. അവൻ അണക്കെട്ടു കെട്ടാനുള്ള സാമഗ്രികളും അന്വേഷിച്ചു നടന്നു.

വായുവിൽ ഇലഞ്ഞിപ്പൂക്കളുടെ മണമുണ്ടായിരുന്നു. ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ നിറയെ പൂക്കൾ ചിതറിക്കിടക്കുന്നുണ്ടാകും. അതു പെറുക്കുന്നത് പെൺകുട്ടികളുടെ പണിയാണ്. പോരാത്തതിന് അതിലും കാര്യമായ ഒരു പണി ഇവിടെ കിടക്കുന്നു!

രാഘവൻ സ്ഥലത്തെത്തിയപ്പോഴേയ്ക്കും വാസു അണക്കെട്ടിന്റെ പണി തുടങ്ങിയിരുന്നു.

"നീ എന്താണ് ഉണ്ടാക്കുന്നത്?"

"ഒരു അണക്കെട്ട്."

"അണക്കെട്ടോ?"

"അതെ."

രാഘവന്റെ കണ്ണുകൾ വിടർന്നു. വാസു ഒരു എഞ്ചിനീയറെപ്പോലെ അവന്റെ പ്ലാനിന്റെ വിശദാംശങ്ങൾ വിവരിക്കുന്നത് അല്പം അസൂയ കലർന്ന മതിപ്പോടെ രാഘവൻ നോക്കി നിന്നു. നാലു വയസ്സ് താഴെയാണെങ്കിൽക്കൂടി തന്നേക്കാൾ നന്നായി പല കാര്യങ്ങളും ആസൂത്രണം ചെയ്യാനും അതു നന്നായി പ്രയോഗത്തിൽ വരുത്താനും അവനു കഴിയും.

കല്ലുകൾ സംഭരിച്ച് അവർ അണക്കെട്ടിന്റെ പണി തുടങ്ങി. രണ്ടു ഭാഗത്തുനിന്നും മതിൽ ഉയർത്തിക്കൊണ്ടു വന്നു. നനഞ്ഞ മണ്ണ് കയ്യിൽ വഴങ്ങുന്നത് ലഹരി പിടിപ്പിക്കുന്നതായിരുന്നു.

അപ്പോഴാണ് മൊട്ടച്ചിയുടെ വരവ്. ഇറക്കം കുറഞ്ഞ ഫ്രോക്കു ധരിച്ച് രാവിലെ അമ്മ ചുവന്ന റിബ്ബൺ കൊണ്ട് കെട്ടിക്കൊടുത്ത തലമുടിയും തുള്ളിച്ചുകൊണ്ട് അവൾ ഓടി വന്നു.

വാസ്വേട്ടാ ഞാനുംണ്ട് കളിക്കാൻ.

“ചതിച്ചു.” വാസു രാഘവനോട് പതുക്കെ പറഞ്ഞു. മൊട്ടച്ചി ഇതെല്ലാം കുഴപ്പത്തിലാക്കും. അവൻ നയത്തിൽ സാവിത്രിയോടു പറഞ്ഞു.

“ഇതൊന്നും കളിയല്ല മോളെ. ഏട്ടമ്മാര് ഒരു വലിയ അണക്കെട്ടുണ്ടാക്കാണ്. വേനൽക്കാലത്ത് നമുക്ക് വെണ്ടത്തയ്യുകൾക്കൊക്കെ നനയ്ക്കണ്ടെ?”

“അതിന് പരമൻ ഏത്തം വെയ്ക്കില്ല്യേ?”

അവൾ ബുദ്ധിമതിയായിരുന്നു.

“ഒരു ദിവസം പരമൻ തേവാൻ വന്നില്ലെങ്കിലോ? നമ്മുടെ വെണ്ടയും വഴുതിനയും ഒക്കെ ഉണങ്ങിപ്പോവില്ല്യേ?”

“അല്ലാ, ഞാനുംണ്ട് കളിക്കാൻ.”

അവൾ അടുത്തു വന്നിരുന്നു.

നയത്തിൽ അവളെ ഒഴിവാക്കാൻ പറ്റില്ലെന്നു കണ്ടപ്പോൾ രാഘവൻ പറഞ്ഞു.

“മൊട്ടച്ചീ, നീ പൊയ്ക്കോ. അതാ നല്ലത്.”

“ഞാൻ മൊട്ടച്ചിയല്ല, നോക്കു.”

അവൾ റിബ്ബൺ കെട്ടിയ തലമുടി പൊന്തിച്ചുകാണിച്ചു കൊടുത്തു. റിബ്ബൺ കെട്ടിയതിനു ശേഷം രണ്ടിഞ്ചു നീളത്തിൽ തലമുടി എറുത്തുനിന്നിരുന്നു.

“ഈ കുഞ്ചിരോമത്തിന് ആരെങ്കിലും തലമൂടീന്ന് പറയ്യൊ?” വാസു കളിപ്പിച്ചു.

“ഞാൻ മുണ്ടില്ല്യാ ഈ ഏട്ടമ്മാരോട്.”

അവൾ മുഖം വീർപ്പിച്ച് തിരിഞ്ഞു നടന്നു.

“മുണ്ടില്ലെങ്കിൽ ഉടുക്കണ്ട.” വാസു വിളിച്ചു പറഞ്ഞു.

അണക്കെട്ടിന്റെ പണി തുടർന്നു. നടുവിൽ വെള്ളം ഒലിയ്ക്കുന്നിടത്ത് ഒരു കരിങ്കൽ തന്നെ വെയ്ക്കണം. അതു വെച്ചു മീതെ മണ്ണിട്ടപ്പോൾ അണക്കെട്ടു നിറയാൻ തുടങ്ങി.

ഇനി നമുക്കൊരു ടണൽ സംഘടിപ്പിക്കണം, കൂടുതൽ വെള്ളം ഒഴിഞ്ഞു പോകാൻ. വാസു പറഞ്ഞു.

അവൻ ഓടിപ്പോയി ഒരു ഓമത്തണ്ട് വെട്ടിക്കൊണ്ടുവന്നു. ഉള്ളു പൊള്ളയായ ആ തണ്ട് അണക്കെട്ടിന്റെ ഒരു വശത്തായി അടിയിൽക്കൂടി വെച്ചപ്പോൾ വെള്ളം ആ കുഴലിലൂടെ ശക്തിയായി പ്രവഹിച്ചു തുടങ്ങി. ഇനി അവിടെ ഒരു തോടു കീറിയാൽ ജലസേചന പദ്ധതി തുടങ്ങാം.

അപ്പോഴേയ്ക്കും സാവിത്രി ഓടി വന്നു.

“നോക്കു, വെണ്ട കുഴിച്ചിട്ടത് മുളച്ചു.”

വാസുവും രാഘവനും നോക്കിയപ്പോൾ അവളുടെ കൈയിൽ ഒരു ചെറിയ തൈ. മുള പൊട്ടി രണ്ടില വിരിയുന്നതേയുള്ളു.

“അയ്യോ, അത് പറിക്കാൻ പാടില്ല മോളെ. നാശമാവില്ലെ?”

രാഘവൻ അവളുടെ കൈയിൽനിന്ന് വെണ്ടത്തൈ വാങ്ങി. അവർ വെണ്ട പാവിയ കണ്ടത്തിലേയ്ക്കോടി. ഒരു മാതിരി എല്ലാം മുളച്ചിരിക്കുന്നു. ചിലത് രണ്ടില

വിരിഞ്ഞിരിക്കുന്നു. ചിലത് ഇപ്പോഴും വളഞ്ഞ് മുട്ടുകുത്തി നിൽക്കുകയാണ് ചെറിയ കുട്ടികളെപ്പോലെ. ചിലതു മണ്ണു പിളർന്നു പുറത്തേക്കു വരാൻ ശ്രമിക്കുന്നു.

“നമുക്കിതിന് ഓലകൊണ്ടു വളയിട്ടു കൊടുക്കണം.” വാസു പറഞ്ഞു. “എല്ലാം നിവരട്ടെ.”

രാഘവൻ, സാവിത്രി പറിച്ചെടുത്ത തൈ തിരിച്ച് മണ്ണിൽ കുഴിച്ചിട്ടു.

തിരിച്ച് അണക്കെട്ടിലെത്തിയപ്പോഴേക്ക് കെട്ടി നിറുത്തിയ വെള്ളം കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിച്ച് ഒരു വലിയ തടാകമായിരുന്നു. അതിൽ നടുവിൽ ഒരു വലിയ കട്ടുറമ്പ് പെട്ടിരിക്കുന്നു. അതു കര പറ്റാൻ ശ്രമിക്കുകയാണ്. പക്ഷേ, ഒഴുകി വരുന്ന വെള്ളം ഉണ്ടാക്കുന്ന ചുഴിയിൽ അതിനു നീന്താൻ കഴിയുന്നില്ല.

വാസു പറഞ്ഞു. നമുക്കൊരു തോണി ഇറക്കിക്കൊടുക്കാം.

അവൻ ചെറിയ ഒരു ഉണക്കപ്ലാവില തടാകത്തിലേക്കിട്ടു കൊടുത്തു. ഒഴുക്കിൽ ആ പ്ലാവില ഉറുമ്പിന്റെ അടുത്തെത്തിയപ്പോൾ ഉറുമ്പ് അതിൽ കയറി ഇരിപ്പായി. പെട്ടെന്ന് വാസുവിന് വേറൊരു ഐഡിയ മനസ്സിൽ വന്നു. അതു രാഘവനോട് പറയാൻ പോകുമ്പോഴാണ് അവൻ ഓർത്തത്. സാവിത്രി അടുത്തുണ്ട്. അവൾ ഒരു ഈൎക്കില കൊണ്ട് ഉറുമ്പരിക്കുന്ന പ്ലാവില തടാകത്തിന്റെ അരുകെത്തിക്കാൻ ശ്രമിക്കുകയാണ്.

വാസു രാഘവനോട് സ്വകാര്യം പറഞ്ഞു.

“രാഘവേട്ടാ, എനിയ്ക്കൊരു ഐഡിയ പക്ഷേ, മൊട്ടച്ചിയെ പറഞ്ഞയക്കണം.”

സാവിത്രി ഉറുമ്പിനെ രക്ഷിക്കുന്നതിൽ ശ്രദ്ധിച്ചിരിക്കയാണ്.

വാസു പറഞ്ഞു.

“മോളെ നീ വീട്ടിലേക്ക് പൊയ്ക്കൊ. ഇവിടെ ഇപ്പൊ ഒരു വലിയ നരി വരും.”

“എനിക്കും നരിയെ കാണണം.” അവൾ ശഠിച്ചു.

“അയ്യോ നരി പെൺകുട്ടികളെ കണ്ടാൽ ഉടനെ കടിച്ചുതിന്നും. നമ്മുടെ നന്ദിനിപ്പശുനേക്കാൾ വലുതാണ് നരി, അറിയ്യോ? ഏട്ടന്റെ പുസ്തകത്തില് കണ്ടിട്ടില്ല്യെ? മോള് പോയ്ക്കോ.”

“അപ്പോ ഏട്ടമ്മാരെ നരി തിന്നില്ല്യെ?”

“ഏയ് ഇല്ല. ആൺകുട്ടികളെ തിന്നില്ല.”

ഞാനിവിടെ നിൽക്ക്വാണ്. അവൾ പറഞ്ഞു.

“നിന്നോ, യാതൊരു തരക്കേടുമില്ല. നരി ഇപ്പോ വരും. നിന്നെ കറും മുറുംന്ന് തിന്നും ചെയ്യും. വാസ്വേട്ടൻ പോയി കുറച്ച് ഉപ്പും പച്ചമുളകും കൊടുക്കും നരിക്ക്.”

“എന്തിനാ?”

“ഉപ്പും മുളകും ഇല്ലാതെ നിന്നെ തിന്നാൻ സ്വാദുണ്ടാവ്വോ?”

അവൾ പതുക്കെ എഴുന്നേറ്റു.

“ഞാൻ പോവ്വാണ്. എനിക്ക് നിങ്ങടെ ഒപ്പം കളിക്കണ്ട.”

കുളത്തിന്റെ അടുത്ത കണ്ടത്തിൽ വേനലിൽ ഏത്തത്തിന് ഉപയോഗിച്ചിരുന്ന കരിമ്പനപ്പാത്തി വെച്ചിട്ടുണ്ട്. മഴ തുടങ്ങിയപ്പോൾ അച്ഛൻ പരമനെക്കൊണ്ട് അതെടുപ്പിച്ച് രണ്ടു കല്ലിന്മേൽ കയറ്റി വെപ്പിച്ചതാണ്. ചിതൽ പിടിച്ച് നാശമാവാതിരിക്കാൻ.

നമുക്ക് ആ പാത്തിയെടുത്ത് കുളത്തിലിട്ട് തോണിയായി തുഴഞ്ഞു കളിക്കാം. വാസു പറഞ്ഞു "രണ്ടു ഭാഗത്തു മണ്ണിട്ടാൽ വെള്ളം കടക്കില്ല."

രാഘവന് വാസുവിനോട് പെട്ടെന്ന് മതിപ്പും ഒപ്പം തന്നെ കടുത്ത അസൂയയും ഉണ്ടായി. ഈ വക കാര്യങ്ങൾ തന്റെ ബുദ്ധിയിൽ ഒരിക്കലും വരില്ല. അനുജന്റെ കഴിവിലും ബുദ്ധിശക്തിയിലും രാഘവന് മതിപ്പാണ്. പക്ഷേ, മറ്റുള്ളവർ, രണ്ടുപേരെയും താരതമ്യപ്പെടുത്തി തന്നെ തരം താഴ്ത്തുമ്പോൾ അവനു വേദനയുണ്ടാകാറുണ്ട്. പലപ്പോഴും ഇങ്ങിനെ ഒരനുജൻ ഉണ്ടായിരുന്നില്ലെങ്കിലെത്ര നന്നായിരുന്നു എന്നു വരെ തോന്നാറുണ്ട്.

ഒരിക്കൽ വളരെയധികം പേരുടെ മുമ്പിൽ വെച്ച് അപമാനിതനായിട്ടുണ്ട്. അമ്മാവനാണ് കാരണം. അമ്മാവൻ, അമ്മായിയും കുട്ടികളുമായി സന്ദർശനം കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ കുറെ കണ്ണിമാങ്ങകൾ പൊതിഞ്ഞുകൊടുക്കാൻ അച്ഛൻ ആവശ്യപ്പെട്ടു. രാഘവൻ അത് ഒരു വർത്തമാനക്കടലാസ്സിൽ പൊതിയുകയായിരുന്നു. കണ്ണിമാങ്ങകൾക്ക് നനവുണ്ടായിരുന്നതുകൊണ്ട് പൊതി കെട്ടുമ്പോൾ കടലാസ് കീറി. അതു കണ്ടുനിന്ന അമ്മാവൻ പറഞ്ഞു.

നീ ഒരു കടിഞ്ഞൂൽ പൊട്ടൻ തന്നെയാണ്. ആ വാസുവിനെ ഏൽപ്പിക്ക്. അവനതു നന്നായി ചെയ്യും.

പെട്ടെന്ന് അമ്മായിയും മക്കളും ഒന്നായി ചിരിച്ചു. താനൊരു വലിയ ഫലിതം പറഞ്ഞെന്ന ചാരിതാർത്ഥ്യത്തോടെ അമ്മാവനും ചിരിച്ചു.

പെട്ടെന്ന് അവിടം മുഴുവൻ ഇരുട്ടു വന്നു മൂടി താൻ അപ്രത്യക്ഷനായിരുന്നെങ്കിലെത്ര നന്നായിരുന്നെന്ന് രാഘവന് തോന്നി. സ്വയം ഒരു പുഴുവായി മാറിയപോലെ. അപമാനം കടുത്തതായിരുന്നു.

കുറച്ചു വിലക്ഷണമായി ആ പൊതി കെട്ടിയത് കഴിവുകേടുകൊണ്ടു മാത്രമായിരുന്നില്ല. ഒന്നാമതായി അമ്മാവന് ബസ്സിന്റെ നേരമായിരുന്നു. അവസാനത്തെ ബസ്സാണത്. അതു തെറ്റിയാൽ തിരിച്ചു വരികയേ നിവൃത്തിയുള്ളു. പിന്നെ മാങ്ങകൾക്ക് നനവുണ്ടായിരുന്നു. അതാണ് കടലാസ്സ് കീറാൻ കാരണം. അമ്മാവനു ബസ്സു തെറ്റരുതെന്ന സദ്വിചാരത്തോടെ ഒരു കാര്യം ചെയ്തപ്പോൾ തന്നെ പരിഹസിക്കുകയാണ്, അപമാനിക്കുകയാണ് ചെയ്തത്.

മുഖം മങ്ങിയെങ്കിലും അവർ പടിക്കു പുറത്തു കടക്കുന്നതു വരെ രാഘവൻ അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നു. പിന്നെ മുറിവേറ്റ മൃഗം അഭയത്തിനായി കാട്ടിലേയ്ക്ക് ഓടിയൊളിക്കുന്ന പോലെ അവൻ അകത്തെ മുറികളിലൊന്നിലേയ്ക്ക് വലിഞ്ഞു.

അമ്മാവന്റെ ഫലിതത്തിൽ ചിരിക്കാത്ത ഒരാൾ ഉണ്ടായിരുന്നു. അയാൾ മകന്റെ അഭാവം കണ്ടുപിടിച്ചു. മോനെവിടെ എന്ന ചോദ്യം രാഘവൻ കേട്ടു. അവൻ വിളി കേട്ടില്ല. അവസാനം സാവിത്രിയാണ് രാഘവനെ കണ്ടത്.

"ഏട്ടൻ ഇതാ ഇവിടെ ഇരുന്നു കരയുന്നു."

അച്ഛൻ അവനെ എഴുന്നേല്പിച്ചു. മുണ്ടിന്റെ തലപ്പുകൊണ്ട് കണ്ണീർ തുടച്ചു കൊടുത്തു.

"അയ്യയ്യേ! നീ എന്തിനാണ് കരയുന്നത്? ഒരാൾ വിഡ്ഢിത്തം വിളമ്പിയെന്ന് വച്ച് നീ കരയേണ്ട ആവശ്യം? പൊതി പൊട്ടിയത് മാങ്ങ നനഞ്ഞതുകൊണ്ടല്ലെ? അതു തുടച്ച് ഭംഗിയായി കെട്ടി, നിരത്തിലെത്തുമ്പോഴേയ്ക്ക് ബസ്സ് അതിന്റെ പാട്ടി

ന്ന പോയിട്ടുണ്ടാകും. ഇതൊന്നും ആലോചിക്കാൻ ഒരാൾക്കു ബുദ്ധിയില്ലെങ്കിൽ നീ എന്തിനു കരയണം?"

വാസു പറഞ്ഞു. "നമുക്ക് അത് വെള്ളത്തിലിറക്ക്വാ?"

രാഘവൻ അതു കേട്ടില്ല. അവൻ അപ്പോഴും പഴകിയതെങ്കിലും ഉണങ്ങിയിട്ടില്ലാത്ത ക്ഷതത്തെ താലോലിക്കുകയായിരുന്നു.

വാസു വീണ്ടും ചോദിച്ചു "നമുക്ക് പോവ്വാ?"

"ശരി," രാഘവൻ സമ്മതിച്ചു.

കരിമ്പനപ്പാത്തി ഭാരമുള്ളതായിരുന്നു. വെള്ളത്തിലേക്കിറക്കുക എളുപ്പമല്ല. അരമണിക്കൂർ നേരത്തെ അദ്ധ്വാനത്തിനുശേഷം അത് കുളത്തിലേയ്ക്ക് ഉരുട്ടിയിട്ടപ്പോഴേയ്ക്ക് രണ്ടു പേരുടെയും കൈയിനടിയിൽ ആരു കയറിയിരുന്നു. കാലിൽ ചെറിയ മുറിവുകളും പറ്റിയിരുന്നു.

ശേഷം പണി എളുപ്പമായിരുന്നു. പാത്തിയുടെ രണ്ടു വശത്തും വെള്ളം കടക്കാതിരിക്കാൻ കട്ടിയുള്ള മണ്ണു വെച്ചു; അവർ രണ്ടറ്റത്തും കയറിയിരുന്നു.

പതുക്കെ തുഴയണം, രാഘവൻ പറഞ്ഞു. സൂക്ഷിക്കണം ട്ടോ, നിനക്ക് നീന്തലറിയാത്തതാണ്.

നിറഞ്ഞു നിന്ന കുളത്തിന്റെ ജലപ്പരപ്പ് വിശാലമായിരുന്നു. മറുഭാഗത്തെ മുളംകൂട്ടം വെള്ളത്തിൽ പ്രതിഫലിച്ചത് കുളത്തിന്റെ ആഴത്തെ വലുതാക്കിക്കാണിച്ചു. തുഴയുമ്പോൾ തോണി കരയിൽ നിന്നകലുന്നതു നോക്കുന്നത് ഉന്മാദത്തോളം പോന്ന ലഹരിയുണ്ടാക്കുന്നതാണ്. അവർ വീട്ടിലേയ്ക്കു നോക്കി. വീട് വളരെ അടുത്തായി കാണപ്പെട്ടു. വടക്കുപുറത്ത് അടുക്കളയും, കുളിമുറിയും കാണാം. ഓടിന്റെ പുകക്കുഴലിൽക്കൂടി നേരിയ വെളുത്ത പുക വായുവിൽ ലയിക്കുന്നു. സാധാരണ ഗതിയിൽ കുളത്തിലിറങ്ങിയാൽ ഇതൊന്നും കാണാൻ പറ്റില്ല.

ആമ്പലിന്റെ ഇലകൾ വെള്ളത്തിൽ മുങ്ങിയിരിക്കയാണ്. തലേന്നു രാത്രി പെയ്ത കനത്ത മഴയ്ക്കുയർന്ന വെള്ളത്തോടൊപ്പം ആമ്പലിന്റെ തണ്ട് വളർന്നിട്ടുണ്ടായിരുന്നില്ല. വൈകുന്നേരമാകുമ്പോഴേയ്ക്ക് ഇലകൾ ഓരോന്നോരോന്നായി പുറത്തേയ്ക്ക് പൊന്തിവരും.

കുളത്തിന്റെ നടുവിൽ ഒരു ആമ്പൽപ്പൂ വിരിഞ്ഞു നിൽക്കുന്നത് അവർ കണ്ടു. വെള്ളത്തിനു തൊട്ടു മുകളിൽ ഒരു വലിയമ്മ കാതിലിട്ട കമ്മൽ പോലെ അത് ആടി. വാസു പറഞ്ഞു.

രാഘവേട്ടാ, നമുക്കത് അറുത്ത് തണ്ടുകൊണ്ട് മാലയുണ്ടാക്കി മൊട്ടച്ചിക്കു കൊടുക്കാം.

തണ്ട് ഓരോ ഖണ്ഡങ്ങളായി ഒടിച്ചാൽ മാലയുണ്ടാക്കാം. അതിനു നടുവിൽ ലോക്കറ്റുപോലെ പൂവും.

രണ്ടുപേരും ആമ്പൽപ്പൂവിനെ ലാക്കാക്കി തുഴഞ്ഞു. പൂവിനടുത്തെത്തിയപ്പോൾ മുന്നോക്കം തുഴഞ്ഞ് തോണി നിറുത്തി. വാസു ഇരുന്ന ഭാഗത്താണ് പൂവുണ്ടായിരുന്നത്. ഏകദേശം ഒന്നര അടി അകലെ അവൻ പൂ, തണ്ടോടുകൂടി, അറുക്കാനായി കുനിഞ്ഞു. പൂവിന്റെ അടിയിലുള്ള തണ്ടിന് നല്ല വണ്ണമുണ്ടായിരുന്നു. വണ്ണമുള്ള മാലയുണ്ടാക്കാം. അതു കേടുവരാതെ തണ്ട് മുഴുവൻ നീളത്തിൽ കിട്ടാനായി വാസു പതുക്കെ വലിച്ചു.

പെട്ടെന്നാണതുണ്ടായത്. പൂവ് തണ്ടോടുകൂടി എടുക്കാനുള്ള ശ്രദ്ധയിൽ താൻ വളരെ ചാഞ്ഞിട്ടാണ് ഇരുന്നതെന്നും, തോണിയുടെ ഒരു ഭാഗം വെള്ളത്തിന്റെ വിതാനത്തിലേയ്ക്ക് താഴുന്നുവെന്നും അവൻ കണ്ടില്ല. ആ വലിയ തണ്ട് അടിയിൽ നിന്ന് ഒരു ശബ്ദത്തോടെ പറിഞ്ഞു വന്നതും തോണിയിൽ വെള്ളം നിറഞ്ഞ് അത് കമിഴ്ന്നതും ഒപ്പം കഴിഞ്ഞു. കമിഴ്ന്ന തോണി ആ ശക്തിയിൽ തെന്നിത്തെന്നി കുളത്തിന്റെ മറുഭാഗത്തേയ്ക്ക് വളരെ വേഗത്തിൽ പോവുകയും ചെയ്തു.

രാഘവൻ നീന്താൻ തുടങ്ങി. പെട്ടെന്നുള്ള തോന്നൽ രക്ഷപ്പെടുവാനായിരുന്നു. കുറച്ച് ദൂരം നീന്തിയ ശേഷം തിരിഞ്ഞു നോക്കിയപ്പോൾ വാസു വെള്ളത്തിൽ കയ്യിട്ടടിക്കുകയും, മുങ്ങുകയുമായിരുന്നു.

തോണിയിൽനിന്നു വീണ ഉടനെ വാസു ശ്രമിച്ചത് എവിടെയെങ്കിലും പിടിക്കാനാണ്. വെള്ളത്തിൽ എവിടേയും പിടിത്തം കിട്ടില്ലെന്നു മനസ്സിലായപ്പോൾ അവൻ കാലുകൾ കൊണ്ട് നിലത്തു തൊടാൻ ശ്രമിച്ചു. താഴ്ന്നു പോകുന്ന കാലുകൾ. നിലയില്ല. വീണ്ടും താഴെ. അവന്റെ മുഖം ഇതിനകം വെള്ളത്തിനടിയിലായിരുന്നു. വീണ്ടും താഴേക്ക് താഴ്ന്നു പോയതല്ലാതെ കാലുകൾ എവിടെയും തൊട്ടില്ല. പെട്ടെന്ന് നിലയില്ലാത്ത അഗാധതയാണ് താഴെയെന്ന് അവൻ മനസ്സിലാക്കി. ഉള്ള ശക്തി മുഴുവൻ പ്രയോഗിച്ച് അവൻ കൈയിട്ടടിച്ച് വെള്ളത്തിനു മുകളിൽ ഒരു വിധം എത്തി. രാഘവൻ നീന്തിയകലുന്നത് അവൻ കണ്ടു. അവൻ ഉറക്കെ വിളിച്ചു.

“രാഘവേട്ടാ.”

തിരിച്ചുപോയി വാസുവിനെ രക്ഷിക്കാനായി രാഘവൻ ഒരു നിമിഷം സംശയിച്ചു. പക്ഷേ, രക്ഷിക്കൽ അപകടമുള്ളതാണ്. മുങ്ങിച്ചാവാൻ പോകുന്ന ഒരാളുടെ അടുത്ത് ഒരിക്കലും നേരിട്ടു പോകരുത് എന്ന് അച്ഛൻ പറഞ്ഞു കൊടുത്തിട്ടുണ്ട്. ഒരു കയറോ മുളയോ ഇട്ടുകൊടുത്ത് അവരെ വലിച്ചെടുക്കാനെ പാടുള്ളു. അല്ലെങ്കിൽ മരണ വെപ്രാളത്തിൽ അവർ നമ്മുടെ മേൽ തൂങ്ങും. നമുക്ക് നീന്തലറിയാമെങ്കിൽക്കൂടി നീന്താൻ പറ്റില്ല. അവരുടെ ഒപ്പം താഴുകയേ ഉള്ളൂ.

രാഘവൻ വീണ്ടും കരയെ ലക്ഷ്യമാക്കി നീന്തി. പെട്ടെന്ന് എന്തോ എന്നറിയില്ല, വാസു മുങ്ങിച്ചത്തുപൊയ്ക്കോട്ടെ എന്നവനു തോന്നി. വളരെ ഭ്രാന്തമായ ഒരു തോന്നലായിരുന്നു അത്. ഓടുമ്പോൾ മുമ്പിൽ കണ്ട വിലക്ഷണമായ ഒരു തടസ്സത്തെപ്പോലെ അവന് വാസുവിനെ തട്ടി നീക്കാം. അവൻ നീട്ടിവലിച്ചു നീന്തി. കരയിലെത്തി തിരിഞ്ഞുനോക്കിയപ്പോൾ വാസു അപ്പോഴും വെള്ളത്തിൽ കയ്യിട്ടടിക്കുകയാണ്. അവൻ രാഘവനെ നോക്കി എന്തോ പറയുന്നുണ്ട്. അവന്റെ കയ്യിൽ അറുത്തെടുത്ത പൂ അപ്പോഴുമുണ്ടായിരുന്നു. മരിക്കാൻ പോകുമ്പോൾ കൂടി അവൻ അനുജത്തിക്കുവേണ്ടി പറിച്ച പൂ കൈവിട്ടിരുന്നില്ല.

രാഘവന്റെ മനസ്സിൽ എവിടെയൊക്കെയോ സ്നേഹം തലപൊക്കി. അവൻ തന്റെ അനുജനാണെന്നും. എല്ലാ പ്രവൃത്തികളിലും തന്റെ പങ്കാളിയാണെന്നും രാഘവൻ ഓർത്തു. സ്നേഹം ഒരു തേങ്ങലായി വന്ന് രാഘവനെ വിഷമിപ്പിച്ചു.

രാഘവൻ പിന്നെ സംശയിച്ചില്ല. തോണി മറുകരയിൽ എത്തിയിരുന്നു. രാഘവൻ കുളത്തിലേയ്ക്ക് ചാടി എല്ലാ ശക്തിയും ഉപയോഗിച്ച് നീന്തി. മുഖമുയർത്താതെ ഊളിയിട്ടും നീന്തിയും അവൻ തോണിയുടെ അടുത്തെത്തി. തോണി മുന്നിൽ പിടിച്ച് കാലിട്ടടിച്ച് അവൻ വാസു മുങ്ങുന്നിടത്തേക്ക് കൊണ്ടുവന്നു. പിന്നെ തോണിയിൽ മുറുകെപ്പിടിച്ച് അവൻ ഒരു കൈ കൊണ്ട് വാസുവിനെ ഒരു വിധം ഉയർത്തി കമിഴ്ന്ന

തോണിയുടെ നടുവിൽ വിലങ്ങനെ കിടത്തി, വീണ്ടും തോണി കൈ കൊണ്ടു പിടിച്ച് കാലിട്ടടിച്ച് ആവും വിധം വേഗം നീന്തി.

കരയിലെത്തിയപ്പോൾ വാസുവിനെ ഒരുവിധം വലിച്ചു കയറ്റി. വാസു എഴുന്നേറ്റു നടക്കുമെന്ന ധാരണയുണ്ടായിരുന്നു രാഘവന്. പക്ഷെ, നടക്കുന്നതു പോകട്ടെ നിൽക്കാൻ കൂടി ശേഷിയില്ലാതെ അവൻ കുഴഞ്ഞു വീഴുന്നതു കണ്ടപ്പോൾ രാഘവൻ അവനെ തോളത്തെടുത്ത് വീട്ടിലേക്കു നടന്നു. വിഷമമുണ്ടായിരുന്നു. വാസുവിന് സ്വതവേ ഭാരമുണ്ടായിരുന്നു. പോരാത്തതിന് കുടിച്ച വെള്ളത്തിന്റെ തൂക്കവും.

അടുക്കളയുടെ ചായ്പിലായിരുന്നു ഉരൽ. വാസുവിനെ ഉരലിൽ കിടത്തിയപ്പോൾ വായിൽക്കൂടി വെള്ളം ഒഴുകാൻ തുടങ്ങി. രാഘവൻ അവന്റെ വയർ അമർത്തി.

അപ്പോഴേക്ക് അമ്മയും വേലക്കാരിയും ഓടിയെത്തിയിരുന്നു.

വാസുവിന് സംസാരിക്കാൻ വയ്യായിരുന്നു. പക്ഷേ അമ്മ അവനെ എടുത്തു കൊണ്ടുപോയി തോർത്തിച്ച് കിടക്കയിൽ കിടത്തുമ്പോൾ അവന്റെ ദുഃഖം, അവൻ മൊട്ടച്ചിക്കു വേണ്ടി അറുത്ത ആമ്പൽ വെള്ളത്തിൽ വീണുപോയെന്നാണ്.

രാഘവൻ അവന്റെ മുറിയിൽ വൈകുന്നേരം മുഴുവൻ കഴിച്ചുകൂട്ടി. അവൻ മ്ലാനനായിരുന്നു. നിലത്ത് ഇരുന്നുകൊണ്ട് അവൻ ചുമരിന്മേലുള്ള രൂപങ്ങൾ ശ്രദ്ധിച്ചു. വെള്ള വലിച്ച് ചില സ്ഥലത്ത് അടർന്ന് എണ്ണ പിടിച്ചുണ്ടായ രൂപങ്ങൾ. പല വിചിത്ര ജീവികളുടെ രൂപങ്ങൾ. ഈ രൂപങ്ങളിലുള്ള ജീവികൾ മറ്റേതോ ലോകത്തിൽ ജീവിക്കുന്നുണ്ടെന്ന് രാഘവൻ വിചാരിച്ചിരുന്നു. അവയുടെ മേൽ വിരലോടിച്ചുകൊണ്ട് അപകടകരമായ ആ തോണിയാത്ര അവൻ ആദ്യം മുതൽ മനസ്സിൽ ആവർത്തിച്ചു.

അത് ഞരമ്പുകളിൽ ശൈത്യം പകരുന്നതായിരുന്നു. തോണിയുടെ വക്ക് വെള്ളത്തിന്റെ വിതാനത്തിൽ എത്തിനിൽക്കുന്നതു കണ്ടതും, പെട്ടെന്ന് വാസുവിനോട് വിളിച്ചു പറയാൻ ശ്രമിക്കുമ്പോഴേക്കും തോണി മറിഞ്ഞതും ഒപ്പമായിരുന്നു. പിന്നെ നീന്തുന്നത്. വാസുവിൽ നിന്ന് നീന്തിയകലുമ്പോൾ അനുഭവപ്പെട്ട ലാഘവം അതിൽ നിഷ്ഠൂരമായ എന്തോ ഉണ്ടായിരുന്നു. അതവനെ ഭയപ്പെടുത്തി. വാസു മരിച്ചുപൊയ്ക്കോട്ടെ എന്നാലോചിച്ചത് എന്തിനായിരുന്നു?

ഈ അപകടകരമായ തോണിയാത്രക്കു മുഴുവൻ കാരണവും രാഘവനായിരുന്നു. ആദ്യമേ വാസുവിനെ നിരുത്സാഹപ്പെടുത്തേണ്ടതായിരുന്നു. അച്ഛൻ വന്നാൽ കിട്ടുന്ന ശിക്ഷ ആലോചിച്ചപ്പോൾ രാഘവൻ കൂടുതൽ അധൈര്യപ്പെട്ടു.

പുറത്തൊരു കാൽപ്പെരുമാറ്റം. സാവിത്രിയായിരുന്നു. അവൾ ഇത്രയും സമയം എവിടെയായിരുന്നു? അവൾ പതിവു പോലെ മുറിയിലേയ്ക്ക് ചാടി വീണ് ഒരു താളത്തോടെ പറഞ്ഞു.

നന്നായിട്ടുണ്ട്. ഞാൻ അച്ഛൻ വന്നാൽ പറഞ്ഞു കൊടുക്കുലോ. രാഘവേട്ടന് ഇന്ന് നല്ല പെട കിട്ടും.

മൊട്ടച്ചി അതു ചെയ്യുമെന്ന് രാഘവന് നല്ലപോലെ അറിയാം. ഈ പെണ്ണുകാരണം കിട്ടിയിട്ടുള്ള അടിക്ക് കയ്യും കണക്കുമില്ല. എന്നും അച്ഛൻ വരാൻ കാത്തിരിക്കുകയാണ് പെണ്ണ് പതിവ്.

“നരി വരുംന്ന് പറഞ്ഞിട്ട് കൊളത്തില് പോയി കളിക്ക്യായിരുന്നു അല്ലേ?” അച്ഛൻ വരട്ടെ.

പെണ്ണ് അമ്മയോടും വേലക്കാരിയോടും ചോദിച്ച് സകല വിവരങ്ങളും മനസ്സി ലാക്കി വെച്ചിട്ടുണ്ടായിരുന്നു.

അവൾ മാത്രമായിരുന്നില്ല ഭയത്തിനു കാരണം. വാസുവും അച്ഛനോട് എന്താ ണ് പറഞ്ഞുകൊടുക്കുക എന്നറിയില്ല. അവനെ രക്ഷിക്കാൻ നോക്കാതെ നീന്തിയ കന്നത് വാസു കണ്ടിരിക്കുന്നു.

അനുജനെ രക്ഷിക്കാൻ നോക്കാതെ നീ സ്വന്തം കാര്യം നോക്കി അല്ലെ എന്നായിരിക്കും അച്ഛന്റെ ചോദ്യം. അടിയുടെ ചൂടോർത്ത് അവൻ ചൂളി. അടി പി ന്നെയും സഹിക്കാം. അച്ഛൻ ശകാരിക്കാൻ തുടങ്ങിയാൽ പിന്നെ സഹിക്കാൻ പറ്റി ല്ല. അമ്മയുടെ ഭാഷയിൽ പറഞ്ഞാൽ ദേഹത്തെ തോലുരിഞ്ഞു പോകുന്ന പോലെ യാണ്.

വാസു എന്താണ് ചെയ്യുന്നതെന്നറിയാൻ രാഘവൻ അലമാരിയിൽ നിന്ന് പു സ്തകമെടുക്കാനെന്ന ഭാവത്തിൽ മുറിയുടെ മറുഭാഗത്തേക്ക് നടന്നു. ഇടവാതിലിലൂ ടെ വാസു ക്ഷീണിച്ചുറങ്ങുന്നത് അവൻ കണ്ടു. കട്ടിലിൽ അവന്റെ അടുത്തു തന്നെ വാസുവിന്റെ അരക്കെട്ടിൽ കൈ ചേർത്തുവെച്ച് അമ്മ കിടക്കുകയാണ്. അവർ ഉറ ങ്ങുകയായിരുന്നില്ല.

താൻ പുറം തള്ളപ്പെട്ട പോലെ രാഘവനു തോന്നി. അമ്മയുടെ ഒരു സ്പർശന ത്തിനായി, ആശ്വാസപൂർവ്വം ഉള്ള ഒരു വാക്കിനായി അവൻ ആശിച്ചു. അമ്മ അവ നെ വിളിച്ചതും കൂടിയില്ല. അവരുടെ നോട്ടത്തിൽ ആക്ഷേപമുണ്ടായിരുന്നു.

മുറ്റത്തുനിന്ന് പിച്ചകപ്പൂക്കളുടെ വാസന അരിച്ചെത്തിയപ്പോൾ സന്ധ്യയായെ ന്ന് രാഘവൻ അറിഞ്ഞു. അവന്റെ മുഖം വിളറി. അച്ഛൻ വരേണ്ട സമയമായി. സാ വിത്രി ഉമ്മറത്തുതന്നെ കാവലാണ്.

അവൻ അപ്പോഴും ചുമരിന്നരുകിൽ നിലത്തിരിക്കയായിരുന്നു. ജനലിലൂടെ പു റത്തേയ്ക്കു നോക്കിയപ്പോൾ അവസാനത്തെ വെയിൽ തെങ്ങിൻ തലപ്പിൽ അറച്ചു നിൽക്കുന്നത് അവൻ കണ്ടു. നോക്കി നിൽക്കെ ആ വെളിച്ചവും അപ്രത്യക്ഷമായി.

മുറിയിൽ നിഴൽ വീഴുന്നതും ചുമരിലെ മൃഗങ്ങൾക്ക് രൂപം നഷ്ടപ്പെടുന്നതും രാ ഘവൻ കണ്ടു.

അച്ഛൻ ഗെയ്റ്റ കടന്നു വരുന്നതും സാവിത്രി ഓടിച്ചെല്ലുന്നതും രാഘവൻ ഒരു ഉൾക്കിടിലത്തോടെ നോക്കി.

“അച്ഛാ, വാസ്വേട്ടൻ കൊളത്തില് വീണ് ചാവാൻ പോയി. രാഘവേട്ടൻ വാ സ്വേട്ടനെ തോണി കളിക്കാൻ വിളിച്ചു.”

“എന്നിട്ട് എന്തു പറ്റി?”

അച്ഛന്റെ നടത്തം വേഗത്തിലായി.

“എന്തു പറ്റീ പാർവ്വതീ?”

“ഒന്നുംണ്ടായില്യ ഭാഗ്യത്തിന്.”

അച്ഛൻ വാസു കിടക്കുന്ന മുറിയിലേക്കു പോയി ആ മുറിയിൽ വെളിച്ചം തെളി ഞ്ഞു. ഇടവാതിലിലൂടെ രാഘവൻ ഇരിക്കുന്ന മുറിയിലേക്ക് ഒരു ചാലായി ഒഴുകി.

“എന്തു പറ്റീ വാസൂ?”

രാഘവൻ ശ്വാസമടക്കിപ്പിടിച്ച് ചെവിയോർത്തു. വാസു തന്നെപറ്റി പറയാൻ പോകുന്നതെന്താണെന്ന് അറിയാം. അതിനുശേഷം അച്ഛന്റെ ശിക്ഷ. ടൈൗസറ

ഴിച്ച് ചന്തിമേലാണ് അച്ഛൻ വടികൊണ്ട് അടിക്കാറ്. അടിയുടെ വേദന അവൻ ഇപ്പോൾത്തന്നെ അനുഭവിച്ചു.

വാസു സംസാരിക്കാൻ തുടങ്ങി.

ഞാനും രാഘവേട്ടനും കൂടി പാത്തിയെടുത്ത് കൊളത്തിലിട്ട് തോണിയുണ്ടാക്കി കളിക്ക്യായിരുന്നു. അപ്പൊ നടുവില് ഒരാമ്പല് മൊട്ടച്ചിക്കു വേണ്ടി പറിക്കാൻ നോക്കീതാ ഞാൻ. അപ്പോ തോണി മറിഞ്ഞു.

വാസു പട്ടയുള്ള ട്രൌസറുമായി കിടക്കയിൽ ഇരുന്ന് കൈകൊണ്ടും കണ്ണുകൊണ്ടും കലാശങ്ങൾ കാട്ടി സംസാരിക്കുന്നത് രാഘവൻ ഭാവനയിൽ കണ്ടു.

"മറിഞ്ഞ തോണീല്ല്യേ, കൊറെ ദൂരത്തേക്കു പോയി. എന്നിട്ടില്ല്യേ അച്ഛാ, രാഘവേട്ടൻ പെട്ടെന്ന് ഊളിയിട്ടു പോയി തോണി ഉന്തിക്കൊണ്ടു വന്നു. എന്നിട്ട് എന്നെ തോണീടെ മേല് ഇങ്ങനെ കെടത്തി..."

വാസു സംസാരിക്കുകയായിരുന്നു. ഏട്ടന്റെ ധീരോദാത്തതയെപ്പറ്റി; എങ്ങനെ ഏട്ടൻ അവനെയും തോണിയേയും ഒരു കൈകൊണ്ട് പിടിച്ച് നീന്തി കരക്കെത്തി എന്നതിനെപ്പറ്റി. അതിനിടയ്ക്ക് അച്ഛന്റെ 'അതെയോ' 'മിടുമിടുക്കൻ' എന്ന ആശ്ചര്യപൂർവ്വമുള്ള അഭിനന്ദനങ്ങളും.

വാസു സംസാരിക്കുകയായിരുന്നു. സുഖദമായൊരു മന്ത്രം പോലെ, പ്രലോഭിപ്പിക്കുന്ന സംഗീതം പോലെ. ഒരു കൊടുംകാറ്റുപോലെ അത് അലയടിച്ചു വന്നപ്പോൾ മുറിയുടെ ഏകാന്തതയിൽ, ഇരുട്ടിൽ, രൂപം നഷ്ടപ്പെട്ട മൃഗങ്ങൾക്കിടയിൽ ചുമരിൽ തല ചാരിവെച്ച് തേങ്ങൽ അടക്കാൻ കഴിയാതെ രാഘവൻ വിങ്ങി വിങ്ങി കരഞ്ഞു.

# ഭീരു

പുതുതായി വന്ന അയൽക്കാരൻ, വിനയന്റെ ജീവിതത്തിൽ ഭീകരത നിറച്ചത് വളരെ വിചിത്രമായ വിധത്തിലായിരുന്നു. സാവധാനത്തിൽ, പക്ഷേ, നിശ്ചിതമായി.

മറുവശത്തുള്ള ഫ്ളാറ്റിന്റെ വാതിലിന്റെ ഓടാമ്പൽ പുതിയതാണെന്നു മനസ്സിലായത് യാദൃച്ഛികമായിരുന്നു. രണ്ടു വർഷമായി പൂട്ടിയിട്ടിരുന്ന ആ ഫ്ളാറ്റ് ഓർമ്മയിൽനിന്ന് വിട്ടു പോയിരുന്നു. ആദ്യമെല്ലാം തന്റെ ഫ്ളാറ്റു പൂട്ടുമ്പോൾ അതേ ലാൻഡിംഗിലുള്ള മറുവശത്തെ പൂട്ടിയിട്ട ഫ്ളാറ്റ് ശ്രദ്ധിക്കാറുണ്ടായിരുന്നു. അതിന്റെ തുരുമ്പു പിടിച്ച ഓടാമ്പലും അതിൽ തൂങ്ങിക്കിടക്കുന്ന കറപിടിച്ച ചെറിയ താഴും. പിന്നെപ്പിന്നെ അതു ശ്രദ്ധിക്കാതായി. ആകാശത്തിന്റെ നിറം പോലെ, വായുവിലുള്ള പുകയുടെ ഗന്ധം പോലെ. അത് ശ്രദ്ധിക്കപ്പെടേണ്ടതല്ലാത്ത സ്വാഭാവികമായ എന്തോ ഒന്നായി. അതൊരു ദിവസം തുറക്കപ്പെടുമെന്ന ആശയും മറവിയിൽ ആണ്ടുപോയി.

ആദ്യമെല്ലാം ഭാര്യയ്ക്ക് കത്തെഴുതുമ്പോൾ അയാൾ ആ ഫ്ളാറ്റിനെപ്പറ്റി പറയാറുണ്ടായിരുന്നു. ആദ്യമെല്ലാം അവളും കത്തിൽ അതിനെപ്പറ്റി എഴുതാറുണ്ടായിരുന്നു. അവിടെ ആൾക്കാർ വന്നുവോ? നല്ല വല്ലവരും വന്നാൽ മതിയായിരുന്നു. വയസ്സായ അച്ഛനമ്മമാരെ നോക്കാൻ പോയ അവൾക്ക് വീണ്ടും തിരിച്ചു വന്ന് ഭർത്താവിനോടൊപ്പം താമസിക്കണമെന്നുണ്ടായിരുന്നു. പിന്നെ ആ മോഹത്തിനും കറപിടിച്ചു തുടങ്ങിയപ്പോൾ അവളും, ആ ഫ്ളാറ്റും പ്രതീക്ഷകളും മറവിയിലേക്കു തള്ളി.

ഇന്ന് ആ ഓടാമ്പൽ വീണ്ടും ശ്രദ്ധിച്ചത് അത് പുതിയതും തിളങ്ങുന്നതും ആയതുകൊണ്ടായിരിക്കണം. പിന്നെ മുകളിൽ നോക്കിയപ്പോൾ അവിടെ ഒരു നാമപലകയും. ഫെർഡിനാൻഡ്. ഡി. ബാപ്റ്റിസ്റ്റ. ഒരു ഗോവൻ. സാരമില്ല. എന്തായാലും ആളായല്ലൊ. ഒരു അയൽപക്കമുണ്ടാവുന്നത് നല്ലതുതന്നെ.

വാതിൽ തുറന്ന് സ്വന്തം ഫ്ളാറ്റിനകത്തു കടന്നപ്പോഴും അയാൾ ആലോചിച്ചു. അവസാനം ആ ഫ്ളാറ്റിന്റെ നിശ്ശബ്ദത ഭഞ്ജിക്കാൻ ഒരുവൻ വന്നു. ഒരു പക്ഷേ, സംഗതികളെല്ലാം കുറച്ചുകൂടി നന്നാവാൻ വഴിയുണ്ട്. അതൊരു കുടുംബമായാൽ മതിയായിരുന്നു. കുട്ടികളുള്ള ഒരു കുടുംബം. കമലത്തിന് എഴുതിയാൽ അവൾക്ക് വരാൻ തോന്നും. പക്ഷേ, വയസ്സായ ആൾക്കാരെ തന്നെയാക്കി വരാൻ പറ്റില്ലല്ലൊ.

വാതിലിൽ ഒരു മുട്ട്. വിനയൻ തുറന്നു നോക്കിയപ്പോൾ ഒരാൾ. അടുത്ത ഫ്ളാറ്റ് തുറന്നുമിരുന്നു. ആ ഗോവൻ തന്നെയായിരിക്കണം.

"ഒരു സ്ക്രൂഡ്രൈവർ ഉണ്ടോ എടുക്കാൻ?"

വിനയൻ അയൽക്കാരന്റെ ഫ്ളാറ്റ് നോക്കുകയായിരുന്നു. തുറന്നിട്ട വാതിലിലൂടെ കാണുന്ന അത്ഭുതകരമായ പ്രപഞ്ചം ഒരു കുട്ടിയുടെ ജിജ്ഞാസയോടെ അയാൾ നോക്കിക്കണ്ടു.

“ഞാനാണ് ഇവിടെ താമസിക്കാൻ വന്നത്. ലൈറ്റിന്റെ സ്വിച്ചൊക്കെ കേടുവന്നിരിക്കുന്നു. സ്ക്രൂഡ്രൈവർ കിട്ടിയാൽ നന്നായിരുന്നു. ഉടനെ മടക്കിത്തരാം.”

“തരാമല്ലൊ,” വിനയൻ പറഞ്ഞു, “ഒരു മിനിറ്റ്.”

അയാൾ അകത്തുപോയി സ്ക്രൂഡ്രൈവറും ടെസ്റ്ററും കൊണ്ടുവന്നു കൊടുത്തു.

“ടെസ്റ്ററുമുണ്ട്, ആവശ്യമുണ്ടാകും.”

“വളരെ നന്ദി. ഞാൻ ഇപ്പോൾത്തന്നെ തിരിച്ചുകൊണ്ടുവരാം.”

“സൌകര്യംപോലെ തന്നാൽ മതി,” വിനയൻ പറഞ്ഞു. ഒരു ഫ്ളാറ്റിൽ പുതുതായി താമസിക്കാൻ വന്നാലുള്ള വിഷമങ്ങൾ അയാൾക്കറിയാം.

പിന്നെ രണ്ടു മണിക്കൂറിനുശേഷം സ്ക്രൂഡ്രൈവറും ടെസ്റ്ററും തിരിച്ചുതരാനായി അയാൾ ബെല്ലടിച്ചു.

“വളരെ നന്ദി. സ്വിച്ചെല്ലാം ശരിയായി.” അയാൾ വിയർക്കുന്നുണ്ടായിരുന്നു.

“എന്നെക്കൊണ്ടും വല്ല ആവശ്യവുമുണ്ടെങ്കിൽ പറയണം,” അയാൾ വളരെ സൗമ്യനായി തുടർന്നു; “ഒറ്റയ്ക്കാണോ താമസിക്കുന്നത്?”

“അതെ, ഭാര്യ നാട്ടിലാണ്. അച്ഛനും അമ്മയ്ക്കും വയസ്സായി. അവരെ ഒറ്റയ്ക്ക വിട്ടു പോരാൻ വയ്യ.”

“ഓ, പാവം. എന്റെ ഭാര്യയും കുട്ടിയും ഇന്നു വരും. നിങ്ങളുടെ കുടുംബവുമുണ്ടെങ്കിൽ കൂട്ടായിരുന്നു.”

വിനയൻ ചിരിച്ചു.

നമുക്ക് ഈ സ്റ്റെയർ കേസിൽ ഒരു ലൈറ്റിടണം. എന്റെ കയ്യിൽ ബൾബുണ്ട്. നോക്കുമ്പോൾ ഈ ഹോൾഡർ പൊട്ടിയിരിക്കുന്നു. നാളെ ഹോൾഡർ മാറ്റിയിടാം. വിനയൻ തലയാട്ടി. ഫെർഡിനാന്റ് തിരിച്ച് അയാളുടെ ഫ്ളാറ്റിലേക്കു പോയപ്പോൾ വിനയൻ വാതിലടച്ചു. അയാളോട് കടന്നിരിക്കാൻകൂടി പറഞ്ഞില്ല. മോശമായെന്നയാൾക്ക് തോന്നി. സാരമില്ല. ഇപ്പോൾ പരിചയപ്പെട്ടിട്ടല്ലേയുള്ളു.

രാത്രി വൈകി കിടക്കുമ്പോൾ അയാൾ കോണിയിൽക്കൂടി ആൾക്കാർ കയറുന്ന ശബ്ദം കേട്ടു, വാതിൽ തുറക്കുന്ന ശബ്ദം. ഒരു കുട്ടിയുടെ ബഹളം. അയൽക്കാരന്റെ കുടുംബം എത്തിയെന്ന് വിനയന് മനസ്സിലായി.

അയാൾ സ്വന്തം ഭാര്യയെക്കുറിച്ചോർത്തു. രണ്ടു കൊല്ലം ഒപ്പം താമസിച്ചതാണ്. ഇനി എപ്പോഴാണ് പറ്റുക എന്നറിയില്ല. അമ്മയോ അച്ഛനോ മരിച്ചാലെ പറ്റൂ. അതാലോചിക്കുന്നത് ക്രൂരമാണെന്നയാൾക്കു തോന്നി.

ആദ്യത്തെ ബോംബു പൊട്ടിച്ചത് മിസിസ് സമ്പത്ത് ആയിരുന്നു. രാവിലെ ഓഫീസിൽ പോകുമ്പോൾ ബസ്സ്റ്റോപ്പിൽ വെച്ചാണ് അവരെ കണ്ടത്. വിനയനെ കണ്ടതും അവർ ഓടി വന്നു.

“എങ്ങനെയുണ്ട് പുതിയ അയൽക്കാരൻ?”

“അയൽക്കാരനോ?” വിനയൻ അത്ഭുതപ്പെട്ടു. പുതിയ അയൽക്കാരനിൽ മിസിസ് സമ്പത്തിനുള്ള താൽപര്യം? അയാൾ പറഞ്ഞു. “തരക്കേടില്ല. മര്യാദക്കാരനാണെന്നു തോന്നുന്നു.”

“മര്യാദക്കാരനോ?” മിസിസ് സമ്പത്ത് സ്വരം താഴ്ത്തിപ്പറഞ്ഞു. “കഴുത്തറക്കാൻ പോന്നവനാണ്. അവനോട് വളരെ അടുക്കാൻ പോണ്ട. കാണുമ്പോൾ ഹലോ പറഞ്ഞ് ഒഴിവായാൽ മതി. അതാ എന്റെ ബസ്സ് ഞാൻ പോട്ടെ.”

അവർ സാരിയുടെ മുൻഭാഗം സ്വല്പം പൊക്കി ഓടിപ്പോയി.

വിനയന്റെ വയറ്റിനുള്ളിൽ ഒരു തണുപ്പ് വളർന്നു വന്നു. ഒരു ഹിമക്കട്ട വിഴുങ്ങിയ പോലെ. എന്താണ് മിസിസ് സമ്പത്ത് ഉദ്ദേശിച്ചത്? അവർക്ക് അത് മുഴുവൻ പറയാമായിരുന്നു. കഴുത്തറുക്കുമെന്നു പറഞ്ഞത് അവർ ശരിക്കും ഉദ്ദേശിച്ചു പറഞ്ഞതല്ലെന്നു വരാം. പക്ഷേ, ഹിന്ദിയിൽ അങ്ങിനെ ഒരു പ്രയോഗമുണ്ടോ? കണ്ടു പിടിക്കണം. അയൽക്കാരനുമായി ഒരു ബിസിനസ് ബന്ധത്തിനും താൻ പോകുന്നില്ല. പിന്നെ കഴുത്തറുപ്പിന്റെ പ്രശ്നമേ ഉദിക്കുന്നില്ലല്ലൊ.

പിന്നെ വീണ്ടും സംശയങ്ങൾ ഉയർന്നു വന്നപ്പോൾ ഓഫീസിൽ അടുത്തിരുന്ന തമാശക്കാരനെന്നു പേരെടുത്ത മോഖെയോട് ചോദിച്ചു. അയാൾ മേശപ്പുറത്തു നിന്ന് കടലാസു കത്തിയെടുത്ത് തന്റെ കഴുത്തിനരികെ പിടിച്ച് അറക്കുന്ന മാതിരി അഭിനയിച്ചു. ഇതാ ഇതുതന്നെ കഴുത്തറുക്കൽ.

മോഖെയുടെ ചിരിക്കൊപ്പം തന്നെ വിനയന്റെ വയറ്റിൽ ഹിമക്കഷ്ണം വളർന്ന് ഒരു ഹിമവാഹിനിയുടെ തലയായി, പിന്നെ ഒരു ഹിമപർവ്വതമായി ഉയർന്നു വന്നു.

വൈകുന്നേരം വീട്ടിലെത്തി വാതിൽ തുറക്കുമ്പോൾ എതിർവശത്തെ വാതിൽ തുറന്നിട്ടാണ് ഇരിക്കുന്നതെന്നു കണ്ടു. അയാൾ അവിടെ ഉണ്ടാകരുതെന്ന വിചാരത്തോടെ വേഗം താക്കോലിട്ട് പൂട്ടു തുറന്നു. ഇടയ്ക്ക് ഇടംകണ്ണിട്ട് തുറന്ന വാതിലിലൂടെ നോക്കി. ആരെയും കാണാനില്ല. ഇനി അയാൾ വരുന്നതിനു മുമ്പ് ഉള്ളിൽക്കടന്ന് വാതിലടച്ചു കളയാം.

പെട്ടെന്ന് പിന്നിൽ നിന്ന് ഒരു ചോദ്യം.

"നിങ്ങൾ ഇത്ര നേർത്തെ ഓഫീസിൽ നിന്നു വരുമോ?"

വിനയൻ ഞെട്ടിത്തെറിച്ചു. താക്കോൽക്കൂട്ടം നിലത്തു വീണു. അയൽക്കാരൻ ശബ്ദമുണ്ടാക്കാതെ കോണി കയറി അയാളുടെ തൊട്ടു പിന്നിലെത്തി നില്ക്കുകയാണ്. കുനിഞ്ഞ് താക്കോൽക്കൂട്ടം എടുക്കുന്നതിന്നിടയിൽ വിനയൻ പറഞ്ഞു.

"വരും."

വിനയൻ വാതിൽ തുറന്ന് അകത്തു കടന്നു. ഫെർഡിനാൻഡ് അയാളുടെ ഫ്ളാറ്റിലേക്കു കടക്കാതെ ചിരിക്കുന്ന മുഖവുമായി അവിടെത്തന്നെ നിൽക്കുകയായിരുന്നു.

"നോക്കു, ഞാൻ ഈ ഹോൾഡർ മാറ്റി ബൾബ് ഇട്ടിട്ടുണ്ട്. സ്റ്റെയർ കേസിൽ വെളിച്ചമില്ലെങ്കിൽ വലിയ ബുദ്ധിമുട്ടാണ്."

"ശരി, നന്നായി."

വിനയൻ പതുക്കെ വാതിലടച്ചു. പിന്നെ വാതിലിന്റെ പീപ്പ് ഹോളിലൂടെ അയാൾ എന്താണ് ചെയ്യുന്നതെന്ന് നോക്കി. അയാൾ കുറച്ചു നേരം താനിട്ട ബൾബു നോക്കി. സാവധാനത്തിൽ നടന്ന് അകത്തു കയറി വാതിലടച്ചു.

വിനയൻ കുറച്ച് ആശയക്കുഴപ്പത്തിലായിരുന്നു. അയൽക്കാരൻ വളരെ സ്നേഹത്തിലാണ് പെരുമാറുന്നത്. അയാളുടെ മുഖം കണ്ടാലും ഒരു ചീത്ത മനുഷ്യനാണെന്ന് തോന്നുന്നില്ല. ഒരു പക്ഷേ, മിസിസ് സമ്പത്തിന് തെറ്റു പറ്റിയതായിരിക്കും. വിനയൻ ഒരാശ്വാസത്തോടെ അടുക്കളയിലേക്കു നടന്നു.

ഓഫീസിൽ നിന്നു വന്ന്, നേരിട്ട് അടുക്കളയിലേയ്ക്ക് ചായയുണ്ടാക്കാൻ പോകുമ്പോഴൊക്കെ വിനയൻ ഓർക്കാറുണ്ട്. കമലത്തെ നാട്ടിൽ നിന്നു കൊണ്ടുവരണം. ഇങ്ങനെ എത്ര കാലമാണ് ജീവിക്കുക? ഒരു നല്ല പണിക്കാരിയെ നാട്ടിൽ അച്ഛനമ്മമാരെ നോക്കാൻ കിട്ടിയാൽ അവൾക്ക് പോരാൻ പറ്റും. രണ്ടു മൂന്നു കത്തുക

ളിലായി വിനയൻ അതിനെപ്പറ്റി എഴുതുന്നു. മറുപടി എപ്പോഴും എങ്ങും തൊടാത്ത വിധത്തിലായിരിക്കും. നല്ല പണിക്കാരിയെ കിട്ടുക അത്ര എളുപ്പമാണോ? ഒന്നു മില്ലെങ്കിൽ വൃത്തിയുണ്ടാവില്ല. അല്ലെങ്കിൽ വിശ്വസിക്കാൻ പറ്റാത്തതാവും. ഈ വയസ്സായവരെ ഏൽപ്പിച്ചു പോകുമ്പോൾ കുറച്ചു വിശ്വസിക്കാൻ കൊള്ളാവുന്നതു തന്നെ വേണ്ടെ. ശമ്പളം കൊടുക്കാം എന്നുവെച്ചാൽത്തന്നെ അവരുടെ ചെലവു സഹിക്കാൻ പറ്റില്ല. ഞാൻ നോക്കുന്നുണ്ട്. ചെറിയ വല്ല പെൺകുട്ടികളേയും കിട്ടിയാൽ നന്നായിരുന്നു.

രാത്രി കിടക്കുമ്പോൾ ഉറക്കം വരാൻ ആത്മീയമല്ലാത്ത കാര്യങ്ങളെക്കൂടി തൃപ്തിപ്പെടുത്തേണ്ടി വരുന്നു. അതിന് ഒരു ഇമേജ് ആവശ്യമാണ്. ഒരു വിഗ്രഹം. അയാൾ ഓരോ ദിവസവും വിഗ്രഹങ്ങളെ മാറ്റി മാറ്റി ഉപയോഗിച്ചു. പലപ്പോഴും ഒരു ദിവസം തന്നെ വിവിധ വിഗ്രഹങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഒന്ന് തൃപ്തി തരുന്നില്ലെങ്കിൽ വേറൊന്നിനെപ്പറ്റി ധ്യാനിക്കുന്നു. ചില ദിവസം ഒരു മണിക്കൂർനേരത്തെ അദ്ധ്വാനത്തിനു ശേഷം മനം മടുത്ത് ശ്രമം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

ഇന്നയാൾക്ക് ഓർമ്മ വന്നത് മിസിസ് സമ്പത്താണ്. നാൽപ്പതുകാരിയായ അവർ കാണാൻ ഭംഗിയുള്ളവരായിരുന്നില്ല. അത്ഭുതകരമെന്നു പറയട്ടെ, അയാൾ തിരഞ്ഞെടുത്തിരുന്നത് മിക്കവാറും എല്ലായ്പ്പോഴും ചെറുപ്പക്കാരികൾക്കു പകരം മദ്ധ്യവയസ്കകളെ ആയിരുന്നു. പെർവെർഷൻ. അയാൾ മനസ്സിൽ പറഞ്ഞു. അല്ലെങ്കിൽ സ്വയംഭോഗവും ഒരു പെർവെർഷനല്ലെ?

ഇന്ന് മിസിസ് സമ്പത്ത് സഹായിച്ചില്ല. കുറച്ചു സമയത്തിനു ശേഷം ശ്രമം ഉപേക്ഷിച്ചപ്പോൾ അയാൾ മനസ്സിലാക്കി, ഉറക്കമില്ലാത്ത ഒരു രാത്രിയാണ് മുന്നിൽ കിടക്കുന്നതെന്ന്.

രാവിലെ ഓഫീസിൽ പോകുമ്പോഴാണ് കോണിപ്പടിയിൽ നിറയെ കുപ്പ വാരി വിതറിയത് കണ്ടത്. അത് തന്റെ ഫ്ളാറ്റിനും താഴത്തെ ഫ്ളാറ്റിനും ഇടയിലുള്ള ലാൻഡിംഗിലാണ് ഇട്ടിരിക്കുന്നത്. താഴത്തെ മഹാജന്റെ വേലക്കാരി വീണ്ടും പണി ഒപ്പിച്ചിരിക്കുന്നു. രണ്ടു പ്രാവശ്യം ആ കാര്യത്തിൽ അവളെ ചീത്ത പറഞ്ഞതാണ്. കച്ചറ ഇടാൻ ഒരു ടിൻ വാങ്ങി വെക്കാൻ മഹാജനോടും പറഞ്ഞതാണ്. വിനയൻ അയാളുടെ വാതിൽക്കൽ മുട്ടി. വാതിൽ തുറന്നത് മഹാജൻ തന്നെയായിരുന്നു.

നിങ്ങളുടെ പണിക്കാരിയോട്ട് ഒരിക്കൽക്കൂടി പറയൂ സ്റ്റെയർ കേസിൽ കച്ചറ വലിച്ചെറിയരുതെന്ന്.

എവിടെ? മഹാജൻ അറിയാത്ത ഭാവത്തിൽ ചോദിച്ചു.

വിനയൻ മുകളിലേക്ക് ചൂണ്ടിക്കാട്ടി.

ശ ശ് ശ് മഹാജൻ ചുണ്ടിനുമീതെ വിരൽ വെച്ച് ശബ്ദമുണ്ടാക്കി.

അകത്തു വരൂ. ഇവിടെനിന്നു സംസാരിച്ചാൽ വേറെ വല്ലവരും കേൾക്കും.

അകത്ത് വിനയനെ നിർബ്ബന്ധിച്ച് പിടിച്ചിരുത്തിയ ശേഷം മഹാജൻ വളരെ അടുത്തു വന്നിരുന്ന് ചെവിയിൽ പറഞ്ഞു.

ആരാണ് ആ കച്ചറ അവിടെ ഇട്ടതെന്നറിയാമോ? നിങ്ങളുടെ പുതിയ അയൽക്കാരൻ. ഇന്നലെ അയാളുടെ വീട് വൃത്തിയാക്കലുണ്ടായിരുന്നു. പകൽ കൊണ്ടുവന്നിട്ടതൊക്കെ സ്വീപ്പർ കൊണ്ടു പോയി കളഞ്ഞു. ഇത് രാത്രി വീണ്ടും കൊണ്ടുവന്നിട്ടതാണെന്നു തോന്നുന്നു.

“ഞാൻ അയാളോട്ട പറയാം.” വിനയൻ പറഞ്ഞു. “സോറി ഞാൻ വിചാരിച്ചത് നിങ്ങളുടെ...”

മഹാജന്റെ മുഖത്തുള്ള ഭാവേഭദം വിനയൻ ശ്രദ്ധിച്ചു.

“നിങ്ങൾ അയാളോട് ഒന്നും പറയാൻ പോണ്ട. ആൾ ഭയങ്കരനാണ്. സംസാരിക്കാൻ ചെന്നാൽ കൊന്ന് കുഴിച്ചിടും എന്നാണ് ഉത്തരം കിട്ടുക. നിങ്ങൾ നിങ്ങളുടെ പാട്ടു നോക്കി നടന്നോളൂ. കുലുമാലിനൊന്നും പോണ്ട.”

ഇന്നലെ മിസിസ് സമ്പത്ത് പറഞ്ഞപ്പോൾ തോന്നിയിട്ടില്ലാത്ത ഒരു ഭയം അയാളിലുണ്ടായി. ലോകത്തിൽ എല്ലാവരും അയാളുടെ അയൽക്കാരനെ അറിയുന്നപോലെ ബസ്സ്റ്റോപ്പിൽ മിസിസ് സമ്പത്തിനെ കാണുമെന്ന തോന്നാൽ ഉണ്ടായിരുന്നു. അതു ശരിയാവുകയും ചെയ്തു. അവരുടെ മുഖത്ത് അപ്പോഴും വികൃതമായ ഒരു ചിരിയുണ്ടായിരുന്നു. അവർ അടുത്തുവന്ന് ചെവിയിൽ മന്ത്രിച്ചു.

പുതിയ അയൽക്കാരൻ എങ്ങിനെയുണ്ട്?

അയാൾ ഒരു പൊള്ളച്ചിരി ചിരിച്ചു.

“എങ്ങിനെണ്ട്ന്ന് ചോദിച്ചാൽ...”

അവർ വീണ്ടും അയാളുടെ ചെവിയിൽ പറഞ്ഞു.

“സൂക്ഷിക്കണം ട്ടൊ. ആള് മോശക്കാരനൊന്നുമല്ല. ഫെർണാണ്ടസ്സിന്റെ വീട് അയാൾ ടൂറിലായിരുന്നപ്പോൾ കുത്തിത്തുറന്ന് വിലപിടിച്ച സാധനങ്ങളൊക്കെ എടുത്തുകൊണ്ടുപോയി. ആറുമാസം ജയിലിലും ആറുമാസം പുറത്തുമാണ് അവന്റെ താമസം.”

ഓഫീസിൽ അഭയം മോഖെ ആയിരുന്നു. രാവിലെ ജോലി തുടങ്ങുന്നതിനു മുമ്പുള്ള ബഹളം അടങ്ങിയപ്പോൾ അയാൾ മോഖെയുടെ അടുത്തേക്ക് തല നീട്ടി, പറഞ്ഞു.

“എനിക്ക് ഒരു ജയിൽപുള്ളിയെ അയൽക്കാരനായി കിട്ടിയിട്ടുണ്ട്.”

“കൺഗ്രാജുലേഷൻസ്! ഒരു ജയിൽപുള്ളി അടുത്തുണ്ടാകുന്നതുകൊണ്ട് പല ഗുണങ്ങളും ഉണ്ട്. വീട്ടിൽ കള്ളന്മാരൊന്നും വരില്ല. പിന്നെ അവനാകട്ടെ മാന്യത പാലിച്ച് അയൽക്കാരനെ കൊള്ളയടിക്കുകയുമില്ല.”

വൈകുന്നേരം തിരിച്ച് വീട്ടിലെത്തി കോണി കയറുമ്പോൾ ഒരു പ്രാർത്ഥനയുണ്ടായിരുന്നു. അയൽക്കാരന്റെ വാതിൽ അടച്ചിട്ടിരിക്കണേ എന്ന്. അയാളുമായി ഇനി ഒരു കൂടിക്കാഴ്ചക്ക് വിനയൻ ആഗ്രഹിച്ചില്ല.

വിചാരിച്ച മാതിരി ഒന്നും നടന്നില്ല. രണ്ടാമത്തെ നില കഴിഞ്ഞ് മൂന്നാമത്തെ നിലയിലേക്കുള്ള കോണി കയറുമ്പോൾത്തന്നെ വിനയനു മനസ്സിലായി, അവിടെ ലാൻഡിംഗിൽ ആരോ ഉണ്ടെന്ന്. അത് എങ്ങിനെ അറിയുന്നുവെന്ന് വിനയന് ഇതുവരെ മനസ്സിലായില്ല. പക്ഷേ, ഓരോ പ്രാവശ്യവും ആ തോന്നൽ വരുമ്പോഴെല്ലാം അവിടെ ആരെങ്കിലും ഉണ്ടാവാറുമുണ്ട്.

ഊഹിച്ച പോലെ അവിടെ ഫെർഡിനാന്റ് നിന്നിരുന്നു. വളരെ സംശയാസ്പദമായ വിധത്തിൽ. വിനയന്റെ വാതിലിനടുത്താണ് നിന്നിരുന്നത്. നോക്കിയിരുന്നത് വാതിലിന്റെ പൂട്ടിയിട്ട താഴാണ്. വിനയനെ കണ്ടതും അയാൾ പെട്ടെന്ന് പിന്നോക്കം മാറി. അതേ സമയം അയാളുടെ വാതിലും തുറന്നു, രണ്ടും ഒരേ സമയത്താണ് ഉണ്ടായത്. അതുകൊണ്ട് ആ പിൻമാറ്റം വിനയനെ കണ്ടതു കൊണ്ടാ

ണോ, അഥവാ അയാളുടെ വാതിൽ തുറന്നതു കൊണ്ടാണോ എന്നു തിട്ടമായി മന സ്സിലായില്ല. ഫെർഡിനാന്റ് ചിരിച്ചു.

"ഓഫീസിൽ നിന്നു വരുന്ന വഴിയാണോ?"

"അതെ."

വാതിലിന്റെ മറവിൽ മുഖം മാത്രം പുറത്തു കാട്ടി നിന്നിരുന്ന ഫെർഡിനാന്റി ന്റെ ഭാര്യയെ വിനയൻ ഒരു നോട്ടം കണ്ടു. കാണാൻ തരക്കേടില്ലാത്ത പെണ്ണ്.

വിനയൻ വാതിൽ തുറന്ന് അകത്തു കടന്നു. വാതിൽ സാവധാനത്തിൽ അട യ്ക്കുമ്പോൾ ഒരു നേരിയ വിള്ളൽ മാത്രമായപ്പോൾ അയാൾ, അയൽക്കാരൻ തന്റെ വാതിൽ ശ്രദ്ധിച്ചുകൊണ്ട് അകത്തു കയറി വാതിലടക്കുന്നതു കണ്ടു.

പല സംശയങ്ങളും വന്നു. എന്തിനാണ് ഫെർഡിനാന്റ് തന്റെ പൂട്ടു നോക്കി നിന്നിരുന്നത്? അതിന്റെ ബലം പരിശോധിക്കാനാണോ? പൂട്ട് അയാൾ പിടിച്ചു നോക്കിയിട്ടുണ്ടോ എന്നു മനസ്സിലായില്ല. താൻ തുറക്കാൻ നോക്കിയപ്പോൾ പൂട്ടു കുറേശ്ശ ആടിയിരുന്നോ എന്നു സംശയം. ആ പരിഭ്രമത്തിൽ അതു ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

എന്താണ് അയാളുടെ ഉദ്ദേശ്യം?

സംശയങ്ങൾ കലങ്ങിയ പുഴപോലെയാണ്. അവ അവസാനമില്ലാതെ പ്രവ ഹിച്ചു.

മിസിസ് സമ്പത്ത് രാത്രി ഒട്ടും സഹായകരമായില്ല. അയാൾ വിഗ്രഹത്തെ മാ റ്റി നോക്കി. ബസ്സിൽ കണ്ട സിന്ധിപ്പെണ്ണിനെ ഓർത്തു. അവളുടെ മാംസളമായ മുലകളും, തുടകളും. അവളെ മനസ്സിൽ തുണി അഴിക്കാൻ തുടങ്ങി. അധികമൊന്നും അഴിക്കാൻ അവളുടെ ദേഹത്തിൽ വസ്ത്രങ്ങളുണ്ടായിരുന്നില്ലെങ്കിൽക്കൂടി. വിയർത്തു കുളിച്ചെഴുന്നേറ്റ് ഫാനിന്റെ വേഗംകൂട്ടി വീണ്ടും കിടക്കാൻ നോക്കുമ്പോൾ അയൽ ക്കാരന്റെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു.

വിനയൻ ഞെട്ടി എഴുന്നേറ്റു. ചെരുപ്പിടാതെ അയാൾ ഒരു പൂച്ചയെപ്പോലെ, ശബ്ദമുണ്ടാക്കാതെ വാതിലിന്നടുത്തേക്കു നടന്നു. പീപ്പ് ഹോളിലൂടെ നോക്കിയ പ്പോൾ തുറന്ന വാതിലിന്നു മുമ്പിൽ ഫെർഡിനാന്റ് നിൽക്കുന്നു. കൈയിൽ ഒരു സഞ്ചിയും ഉണ്ട്. അയാൾ അകത്തേക്കു നോക്കി ഭാര്യയോട് എന്തോ പറയുകയാ ണ്. അകത്ത് വെളിച്ചം ഇട്ടിട്ടില്ലാത്തതുകൊണ്ട് അയാൾക്ക് മിസിസ് ബാപ്റ്റിസ്റ്റ യെ കാണാൻ പറ്റിയില്ല. ഒരു നിമിഷത്തിനു ശേഷം അയാൾ തിരിഞ്ഞ് സഞ്ചിയും തൂക്കിപ്പിടിച്ച് നടന്നു. അവരുടെ വാതിലടഞ്ഞു.

സഞ്ചിയിൽ കൂട്ടിയിട്ട കുപ്പികളുടെ ശബ്ദം കോണിയിറങ്ങിയപ്പോൾ, വിനയൻ തിരിച്ചുവന്നു കിടന്നു, വയ്യ, ഇതു സഹിക്കാൻ പറ്റുന്നില്ല. കുപ്പികളിൽ എന്താണ് സാ ധനമെന്നു അയാൾക്കറിയാം. അത് എത്ര രഹസ്യമായിട്ടാണ് മാർക്കറ്റിൽ എത്തു ന്നതെന്നും. ബൂട്ട് ലെഗ്ഗിംഗ്! അപ്പോൾ അതാണ് ഫെർഡിനാൻഡ് ഡി. ബാപ്റ്റി സ്റ്റയുടെ ജോലി.

രാത്രി വീണ്ടും വാതിൽക്കൽ ശബ്ദത്തിനായി വിനയൻ കാത്തു കിടന്നു. അതു ണ്ടായില്ല. പിന്നെ സ്വയം അറിയാതെ അയാൾ ഉറങ്ങിപ്പോയി.

രാവിലെകൾ കുറെയൊക്കെ ഭദ്രത കൊണ്ടുവരാറുണ്ട്, നൈമിഷികമാണെങ്കി ലും. മുട്ട ഉടച്ച് പളുങ്കുപാത്രത്തിലേക്കൊഴിച്ച് സ്പൂൺ കൊണ്ട് ഉടച്ചു ചേർക്കുമ്പോൾ പെട്ടെന്ന് ഡോർബെൽ അടിച്ചു.

അടിവയറ്റിൽ നിന്ന് തണുപ്പ് ഉറഞ്ഞുവന്ന് ഹിമമായി. അയാൾ അനങ്ങാൻ വയ്യാതെ ഒരു നിമിഷം നിന്നു. വീണ്ടും ബെൽ. ഇത്തവണ കുറെക്കൂടി നീണ്ടത്. അത് ഫെർഡിനാൻഡ് ആവുമെന്ന് അയാൾക്കൊരു തോന്നൽ. സ്പൂൺ പാത്രത്തിലിട്ട് വാതിൽവരെ നടന്ന് അയാൾ പീപ്പ് ഹോളിലൂടെ നോക്കി. അതെ, അയാൾ തന്നെ. തുറക്കാതിരിക്കാനും നിവൃത്തിയില്ല. കാരണം, വിനയൻ പീപ്പ് ഹോളിലൂടെ നോക്കി എന്നതു പുറത്തു നില്ക്കുന്ന ആൾക്കു മനസ്സിലായിരുന്നു. ജനലിൽക്കൂടി വന്നിരുന്ന പ്രകാശം പീപ്പ് ഹോൾ താല്ക്കാലികമായി മറയുമ്പോൾ നിലയ്ക്കുന്നു. അതിനെന്തെങ്കിലും പരിഹാരം കാണണം.

അയാൾ വാതിൽ തുറന്നു. ഫെർഡിനാൻഡ് ഒരു ഷോർട്ട്സും ബനിയനുമാണ് ധരിച്ചിരുന്നത്.

“ബുദ്ധിമുട്ടിക്കുന്നതിൽ ക്ഷമിക്കണം. അയാൾ പറഞ്ഞു. നിങ്ങളുടെ വേലക്കാരി വരുമ്പോൾ ഒന്ന് എന്റെ വീട്ടിലേയ്ക്ക് പറഞ്ഞയക്കുമോ? ഞങ്ങൾക്ക് വെയ്ക്കണമെന്നുണ്ട്.”

“എനിക്കു വേലക്കാരി ഇല്ല,” വിനയൻ പറഞ്ഞു.

“അയ്യോ! അപ്പോൾ ജോലിയൊക്കെ തന്നെ ചെയ്യുകയാണോ?”

“അതെ,” ഒരു വൃത്തികെട്ട ചിരിയുമായി വിനയൻ പറഞ്ഞു. പതുക്കെ പിൻമാറി വാതിലടയ്ക്കുകയും ചെയ്തു.

തിരിച്ച് അടുക്കളയിൽ എത്തിയപ്പോൾ അയാൾ സ്വയം പറഞ്ഞു. ഞാനെന്തിനിങ്ങനെ പേടിക്കുന്നു? ഫെർഡിനാൻഡ് വളരെ സൌമ്യമായാണ് തന്നോടു പെരുമാറുന്നത്. പിന്നെ ഞാനെന്തിനു സർപ്പത്തെ കണ്ടപോലെ ഞെട്ടുന്നു? ഒരുപക്ഷേ, അയാളെപ്പറ്റി പറയുന്നതെല്ലാം ശുദ്ധ അസംബന്ധമായിരിക്കാം.

ഓഫീസിൽ അയാൾ മോഖെയോട് സംസാരിക്കുന്നതു നിർത്തി. വേണമെന്നു വെച്ചിട്ടല്ല. സംസാരിക്കാൻ തുടങ്ങിയാൽ വിഷയം എപ്പോഴും എത്തുന്നതു പുതിയ അയൽക്കാരനിലാണ്. അതു ബോധപൂർവ്വമല്ല. ഓരോ പ്രാവശ്യവും സംസാരം അയൽക്കാരനിലെത്തുമ്പോൾ വയറിന്നടിയിൽനിന്നുയരുന്ന ഹിമപർവ്വതം അയാൾക്കു താങ്ങാനാവുന്നില്ല.

വീട്ടിൽ വിനയന്റെ സ്ഥാനം വാതിലിന്നടുത്തു തന്നെയായി. അയാൾ കർട്ടൻ കൊണ്ട് ജനൽ മറച്ചു. മുറി ഇരുട്ടാക്കി. വാതിലിന്റെ പീപ്പ്ഹോളിലൂടെ എതിർവശത്തെ വാതിൽതുറക്കുന്നതും നോക്കി നില്പായി. അങ്ങനെ നോക്കി നില്ക്കുമ്പോൾ അയാൾക്ക് ഫെർഡിനാൻഡിനെപ്പറ്റി പലതും മനസ്സിലായി. അയാളുടെ ദിവസം തുടങ്ങുന്നതു രാത്രി എട്ടുമണിയോടെയാണ്. അപ്പോൾ ഒരു സഞ്ചി നിറയെ കുപ്പികളുമായി അയാൾ പുറത്തിറങ്ങുന്നു. പിന്നെ എത്തുന്നതു രാത്രി രണ്ടു മണിക്കാണ്. രാത്രി വരുമ്പോഴും സഞ്ചിയിൽ നിറയെ കുപ്പികളുണ്ടാവും. പകൽ വാതിൽ തുറന്നു കണ്ടിട്ടേയില്ല. വളരെ ദുർല്ലഭമായി അതു തുറന്നെന്നു വരും. അല്ലാത്ത അവസരങ്ങളിലെല്ലാം ആ വാതിൽ ഒരു ദുർഘടമായ മതിൽ പോലെ മുമ്പിൽ നിന്നു.

രാവിലെ ഉണർന്നത് വളരെ വൈകിയാണ്. പുറത്ത് വെയിൽ വ്യാപിച്ചിരുന്നു. തലയിണയ്ക്കടിയിൽ നിന്ന് വാച്ചെടുത്തുനോക്കി. സമയം ഒമ്പത്. ഔ, വളരെ അധികമായി. ഇങ്ങനെ പറ്റാറില്ല. രാത്രി അയൽക്കാരൻ വരുന്നതും നോക്കി മൂന്നുമണി വരെ വാതിൽക്കൽനിന്നു. ഭ്രാന്തു പിടിപ്പിക്കുന്ന കാത്തുനിൽപ്പ് തുടർന്നു. പക്ഷേ,

അയാൾ വന്നില്ല. പിന്നെ കിടക്കയിൽ കയറിക്കിടന്നു, കോണിയിൽ കാൽപ്പെരു മാറ്റം പ്രതീക്ഷിച്ചുകൊണ്ട്. പിന്നെ എപ്പോഴാണ് ഉറങ്ങിയതെന്ന് അറിഞ്ഞില്ല.

ഇനി ഓഫീസിൽ പോകാൻ പറ്റില്ല.

പെട്ടെന്ന് ബെൽ അടിച്ചു. അപ്പോൾ അതാണ് ഉണരാൻ കാരണം, ബെല്ലടി ച്ചമാതിരി നേരിയ ഓർമ്മയുണ്ട്. ആരാണ് ഈ സമയത്ത്? അയാൾ വാതിലിന്റെ ദ്വാരത്തിലൂടെ നോക്കി. എതിർവശത്തെ വാതിൽ തുറന്നു കിടക്കുന്നു. ഫെർഡി നാൻഡിന്റെ ഭാര്യ കയ്യിൽ ഒരു പാത്രവുമായി നിൽക്കുന്നു. ഒരു നേരിയ സംശയ ത്തിനു ശേഷം അയാൾ വാതിൽ തുറന്നു. അവൾ നീളത്തിലുള്ള ഒരു കിടപ്പു വസ്ത്ര മാണ് ധരിച്ചിരുന്നത്. അടിവസ്ത്രങ്ങളൊന്നും ധരിച്ചിട്ടില്ലെന്ന് മനസ്സിലായി. പാത്രം നീട്ടിക്കൊണ്ട് അവൾ പറഞ്ഞു.

“ഉറങ്ങിപ്പോയി അല്ലേ? പാൽക്കാരൻ വാതിൽക്കൽ കുറെനേരം മുട്ടിയിരുന്നു. ഭർത്താവു വാങ്ങി വെച്ചതാണ്. എന്നോട് കാച്ചി വെക്കാൻ പറഞ്ഞു. അല്ലെങ്കിൽ കേടുവരുമല്ലൊ.”

അയാൾ പാത്രം വാങ്ങി. പാത്രത്തിന് അപ്പോഴും നേരിയ ചൂടുണ്ടായിരുന്നു. “നന്ദി, ഞാൻ പാത്രം ഇപ്പോൾത്തന്നെ തിരിച്ചുതരാം.”

“അയ്യോ, യാതൊരു തിരക്കുമില്ല,” അവൾ ചിരിച്ചു കൊണ്ടുപറഞ്ഞു. “പിന്നീട് സാവധാനത്തിൽ തന്നാൽ മതി.”

“അല്ല, നിൽക്കു.”

അടുക്കളയിൽ പോയി പാൽ ഒഴിച്ചുവെച്ച് പാത്രം കഴുകുമ്പോൾ അയാൾ ആലോചിച്ചു. തിരിച്ചു പോയി തന്നെ ഇങ്ങനെ ബുദ്ധിമുട്ടിക്കരുതെന്നു പറഞ്ഞാ ലോ? അവരുടെ ദയ ആവശ്യമില്ലെന്നും ഇനി വാതിൽക്കൽ മുട്ടരുതെന്നും പറയ ണം.

പക്ഷേ, തിരിച്ച് പാത്രം കൊണ്ടുപോയിക്കൊടുക്കുമ്പോൾ അയാൾ ഒന്നും പറ ഞ്ഞില്ല. നന്ദി എന്ന വാക്കു മാത്രം. കാരണം, അവൾ സുന്ദരിയായിരുന്നു. അവൾ അടിവസ്ത്രമൊന്നും ഇട്ടിരുന്നില്ല. ഉടുപ്പിന്റെ മുകളിലെ ബട്ടൻ വിട്ടുനിന്നിരുന്നതിൽക്കൂ ടി അവളുടെ മുലകളുടെ വിടവു കണ്ടിരുന്നു. അയാളാകട്ടെ വിശന്നിരിക്കുകയുമായി രുന്നു.

വാതിലടച്ച് അയാൾ ദ്വാരത്തിലൂടെ നോക്കി. അവൾ തിരിഞ്ഞു നടക്കുകയാ ണ്. അവളുടെ ചന്തിയുടെ മുഴുമുഴുപ്പ് അയാൾ കണ്ടു. അയാളുടെ ഹൃദയം ശക്തിയാ യി മിടിച്ചു. തിരിച്ചു വന്ന് മലർന്നു കിടന്ന് കാലുകൾ മടക്കി വെച്ചു.

ചായ ഉണ്ടാക്കുമ്പോൾ അയാൾ പെട്ടെന്നോർത്തു. എന്തിനാണ് അയൽക്കാ രൻ പാൽ വാങ്ങിവെച്ചത്? പോരാത്തതിന് തിളപ്പിക്കുകയും ചെയ്തു. എന്താണയാ ളുടെ ഉദ്ദേശ്യം? അതിൽ വല്ല മയക്കുമരുന്നും ഇട്ട് താൻ ബോധം കെട്ടിരിക്കുമ്പോൾ വാതിൽ കുത്തിത്തുറക്കാനോ?

അയാൾ പാൽ ഉപയോഗിക്കാതെ ഒഴിച്ചു കളഞ്ഞു.

ഓഫീസിൽ ഏതായാലും പോകുന്നില്ല. അയാൾ സിനിമ കാണാൻ തീർച്ച യാക്കി. വാതിൽ പൂട്ടിയശേഷം ഒരു തലമുടി പറിച്ചെടുത്ത് പൂട്ടിന്റെ ദ്വാരത്തിനു വി ലങ്ങനെയായി ഒട്ടിച്ചുവെച്ചു. ഒരു ജെയിംസ് ബോണ്ട് മൂവിയിൽ കണ്ടിട്ടുള്ളതാണ്. ആരെങ്കിലും പൂട്ട് തിരുപ്പിടിച്ചാൽ അറിയാമല്ലൊ.

ഒരു ഹിന്ദി സിനിമയായിരുന്നു അത്. സാധാരണമട്ടിൽ ഒരു കാട്ടുപ്രദേശത്തു വെച്ച് നടക്കുന്ന കഥ. കൊള്ളക്കാരൻ ഗ്രാമീണകന്യകയുമായി പ്രേമത്തിലാവുന്നു. അവളെ റൗഡികളിൽനിന്നും രക്ഷിക്കുന്നു. അടുത്ത നിമിഷത്തിൽ നഗരത്തിൽ ഒരു വലിയ കെട്ടിടത്തിലെ പതിനഞ്ചാം നിലയിൽ നടക്കുന്ന കാബറേ കാണുന്നു. റൗഡിയുമായി വീണ്ടും ഏറ്റുമുട്ടൽ.

സിനിമാ ഹാളിൽനിന്ന് പുറത്തു കടന്നപ്പോൾ അയാൾ കാണുന്നത് ഒരു റിയൽ ലൈഫ് ഏറ്റുമുട്ടലാണ്. കുറച്ചു സമയം വേണ്ടി വന്നു വിനയന് അത് മനസ്സിലാക്കാൻ രണ്ടുപേർ അന്യോന്യം അഭിമുഖമായി നിൽക്കുന്നു. അവർ അത്ര സ്നേഹത്തോടെയല്ല നിന്നിരുന്നതെന്ന് വിനയന് മനസ്സിലായത്, അതിൽ ഒരാൾ കയ്യുയർത്തി മറ്റെ ആളുടെ കരണത്തടിച്ചപ്പോഴാണ്. ഒപ്പംതന്നെ ഒരു നടുക്കത്തോടെ അയാൾ മനസ്സിലാക്കി, ആ അടിച്ച ആൾ ഫെർഡിനാൻഡ് ആണെന്ന്. അടി കിട്ടിയ ആളെയും വിനയൻ സാധാരണ കവലകളിൽ കാണാറുണ്ട്. വളർത്തിയ തലമുടിയും, താഴോട്ടു ചായ്ച്ചുവെച്ച മീശയുമായി അയാൾ ഒരു ഗുണ്ടയാണെന്ന് വിനയന് മുമ്പെ അറിയാമായിരുന്നു.

അയാളുടെ മൂക്കിൽ നിന്ന് ചോര ഒലിക്കാൻ തുടങ്ങി. ആൾക്കാർ ചുറ്റും കൂടിയിരുന്നെങ്കിലും ആർക്കും അടുക്കാൻ ധൈര്യമുണ്ടായില്ല. ഫെർഡിനാൻഡ് ചുറ്റും നോക്കി, പിന്നെ തന്റെ എതിരാളിയോട് പറഞ്ഞു.

“ഇനി കളിക്കുമോ ഫെർഡിയോട്, പന്നി!”

ആളുകൾ ഒഴിവാക്കിക്കൊടുത്ത വഴിയിലൂടെ അയാൾ നെഞ്ചും വിരിച്ചു നടന്നു. എതിരാളിയുടെ മൂക്കിൽ നിന്ന് അപ്പോഴും ധാരയായി ചോര ഒഴുകിയിരുന്നു. അതു തുടച്ചുകൊണ്ട് അയാൾ അലറി.

“പന്നീടെ മോനെ, നിന്നെ കാണുമെടാ ഞാൻ.”

ഫെർഡിനാൻഡ് അപ്പോഴേയ്ക്കും കേൾക്കാൻ കഴിയാത്തത്ര ദൂരത്തായതുകൊണ്ട് ആ വാക്കുകളിൽ ധീരത ആർക്കും കാണാൻ കഴിഞ്ഞില്ല.

വിനയൻ ആകെ ഉലഞ്ഞിരുന്നു. ആളുകൾ ഫെർഡിനാൻഡിനെപ്പറ്റി പറഞ്ഞതൊന്നും കള്ളമല്ലെന്നയാൾക്കു ബോദ്ധ്യമായി.

വിനയൻ താമസിച്ചിരുന്ന കെട്ടിടം ഒരു സൊസൈറ്റിയുടേതായിരുന്നു. അയാൾ സൊസൈറ്റി സെക്രട്ടറിയുടെ അടുത്തേയ്ക്കു പോയി. കെട്ടിടത്തിൽ താമസിക്കുന്നവർ ആവലാതികൾ സെക്രട്ടറിയുടെ അടുത്താണ് ബോധിപ്പിക്കേണ്ടത്. പക്ഷേ, അര മണിക്കൂർ വിനയൻ പറയുന്നതു കേട്ടശേഷം സെക്രട്ടറി പറഞ്ഞത് ഒട്ടും സഹായകമായിരുന്നില്ല.

“മിസ്റ്റർ വിനയൻ, നിങ്ങൾ പറയുന്നതൊക്കെ മനസ്സിലാവുന്നുണ്ട്. പക്ഷേ, എനിക്കിതിൽ ഒന്നും ചെയ്യാൻ പറ്റുമെന്നു തോന്നുന്നില്ല. ഒന്നു പറഞ്ഞ് രണ്ടാമതയാൾ പറയുക കൊന്നു കുഴിച്ചിടുമെന്നാണ്. അങ്ങനത്തവരോട് എന്തു പറയാനാണ്? പിന്നെ അയാൾക്കെതിരായി ശിക്ഷാർഹമായ കുറ്റങ്ങളൊന്നും ഇതുവരെ വന്നിട്ടില്ല. നമ്മുടെ കെട്ടിടത്തിൽ ആരെങ്കിലും ഉപദ്രവിച്ചെന്ന് ആവലാതി ഉണ്ടായിട്ടില്ല. മിസ്റ്റർ വിനയൻ, നിങ്ങൾ സമാധാനമായി പോകൂ. കുഴപ്പമൊന്നും ഉണ്ടാവില്ല.”

വിനയന് വീട്ടിലേയ്ക്ക് പോകാൻ പറ്റിയില്ല കോണി കയറാതെ അയാൾ പുറ

ത്തേക്കിറങ്ങിപ്പോയി. പോലീസ്സ്റ്റേഷനിലേയ്ക്ക് നടന്നു. ഇതിനെന്തെങ്കിലും മാർഗ്ഗം കാണണം. ഇങ്ങിനെ ഒരു ദിവസം കൂടി കഴിയാൻ പറ്റില്ല.

ഇൻസ്പെക്ടർക്ക് സെക്രട്ടറിയേക്കാൾ ക്ഷമയുണ്ടായിരുന്നു. വിനയൻ പറഞ്ഞതെല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം അയാൾ ചോദിച്ചു.

"ശരി, ഇനി നിങ്ങളുടെ കംപ്ലേയ്ന്റ് പറയൂ."

"കംപ്ലേയ്ന്റ്? അതാണ് ഞാൻ ഇത്രയും നേരം പറഞ്ഞിരുന്നത്."

"മിസ്റ്റർ വിനയൻ. ഫെർഡി നിങ്ങളെ എന്താണ് ചെയ്തത്."

"ഒന്നും ചെയ്തിട്ടില്ല."

"പിന്നെ നിങ്ങൾ എന്തിന് എന്റെ സമയം ചെലവാക്കി? ഫെർഡിയെപ്പറ്റി നിങ്ങൾ പറഞ്ഞതെല്ലാം എനിക്കറിയാവുന്നതാണ്. വലിയ ഒരു ഫയൽ മുഴുവൻ അയാളുടെ പേരിൽ ഈ സ്റ്റേഷനിലുണ്ട്. അവസാനമായി അയാളെ ജയിലിൽനിന്നു വിട്ടത് കഴിഞ്ഞ മാർച്ചിലാണ്. അതിനുശേഷം അയാൾ കുഴപ്പമൊന്നും കാണിച്ചിട്ടില്ല. നിങ്ങളുടെ അയൽക്കാരനായി എന്ന ഒരേ കുറ്റംകൊണ്ട് എനിക്കയാളെ അറസ്റ്റ് ചെയ്യാൻ പറ്റില്ലല്ലൊ."

വിനയൻ വീട്ടിലേക്കു നടന്നു. കോണി കയറുമ്പോൾ അയാൾ കിതച്ചിരുന്നു. കയറുന്നതിനുള്ള അദ്ധ്വാനത്തിനു പുറമെ ക്ഷോഭം അയാളിൽ തിളച്ചു മറിയുന്നുണ്ടായിരുന്നു. വാതിൽ തുറക്കുന്നതിനുമുമ്പ് പൂട്ടു പരിശോധിക്കാൻ മറന്നില്ല. തലമുടി അവിടെ ഒട്ടിച്ചമാതിരി തന്നെയുണ്ട്. ആരും പൂട്ട് തുറന്നിട്ടില്ല. ഒരു പക്ഷേ, ഫെർഡിനാൻഡ് തന്നേക്കാൾ സമർത്ഥനായിരിക്കും. പൂട്ടുതുറക്കുന്നതിനുമുമ്പ് തലമുടി എടുത്തുമാറ്റി വീണ്ടും വെച്ചതായിരിക്കും.

വാതിൽ തുറന്ന് ശൂന്യതയിലേയ്ക്ക് കടക്കുമ്പോൾ വിനയൻ ഓർത്തു. ഞാൻ എന്തെല്ലാം ഭാവനയിൽ കാണുന്നു. പക്ഷേ, അയാൾക്ക് അത് നിയന്ത്രിക്കുവാൻ കഴിയുമായിരുന്നില്ല. ഫെർഡിനാൻഡ് ഒരു നിഴൽ പോലെ തന്നെ പിൻതുടരുന്നു. ഏതുനിമിഷവും ഒരു ഏറ്റുമുട്ടലിനു തയ്യാറായിട്ടാണ് വിനയൻ നടന്നത്. അത് തന്റെ അവസാനത്തെ ഏറ്റുമുട്ടലായിരിക്കും. അയാൾ മുഷ്ടി ചുരുട്ടി അദൃശ്യമായ നിഴലിനെ ഇടിച്ചു.

പെട്ടെന്ന് ഡോർ ബെല്ലടിച്ചു. അയാൾ ഞെട്ടി. ദ്വാരത്തിലൂടെ നോക്കിയപ്പോൾ കണ്ടത് ഫെർഡിനാൻഡ്! അയാൾ അവിടെ ഉറച്ചുപോയി. ബെൽ ഒരിക്കൽക്കൂടി. അയാൾ അനങ്ങിയില്ല. കുറച്ചുനേരം കൂടി കാത്തു നിന്ന ശേഷം ഫെർഡിനാൻഡ് തിരിഞ്ഞു നടക്കുന്നത് അയാൾ കണ്ടു. പിന്നെ കോണിപ്പടികളിൽ ഇറങ്ങിപ്പോകുന്ന കാൽപ്പെരുമാറ്റം.

വിനയൻ ദീർഘശ്വാസം വിട്ടു. വയ്യ, ഇതു സഹിക്കാൻ പറ്റുന്നില്ല. അയാൾ ഇരുട്ടാവാൻ കാത്തുനിന്നു. ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. സൂര്യൻ അസ്തമിച്ചു. ക്രമേണ ആകാശത്തിന്റെ വേഷം മുഷിഞ്ഞപ്പോൾ തെരുവുവിളക്കുകൾ തെളിഞ്ഞു തുടങ്ങിയപ്പോൾ അയാൾ പുറത്തിറങ്ങി. കത്തികൾ വിൽക്കുന്ന ആ ചെറിയ പീടിക വിനയൻ മുൻപു തന്നെ കണ്ടിട്ടുണ്ട്.

നല്ല കനമുള്ള അറ്റം കൂർത്ത കത്തി തിരഞ്ഞെടുത്തു. തിളങ്ങുന്ന അലകിൽ പ്രതിഫലിച്ചുകണ്ട തന്റെ മുഖം വികൃതമായിരുന്നു. മൂർച്ച പരിശോധിക്കുന്നതിന്നിടയിൽ അയാൾ തന്റെ വിരൽ മുറിച്ചു. മുറിഞ്ഞ വിരൽ വായിലിട്ട് വലിച്ചു കുടിച്ച് അയാൾ ചോരയുടെ പ്രവാഹം നിർത്തി.

കത്തി പൊതിഞ്ഞ കടലാസുപെട്ടിക്ക് ഒരു അശുഭകരമായ മട്ടുണ്ട്. ഒരു ശവപ്പെട്ടി ഏറ്റുന്ന പോലെ അയാൾ അതു ചുമന്ന് തെരുവിലിറങ്ങി. നന്നായി ഭക്ഷണം കഴിക്കണം. കുറെക്കാലമായി മര്യാദയ്ക്കു ഭക്ഷണം കഴിച്ചിട്ട്. സമയം എട്ടായിട്ടേ ഉള്ളു. ഒരു പകുതി രാത്രി മുഴുവൻ തന്റെ മുമ്പിൽ കിടക്കുന്നുണ്ട്. ഒരുപക്ഷേ, മുഴുവൻ രാത്രിയും. എന്താണുണ്ടാവുക എന്നതിനെപ്പറ്റി അപ്പോഴും വിനയന് വലിയ രൂപമുണ്ടായിരുന്നില്ല.

ഒരു വിശന്ന മൃഗത്തെപ്പോലെ അയാൾ ഭക്ഷണം കഴിച്ചു. ആർത്തിയോടെ, അങ്ങോട്ടും ഇങ്ങോട്ടും നോക്കാതെ. എല്ലാം കഴിഞ്ഞപ്പോഴും ഒമ്പതു മണിയേ ആയുള്ളു. ഇനി? ശവപ്പെട്ടിപോലെയുള്ള പെട്ടിയും ഏറ്റി അയാൾ ലക്ഷ്യമില്ലാതെ നടന്നു. അവസാനം ഒരു പാർക്കിൽ എത്തി. ഒരു കൽബഞ്ചിൽ കുറെനേരം ഇരുന്നു.

അയാൾ വീട്ടിലെത്തിയപ്പോൾ ഒരു മണിയായിരുന്നു. രണ്ടുമണിക്കാണ് ഫെർഡിനാൻഡ് വരുക. ഇനിയും ഒരു മണിക്കൂർ സമയമുണ്ട്. വിനയൻ കത്തിയെടുത്ത് ഒരിക്കൽക്കൂടി പരിശോധിച്ചു. പിന്നെ ഫ്ളാറ്റിന്റെ വാതിൽ അടച്ച് കുറ്റിയിട്ട് കോണിയുടെ മുകളിലേയ്ക്കു കയറി. അവിടെ മൂന്നാം നിലക്കും ടെറസ്സിലേക്കുള്ള വാതിലിനും ഇടയിലുള്ള സ്ഥലത്തു നിന്നു. ടെറസ്സിൽ ഇരുട്ടായിരുന്നു. വിനയൻ നിന്നിടത്തും. താഴത്തെ നിലയിൽനിന്നുള്ള വെളിച്ചം എതിരെ ഭിത്തിയിൽ നിഴലിച്ചിരുന്നു.

അയാൾ ഓർത്തു. ഫെർഡിനാൻഡ് വന്നാൽ സ്വന്തം താക്കോലെടുത്ത് തുറന്ന് അകത്തു കടക്കുകയാണ് പതിവ്. ഭാര്യ ഒരുപക്ഷേ, ഉറക്കമായിരിക്കും. എങ്ങനെയാണ് ചെയ്യേണ്ടതെന്ന് വിനയൻ നല്ലപോലെ ആലോചിച്ചിട്ടുള്ളതാണ്. ഒരു മണിക്കൂർ കൂടി തള്ളി വിടുകയേ വേണ്ടു.

അയാൾ വിയർത്തിരുന്നു. ടെറസ്സിൽ കാറ്റുണ്ടാകും. പക്ഷേ, നിന്നിടത്തു നിന്ന് ഇളകാൻ അയാൾക്കു ധൈര്യം വന്നില്ല. അയാൾ ഒരു തൂണുപോലെ, തളച്ചിട്ട ഒരു നിഴൽ പോലെ അവിടെ നിന്നു. അങ്ങനെ നിൽക്കുമ്പോൾ അയാൾ കോണിയിൽ കാൽപ്പെരുമാറ്റം കേട്ടു. കുറച്ചു കാലമായി എന്നും ശ്രദ്ധിക്കുന്ന, പരിചയമുള്ള കനത്ത കാലടി ശബ്ദം. അയാൾ കത്തി മുറുകെപ്പിടിച്ച് മുന്നോട്ടു നീങ്ങി. കോണിയുടെ തിരിവിൽ എത്തി ഒളിഞ്ഞു നോക്കി. ഫെർഡിനാൻഡ് വാതിലിന്നടുത്തെത്തിയിരുന്നു. പെട്ടെന്ന് വിനയൻ ഓടിക്കൊണ്ട് കോണിപ്പടികൾ ചടുപിടുന്നനെ ഇറങ്ങുകയും അമ്പരന്നു നിന്ന ഫെർഡിനാൻഡിനെ കുത്തുകയും ചെയ്തു. ആദ്യത്തെ കുത്തിനു തന്നെ അയാൾ അലറി. രണ്ടാമത്തെ കുത്തിന് ആ അലർച്ച നിന്ന് അയാൾ ചുമർ പിടിച്ച് ചാഞ്ഞുനിന്നു. സാവധാനത്തിൽ ഉരസി നിലത്തു വീഴുകയും ചെയ്തു.

അങ്ങനെ ഏതു ഭീരുവിനും ചെയ്യാൻ കഴിയുമായിരുന്ന ആ ഹീനകൃത്യം ചെയ്ത ശേഷം വിനയൻ സ്വന്തം ഫ്ളാറ്റിനുള്ളിലെ ഇരുട്ടിലേയ്ക്ക് ഓടിയൊളിച്ചു.

# ഒരു നഷ്ടക്കാരി

ഏഴു മണിക്ക് അപ്പോഴും തീരെ നഷ്ടപ്പെട്ടിട്ടില്ലാത്ത മങ്ങിയ വെളിച്ചത്തിൽ പൂട്ടിന്റെ ദ്വാരം തപ്പി നോക്കി താക്കോലിട്ട് വാതിൽ തുറക്കുമ്പോൾ നിശ ആലോചിച്ചു. ഒരു ദിവസമെങ്കിലും വീട്ടിൽ വരുമ്പോൾ അകത്ത് വെളിച്ചം കണ്ടെങ്കിൽ? നിറയെ ആൾക്കാരുണ്ടായെങ്കിൽ? അറിയാത്തവരായാലും മതി. ബെല്ലടിച്ച് കാത്തു നിൽക്കുമ്പോൾ അവരിലൊരാൾ വാതിൽ തുറന്നാൽ, ദിവസേന സംഭവിക്കുന്ന ഒരു കാര്യം പോലെ അകത്തു കടന്ന് തോളിലിട്ട തുകൽ സഞ്ചിയെടുത്ത് മേശമേൽ വെച്ച് മുറിയുടെ മൂലയിൽ ഇട്ട ഉയരം കുറഞ്ഞ സ്റ്റൂളിൽ ഇരുന്ന് കുനിഞ്ഞ് ചെരുപ്പിന്റെ ബക്കിളഴിക്കുമ്പോൾ തീവണ്ടിയിൽ എന്ത് തിരക്കായിരുന്നു എന്ന് പറയാൻ ആരെങ്കിലുമുണ്ടായെങ്കിൽ?

അതുമല്ലെങ്കിൽ വരുമ്പോൾ വാതിൽ മലർക്കെ തുറന്നു കിടക്കുന്നതായും അകത്തെ സാധനങ്ങളെല്ലാം കൊള്ളയടിക്കപ്പെട്ടതായും കണ്ടാൽ മതിയായിരുന്നു. എന്തും, ഇനി അടുത്ത നിമിഷത്തിൽ തന്നെ വലയം ചെയ്യാൻ പോകുന്ന, ഏകാന്തതയേക്കാൾ വളരെഭേദമാണ്.

അവൾ വാതിൽ ഉറക്കെ അടച്ചു. കനമുള്ള വാതിലിൽ പിടിപ്പിച്ച നൈറ്റ് ലാച്ച് അതിന്റെ കൊതയിൽ ഇറങ്ങിയുണ്ടായ ക്ലിക് ശബ്ദം അവൾ ശ്രദ്ധിച്ചു. മുറിയിൽ ഇരുട്ടായിരുന്നു. വിളക്കു കത്തിക്കാതെ അവൾ ചുമലിൽ തൂക്കിയിട്ട തുകൽ സഞ്ചി മേശപ്പുറത്തു വെച്ചു. സ്റ്റൂളിൽ പോയിരുന്ന് ചെരുപ്പിന്റെ ബക്കിളഴിച്ചു. പാദസരത്തിന്റെ മണികൾ ശബ്ദിച്ചു. എത്ര നേരിയ ശബ്ദമായാലും അത് സ്വാഗതാർഹമാണ്.

അവൾ കിടപ്പറയിലേയ്ക്കു നടന്നു. ഇരുട്ടിൽ ഓരോ വസ്തുവിനും ജീവനുള്ള പോലെ തോന്നി. എല്ലാം അവളുടെ മേൽ ചാടി വീഴാൻ ഗൂഢാലോചന നടത്തുന്ന പോലെ. പകൽ വെളിച്ചത്തിൽ അവ നിർജ്ജീവങ്ങളായ സ്ഥാവര വസ്തുക്കൾ മാത്രം. അവൾ അലമാരി തുറന്ന് ഉടുപ്പു പുറത്തെടുത്തു. സാരിയും ബ്ലൌസും അഴിച്ചു മടക്കി അലമാരിയിൽ വെച്ചു. ഉടുപ്പ് തലയിലൂടെ ഇറക്കി ഇട്ടു. കുളിമുറിയിൽ പോയി കാലും മുഖവും കഴുകി.

പിന്നെ സ്വിച്ചിനു മേൽ കൈ വെച്ച് ആ മാന്ത്രിക ലോകം തകർക്കുന്നതിനു മുമ്പ് അവൾ വീണ്ടും ചുറ്റും നോക്കി. ഇരുട്ട് കനം വെച്ച് ജീവനുള്ള വസ്തുക്കളെയെല്ലാം പാടെ മറച്ചു തുടങ്ങിയിരുന്നു.

വെളിച്ചത്തിന്റെ പ്രളയം.

അടുക്കളയിൽ സിങ്ക് ഉണങ്ങിക്കിടന്നു.

ചായക്കുള്ള വെള്ളമെടുക്കാൻ പാത്രം കഴുകിയപ്പോൾ ഉണങ്ങിയ സിങ്കിൽ നനവ് ഒരു രൂപം ഉണ്ടാക്കി. പിന്നീട് പാത്രങ്ങൾ കഴുകാനായി വെള്ളമൊഴിക്കുമ്പോൾ ആ രൂപങ്ങൾ മാഞ്ഞുപോകുന്നത് അവൾ സങ്കടത്തോടെ നോക്കിനിന്നു. ഒരു മനുഷ്യന്റെ രൂപത്തിന് സംഭവിക്കുന്ന മാറ്റങ്ങൾ. ഒരു തുള്ളി വെള്ളം വീണ്

അയാളുടെ മൂക്ക് വളരെ വലുതായി വന്നു. വേറൊരു തുള്ളി അയാളുടെ തലയിൽ ഒരു മുഴയുണ്ടാക്കി. പിന്നെ വെള്ളത്തിന്റെ പ്രവാഹത്തിൽ ആ കുറിയ മനുഷ്യൻ ഇല്ലാതായി.

അവൾ വിചാരിച്ചു. ആ കുറിയ മനുഷ്യൻ ജീവൻ വെച്ച് സിങ്കിൽനിന്ന് എഴുന്നേറ്റ വന്നെങ്കിൽ അവൾക്ക് വളർത്താമായിരുന്നു. അവൾ അയാളെ അലമാരിയിൽ സാരിക്കിടയിൽ ഒളിപ്പിച്ചു വെക്കും. പ്രസാദ് വരുമ്പോൾ പറയും. “നോക്കൂ, എനിക്ക് ഇന്നൊരു സാധനം കിട്ടിയിട്ടുണ്ട്.”

ആട്ട കുഴക്കാൻ മാവെടുക്കാൻ വേണ്ടി ടിന്ന് താഴേക്കു വെച്ചപ്പോഴാണവൾ കണ്ടത്. ഒരു എട്ടുകാലി. മെലിഞ്ഞ നീണ്ട കാലുകൾ. നടുവിൽ ഒരു കടുകുമണിയോളം പോന്ന ഉടൽ. അവൾ പെട്ടെന്ന് പേടിയും അറപ്പും കൂടി ഒരു ശബ്ദം പുറപ്പെടുവിച്ചു.

അവൾക്ക് ഒരു കൂറയെ ചൂലു കൊണ്ട് അടിച്ചു കൊല്ലാം. പക്ഷേ, എട്ടുകാലി! അതു വയ്യ.

എട്ടുകാലി ഒരു സ്പ്രിംഗിനു മുകളിൽ വെച്ച പോലെ ഉയരുകയും, താഴുകയുമായിരുന്നു. കുറച്ചകലെ നിന്ന് അവൾ അതു വീക്ഷിച്ചു. അതിനൊന്ന് നടന്നു പൊയ്ക്കൂടെ? ഇല്ലെങ്കിൽ ഞാൻ റൊട്ടി ഉണ്ടാക്കിയില്ലെന്നേ വരൂ.

ഭാഗ്യത്തിന് എട്ടുകാലി അതിന്റെ സ്പ്രിംഗ് നൃത്തം അവസാനിപ്പിച്ച് നടക്കാൻ തുടങ്ങി. കുറച്ചു കൂടി അടുത്തു വന്ന് അവൾ അതിന്റെ ഗതി വീക്ഷിച്ചു. ടിന്നിന്റെ അരുകിലൂടെ അത് ഇറങ്ങി നിലത്തു കൂടെ നീണ്ട കാലുകൾ വെച്ച് അരിച്ച് ചുമരിൽ കയറുന്നത് അവൾ ആശ്വാസത്തോടെ നോക്കി.

ഞാൻ എന്തിനാണ് എട്ടുകാലികളെ ഭയപ്പെടുന്നത്? അവൾ ആലോചിച്ചു. ഒരു പക്ഷേ അവയുടെ നീണ്ട കാലുകൾ കാരണമായിരിക്കും. ഒരു എട്ടുകാലി ദേഹത്തിലാസകലം അരിച്ചു നടക്കുകയും തനിക്കതിനെ എടുത്തു മാറ്റാൻ പറ്റാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥ അവളുടെ ദുഃസ്വപ്നങ്ങളിലൊന്നായിരുന്നു.

പുറത്ത് ഇരുട്ട് കട്ടി കൂടിയിരുന്നു. ജനലിലൂടെ പുറത്തേയ്ക്കു നോക്കിയപ്പോൾ അവൾ തീവണ്ടി ഓർത്തു. പ്രസാദ് ഒരു പക്ഷേ, തീവണ്ടിയിലുണ്ടാകും. ഭർത്താവിന്റെ മെലിഞ്ഞു നീണ്ട രൂപം തീവണ്ടിയിലെ തിരക്കിനിടയിൽക്കൂടെ ഉയർന്നു നിൽക്കുന്നത് അവൾ മനസ്സിൽ കണ്ടു. ചിലപ്പോൾ അയാൾ ഇപ്പോഴും അമ്മയുടെ അടുത്തു നിന്ന് പുറപ്പെട്ടിട്ടുണ്ടാവില്ല. എന്തിനാണ് പ്രസാദ് ദിവസവും അമ്മയുടെ വീട്ടിൽ പോകുന്നത്? ആഴ്ചയിലൊരിക്കലാണെങ്കിൽ മനസ്സിലാക്കാം. ഇതു ദിവസവും. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എന്താണ് തോന്നാത്തത്?

അവൾ കുഴച്ച മാവ് പാത്രത്തിലാക്കി ഉണങ്ങാതിരിക്കാൻ തുണി കൊണ്ട് മൂടി വെച്ചു. പച്ചക്കറി കൂട എടുത്തു ബീൻസ് ഒരു പാത്രത്തിലിട്ടു കഴുകി, പലകമേൽ വെച്ച് അരിയാൻ തുടങ്ങി.

അപ്പോൾ പുറത്തെ വാതിലിൽ താക്കോൽ ഇടുന്ന ശബ്ദം കേട്ടു. പെട്ടെന്നവൾ പ്രക്ഷുബ്ധയായി. കത്തിയുടെ പിടിമേൽ കൈ മുറുക്കി. താക്കോൽ പൂട്ടിന്റെ ദ്വാരത്തിൽ തിരിയുന്ന ശബ്ദം അവൾ ശ്രദ്ധിച്ചു. ഒരു ക്ലിക് ശബ്ദം. പിന്നെ വാതിൽ തുറക്കുമ്പോൾ ഉണ്ടാകുന്ന കരകര ശബ്ദം. ആൾ അകത്തു കടന്നു, പിന്നിൽ വാതിലടഞ്ഞു. അകത്തു കടന്ന ആളുടെ രൂപത്തെപറ്റി അവൾ ഊഹം നടത്തി. തടിച്ച് കറുത്തനായ ഒരാൾ. താൻ മുമ്പ് കണ്ട ആരെങ്കിലുമായിരിക്കുമോ?

പുരുഷന്മാരുടെ തറച്ച നോട്ടത്തെ അവൾ എപ്പോഴും ഭയപ്പെട്ടിരുന്നു. ദിവസവും രാവിലെ ട്രെയിൻ കേറാൻ വേണ്ടി പ്ലാറ്റ്ഫോമിലേക്ക് കയറുമ്പോൾ ഒരു നിശ്ചിത സ്ഥാനത്ത് എന്നും ഒരാളെ കാണാറുണ്ട്. അയാൾ അവളെ തുറിച്ച് നോക്കാറുണ്ട്. അയാളെ നേരിട്ട് നോക്കിയില്ലെങ്കിലും കണ്ണിന്റെ കോണിലൂടെ അവൾ അയാളെ ഭയത്തോടെ നോക്കിയിരുന്നു. അയാൾ എന്നും അവിടെ ആരെയോ പ്രതീക്ഷിച്ചിട്ടെന്നപോലെ നിൽക്കാറുണ്ട്. അവളെ കണ്ടാൽ ഉടനെ നിവർന്നു നിൽക്കുന്നത് അവൾ ശ്രദ്ധിക്കാറുണ്ട്. അയാളെ കടന്നു വേണം അവൾക്ക് ലേഡീസ് കമ്പാർട്ടുമെന്റിനു നേരെ നടക്കാൻ. ആദ്യം ഒരു ദിവസം അവൾ തിരിഞ്ഞു നോക്കിയപ്പോൾ അയാൾ അപ്പോഴും അവളെ തുറിച്ചുനോക്കുന്നതാണ് കണ്ടത്. പിന്നെ അവൾ തിരിഞ്ഞു നോക്കുക എന്ന സാഹസത്തിന് മുതിർന്നില്ല.

കാൽപ്പെരുമാറ്റം സ്വീകരണമുറിയിൽ നിന്ന് ഇടനാഴികയിലൂടെ കിടപ്പറയിലേയ്ക്ക് പോകുന്നതവൾ ശ്രദ്ധിച്ചു. അലകു കൂർത്ത കത്തിയുടെ പിടിമേൽ അവൾ കൈ മുറുക്കി. അയാൾ അവളെ തിരയുകയാണ്. ഇനി വരാൻ പോകുന്നത് അടുക്കളയിലേക്കായിരിക്കും. അയാളുടെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. ഒരു ശക്തിപരീക്ഷ കഴിഞ്ഞല്ലാതെ തന്നെ ബലാൽസംഗം ചെയ്യാൻ അയാൾക്കു കഴിയില്ല. താൻ പൊരുതാൻ തന്നെ തീർച്ചയാക്കിയിരിക്കുന്നു. കൈകളുടെ പേശികൾ മുറുകി നിൽക്കുന്നതവൾ ശ്രദ്ധിച്ചു.

കാലടി ശബ്ദം കിടപ്പറയിൽ നിന്ന് അടുത്തടുത്ത് വന്ന് അടുക്കളയിൽ അവസാനിച്ചു.

അവൾ ഒരു ദീർഘശ്വാസത്തോടെ കത്തി താഴെ വെച്ചു. എനിക്കു വയ്യ. ചുറ്റുമുള്ള ഇരുട്ടും ഏകാന്തതയുമാണ് ഈ ആലോചനകൾ എന്നും എന്റെ മനസ്സിൽ കുത്തിനിറയ്ക്കുന്നത്.

തീപ്പെട്ടിയെടുത്ത്, സ്റ്റൌ കൊളുത്തി, ചെറിയ പാത്രത്തിൽ ചായയ്ക്കുള്ള വെള്ളം വെയ്ക്കുമ്പോൾ തിരിഞ്ഞുനോക്കാതെ തന്നെ അവൾ ചോദിച്ചു.

“എന്താണ് ഇത്ര നേരം വൈകിയത്?”

അവൾ മറുപടിയൊന്നും പ്രതീക്ഷിച്ചില്ല.

“ഞാൻ കുളിക്കട്ടെ.” അയാൾ പറഞ്ഞു.

അവൾ ആലോചിച്ചു. ഇപ്പോൾ കാലടി ശബ്ദം കേൾക്കാം. ആദ്യം കിടപ്പറയിലേയ്ക്ക്. അവിടെ നിന്നു പ്രസാദ് തോർത്തെടുത്തു കുളിമുറിയിലേയ്ക്കു നടക്കുന്നതവൾ മനസ്സിൽ കണ്ടു. ഇപ്പോൾ സ്വിച്ചിന്റെ ശബ്ദം കേൾക്കാം. പിന്നെ കുളിമുറിയിൽ മങ്ങിയ വെളിച്ചം സോപ്പിന്റെ വാസന.

വെള്ളം തിളയ്ക്കാൻ തുടങ്ങിയിരുന്നു. ബീൻസ് അരിഞ്ഞു കൊണ്ട് അവൾ ആലോചിച്ചു. പ്രസാദിന് പൊടിയിട്ട് ചായ കൂട്ടി കുടിച്ചിട്ട് മതിയായിരുന്നു കുളി. ഞാനും ഓഫീസിൽനിന്നു വരുകയാണെന്നു തളർന്നിരിക്കുകയാണെന്ന് എന്താണ് മനസ്സിലാക്കാത്തത്?

പ്രസാദ് കുളിച്ചു വന്ന് ചായ കുടിച്ചുകൊണ്ടിരിക്കെ അവൾ ചോദിച്ചു.

“അമ്മയുടെ അടുത്ത് പോയിരുന്നോ?”

“ഇല്ല. അയാൾ പറഞ്ഞു. ഓഫീസിൽ ജോലിയുണ്ടായിരുന്നു.”

നുണ. അവൾ വിചാരിച്ചു. പ്രസാദ് അമ്മയുടെ അടുത്ത് പോയിട്ടുണ്ടെന്ന് തീർച്ചയാണ്. വൈകുന്നേരം പ്രസാദ് അമ്മയുടെ അടുത്ത് പോയ ദിവസങ്ങളിലെല്ലാം

അവൾക്കതറിയാം. അയാളുടെ മുഖത്തുണ്ടാവുന്ന, ഒളിച്ചു വെക്കാൻ ശ്രമിച്ചാലും കഴിയാത്ത ഒരു അപരാധബോധം, പോകാത്ത ദിവസങ്ങളിൽ അയാളുടെ മുഖത്തുണ്ടാവുന്ന, എന്തോ ഒന്ന് ചെയ്തില്ലാ എന്ന ഭാവം. ഇതെല്ലാം കടലാസ്സിൽ അച്ചടിച്ച വന്ന ഒരു പഴങ്കഥ പോലെ അവൾക്കു വായിക്കാം.

അവൾ ഒന്നും പറഞ്ഞില്ല. അവൾ ടിന്നിന്മേൽ കണ്ട എട്ടുകാലിയെപ്പറ്റി ആലോചിച്ചു. അതെവിടേയ്ക്കാണോ പോയിട്ടുണ്ടാവുക? പക്ഷേ, നാളെ ആദ്യം വന്ന് ടിന്നിന്മേൽ സ്ഥലം പിടിയ്ക്കും.

“ആട്ടയിട്ട ടിന്നിന്മേൽ ഒരു എട്ടുകാലിയുണ്ടായിരുന്നു.” അവൾ പറഞ്ഞു. “വളരെ മെലിഞ്ഞ ഒരു എട്ടുകാലി.”

പ്രസാദ് ചുമരിന്മേലും, തട്ടിന്മേലും കണ്ണോടിച്ച പറഞ്ഞു.

“ഇപ്പോൾ കുറെ ദിവസമായി മരുന്നടിച്ചിട്ട്. ഈ ഞായറാഴ്ച ചെയ്യണം.”

പ്രസാദിന്റെ പ്രതികരണം സാധാരണപോലെ നിരാശാവഹമായിരുന്നു. അയാൾ കൂടുതൽ വല്ലതും പറയുമെന്ന്, തന്റെ ഭയങ്ങളെ അകറ്റാൻ ശ്രമിക്കുമെന്ന് അവൾ പ്രത്യാശിച്ചു. എന്നിട്ട് എന്ത് ചെയ്തു എന്ന ചോദ്യമുണ്ടായാൽ അവൾക്ക് കൂടുതൽ പറയാമായിരുന്നു. തനിക്ക് എട്ടുകാലിയെ എന്തു പേടിയാണെന്ന്, വൈകുന്നേരം ഓഫീസിൽനിന്നു വരുമ്പോൾ അകത്തുതന്നെ പതുങ്ങിനിൽക്കുന്ന ജീവനുള്ള വസ്തുക്കളെപ്പറ്റി, തന്റെ നിഗൂഢഭയങ്ങളെപ്പറ്റിയെല്ലാം പറയാമായിരുന്നു. പക്ഷേ, ഈ ഉത്തരം എല്ലാ വാതിലുകളും അടച്ചിട്ടു. അവൾക്കിനി നിർവ്വികാരയായി ഇരിക്കാം.

അവൾ അച്ഛനെ ഓർത്തു. അച്ഛനാണെങ്കിൽ ചോദിക്കുമായിരുന്നു. “എന്നിട്ടെന്തുണ്ടായി മോളെ?”

എന്തു നിസ്സാര കാര്യമായാലും അയാൾ ശ്രദ്ധയോടെ കേൾക്കുമായിരുന്നു. ഇടയ്ക്കിടയ്ക്ക് സംശയം തീർക്കാൻ ചോദ്യങ്ങളും.

പ്രസാദിന് അങ്ങിനെ സംസാരിക്കാൻ അറിയാതെയൊന്നുമില്ല. അയാൾ അറുപതു വയസ്സായ അമ്മയെ ഇപ്പോഴും കൊഞ്ചിക്കാറുണ്ട്.

അവൾ തന്റെ അവിവാഹിതനായ ബോസിനെ ഓർത്തു.

“മിസ്സിസ് പ്രസാദ്, നിങ്ങളുടെ ചുണ്ടിലും തലമുടിയിലും ഓരോ പൂ.”

അയാൾ എന്തെങ്കിലും പ്രശംസ ചൊരിയാത്ത ദിവസങ്ങളുണ്ടാവില്ല. ഒന്നുകിൽ സാരിയെപ്പറ്റി. അല്ലെങ്കിൽ താൻ പുതുതായി വാങ്ങിയ ഇമിറ്റേഷൻ പേൾ മാലയെപ്പറ്റി. അല്ലെങ്കിൽ വണ്ടിയിൽ നിന്നു വാങ്ങിയ ഒരു രൂപ വിലയുള്ള ഇയർ റിങ്ങിനെപ്പറ്റി.

അവൾ എഴുന്നേറ്റ കുളിമുറിയിലേയ്ക്കു നടന്നു. ഞാൻ കുളിയ്ക്കാൻ പോകുകയാണെന്നു പറയില്ല. അവൾ വാശിയോടെ ആലോചിച്ചു. പ്രസാദിന് മനസ്സിലാവട്ടെ ഞാൻ സന്തുഷ്ടയല്ലെന്ന്. പിന്നെ കുളിയ്ക്കുമ്പോൾ ദേഹത്തെ വിയർപ്പിന്റെ ഉപ്പിനോടൊപ്പം ദ്വേഷ്യവും അലിഞ്ഞു പോയി. ഒരുപക്ഷേ, ഇന്ന്...

കുളി കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ പ്രസാദ് അടുക്കളയിൽ ചീനച്ചട്ടിയിലേയ്ക്ക് അരിഞ്ഞുവെച്ച ബീൻസ് ഇടുകയായിരുന്നു. ശ്ശ് ശബ്ദം കാരണം അയാൾ നിശ കുളിമുറിയിൽ നിന്നും പുറത്തു കടന്നതറിഞ്ഞില്ല. അയാൾ ഏതോ പാട്ട് ചൂളമടിക്കുകയാണ്.

പാവം. അവൾ വിചാരിച്ചു.

അവൾ മറ്റേ സ്റ്റൌ കൊളുത്തി. റൊട്ടിയുണ്ടാക്കാനുള്ള ചട്ടി കയറ്റിവെച്ചു. കറിയുണ്ടാക്കുന്ന പണി കഴിഞ്ഞിരുന്നു. ഇനി അതു തന്നത്താൻ വെന്തുകൊള്ളും.

പ്രസാദ് റൊട്ടി പരത്തി. നിശ അത് ഓരോന്നായി ചുട്ടെടുത്തു. ഓരോ റൊട്ടിയും ചുട്ടെടുക്കാൻ പരത്തുന്നതിനേക്കാൾ സമയം വേണ്ടിവന്നതു കൊണ്ട് പ്രസാദിന് കാത്തുനിൽക്കേണ്ടി വന്നു. അയാൾ പറഞ്ഞു.

നീ വളരെ സാവധാനത്തിലാണ് ചുടുന്നത്.

“വേഗം ചുട്ടാൽ ഒന്നും വേവില്ല.” അവൾ പറഞ്ഞു. “നിങ്ങൾ എന്നെത്തന്ന്യാ കുറ്റപ്പെടുത്തുക.”

“ഞാൻ വേഗം ചുട്ടുകാണിച്ചു തരാം.” അയാൾ പറഞ്ഞു.

“വേണ്ട, വേണ്ട. ഞാൻ ഭംഗിയിൽ ചുടുന്നതു കാണുമ്പോൾ, റൊട്ടി വലിയ പൊള്ളയായി പൊന്തുന്നതു കാണുമ്പോൾ നിങ്ങൾക്കും അതു ചെയ്യാൻ തോന്നുന്നുണ്ടല്ലേ?”

അയാൾ ചിരിച്ചു. അവർക്കിടയിൽ ഉണ്ടായിരുന്ന സമ്മർദ്ദം അയഞ്ഞു വരുന്നതവൾ കണ്ടു. അവൾ സന്തോഷിച്ചു. സ്നേഹിക്കപ്പെടുകയാണെന്ന ബോധം അവളെ സുരക്ഷിതത്വത്തിലേയ്ക്കു നയിച്ചു. എത്ര പെട്ടെന്നാണ് മാറ്റമുണ്ടായത്?

റൊട്ടികൾക്കു നല്ല ആകൃതിയുണ്ടായിരുന്നു. പ്രസാദ് നല്ല ഭംഗിയിൽ പരത്തും. അയാൾ പരത്തുന്നതു നോക്കി നില്ക്കാൻ അവൾക്കിഷ്ടമായിരുന്നു.

അവൾ പെട്ടെന്നു ബോസിനെ ഓർത്തു. അയാൾ തരാമെന്നു പറഞ്ഞ കാക്ടിയെപ്പറ്റി പ്രസാദിനോട് പറഞ്ഞില്ലെന്ന് ഓർത്തു.

“അനിൽ ഒരു കള്ളിച്ചെടി തരാമെന്നു പറഞ്ഞിട്ടുണ്ട്.”

പ്രസാദ് ഒന്നും പറഞ്ഞില്ല.

“നല്ല ഭംഗിയുള്ളതാണത്രെ. വളരെ അപൂർവ്വമായി കാണുന്നതാണത്രേ.”

പ്രസാദ് വല്ലതും മറുപടി പറയാൻ അവൾ ഒരു നിമിഷം കാത്തുനിന്നു. മറുപടിയുണ്ടായില്ല.

“അനിൽ ഡയറക്ടറുടെ വീട്ടിൽ പോയപ്പോൾ കണ്ടതാണത്രേ. ഇഷ്ടപ്പെട്ടപ്പോൾ എടുത്തു കൊണ്ടുവന്നു. വളരെ വിലപിടിച്ചതായിരിക്കുമെന്നാണ് പറയുന്നത്. നമുക്ക് ഷോകേസിന്റെ മുകളിൽ വെയ്ക്കാം.”

വാക്കുകൾ പളുങ്കുമണികൾപോലെ നിശ്ശബ്ദതയുടെ കോട്ടയുടെ കരിങ്കൽച്ചുമരിൽ തട്ടി തകർന്നു വീഴുന്നത് അവൾ പെട്ടെന്നു കണ്ടു. തന്റെ സംസാരം കേട്ടുകൊണ്ടിരിക്കുന്ന ആൾ വളരെ അകലെയാണെന്നും തനിയ്ക്ക് അപ്രാപ്യമാണെന്നും അവൾ മനസ്സിലാക്കി. അവളുടെ രക്തം തണുത്തു. ആൾക്കാരുള്ള തെരുവീഥിയിൽക്കൂടി നടക്കുമ്പോൾ പെട്ടെന്നു നഗ്നയായപോലെ അവൾക്കു തോന്നി. ഒരു മറവു കിട്ടാൻ, അതെത്ര ചെറിയതായാലും വേണ്ടില്ല, അവൾ മോഹിച്ചു.

എന്താണ് ഈ മനുഷ്യന്റെ മനസ്സിൽ? മിണ്ടാതിരുന്നാൽ മറ്റുള്ളവർക്ക് എന്താണ് മനസ്സിലാവുക? ഈ നിശ്ശബ്ദത ഞാൻ വെറുക്കുന്നു. പ്രസാദിന് വേറെ എന്തു വേണമെങ്കിലും ചെയ്യാം. ലഹള കൂട്ടാം. അനിലിനെ ഇഷ്ടമല്ലെന്നു പറയാം. ആ കള്ളിച്ചെടി ഗട്ടറിലേയ്ക്കു വലിച്ചെറിയാൻ പറയാം. ചപ്പാത്തിപ്പലകയും, റോളറും വലിച്ചെറിഞ്ഞു ദേഷ്യം പ്രകടിപ്പിക്കാം. എന്തും ഈ മൂകതയേക്കാൾ, നിർവ്വികാരതയേക്കാൾഭേദമാണ്. ഇതു മനസ്സിലാക്കാൻ ഇത്ര പ്രയാസമാണോ?

ഭക്ഷണം കഴിക്കുമ്പോൾ അവൾ പ്രസാദിനെ ശ്രദ്ധിച്ചു. ഒന്നും സംഭവിക്കാത്ത മട്ടിൽ ഇരിക്കുന്നു. എന്തായിരിക്കും അയാൾ ആലോചിക്കുന്നത്? അമ്മയെപ്പറ്റിയാ യിരിക്കുമോ? രണ്ടുപേർ കൂടിയിരിക്കുമ്പോൾ സ്വന്തം ലോകത്തിലേയ്ക്കു വലിയുന്നതു സ്വാർത്ഥമാണ്, അല്പത്വമാണ്.

"കറിയിൽ ഉപ്പ് കുറവാണോ?"

"കുറച്ച്." അവൾ മറുപടി പറഞ്ഞു. "ഇനി ഇടണോ?"

അയാൾ ഭക്ഷണം തുടർന്നു. സ്വയം സംതൃപ്തനായപോലെ. അവൾക്കു പെട്ടെ ന്നു മടുപ്പു തോന്നി. എന്തോ ഓർത്തപോലെ പ്രസാദ് പറഞ്ഞു.

"ഞായറാഴ്ച അവിടെ ഊണു കഴിക്കാൻ പറ്റുമോ എന്ന് അമ്മ ചോദിച്ചു."

"എന്തു മറുപടി പറഞ്ഞു?" അവൾ ചോദിച്ചു.

"ചെല്ലാമെന്നു പറഞ്ഞിട്ടുണ്ട്."

"തനിയെ പൊയ്ക്കൊള്ളൂ." അവൾ വെറുപ്പോടെ പറഞ്ഞു. "എനിക്കിവിടെ പണിയുണ്ട്. ആകെ ഒരു ഞായറാഴ്ച കിട്ടുന്നതാണ്. അതവിടെ പോയി തുലയ്ക്കാൻ ഞാൻ തയ്യാറില്ല. പിന്നെ അവർക്ക് എന്നെ കാണാനല്ലാ താൽപര്യവും."

"നിന്നെയും കൂട്ടി ചെല്ലാനാണ് പറഞ്ഞത്. അവിടെ നിന്ന് ഊണു കഴിക്കാമെ ന്നു പറഞ്ഞു."

"ഞാൻ വരുന്നില്ല. പ്രസാദ് ഒറ്റയ്ക്കു പൊയ്ക്കൊള്ളൂ. എനിയ്ക്കു വയ്യ ആ നരക യാതന സഹിക്കാൻ."

അവൾ ഓർത്തു. അമ്മായിയമ്മയുടെ വീട്ടിൽ പോയാൽ ഉണ്ടാവുന്ന യാതന, മകൻ വന്നാൽ തള്ള കാണിക്കുന്ന പരാക്രമങ്ങൾ.

ഞാൻ നിനക്കു വേണ്ടി മുളകാപ്പച്ചടിയുണ്ടാക്കിയിട്ടുണ്ട്. നിനക്കു വേണ്ടി കൈ പ്പക്ക മെഴുക്കു പെരട്ടിയുണ്ടാക്കിയിട്ടുണ്ട്. പച്ചക്കറിക്കാരൻ ഇന്നലെ വന്നപ്പോൾ ഞാൻ പ്രത്യേകം പറഞ്ഞു. ഇന്ന് പ്രസാദ് വരും. നല്ല ഇളം കൈപ്പയ്ക്ക കൊണ്ടുവര ണമെന്ന്.

പിന്നെ മകന്റെ വക അഭിനന്ദനങ്ങളും. അമ്മയ്ക്ക് ഈ പുതിയ സാരി വളരെ നന്നായി യോജിക്കുന്നുണ്ട്.

തള്ള ഈ വയസ്സുകാലത്തും കടുംനിറത്തിലുള്ള സാരിയാണ് ധരിക്കുന്നത്. ആ സാരി വാങ്ങിക്കൊടുത്തതും പ്രസാദ് തന്നെയാണ്. പിന്നീട് ഒരു ദിവസം ഏകദേ ശം ആ നിറത്തിലുള്ള ഒരു സാരി എടുക്കാൻ പോയപ്പോൾ അയാൾ പറഞ്ഞു.

അതു വളരെ ഗാഡിയാണ്. കുറച്ചുകൂടി ലൈറ്റ് കളറാണ് നല്ലത്.

അവൾ അന്ന് സാരി വാങ്ങാതെ തിരിച്ചുപോന്നു.

മകനോടുള്ള താൽപര്യത്തേക്കാൾ കടുത്തതായിരുന്നു തള്ളയ്ക്ക് അവളോടുള്ള അവഗണന. അവിടെച്ചെന്നാൽ അവൾക്ക് അർഹതയില്ലാത്ത ഒരിടത്തേയ്ക്കു കയ റിച്ചെന്ന പ്രതീതിയാണുണ്ടാവാറ്.

പ്രസാദ് ഒറ്റയ്ക്കു പൊയ്ക്കോളൂ. മുളകാപ്പച്ചടിയും, കൈപ്പയ്ക്കാ മെഴുക്കുപെരട്ടിയും ഉണ്ടാക്കി വെച്ചിട്ടുണ്ടാവും. പോകുമ്പോൾ ഒരു സാരിയും വാങ്ങാൻ മറക്കണ്ട.

പ്രസാദ് അവളെ അത്ഭുതത്തോടെ നോക്കി.

"നിനക്കിന്ന് എന്തു പറ്റി?"

അവൾ ഒന്നും പറഞ്ഞില്ല. അവളുടെ ഏകാന്തതയെപ്പറ്റി, ഓഫീസിൽനിന്നു വരുമ്പോൾ അവളെ എതിരേല്ക്കുന്ന ഇരുണ്ട അപരിചിത രൂപങ്ങളെപ്പറ്റി, അവളെ

പിൻതുടരുന്ന അരക്ഷിതത്വത്തെപ്പറ്റി, സ്നേഹത്തിനു വേണ്ടിയുള്ള ദാഹത്തെപ്പറ്റി ഒന്നും പറയാൻ പറ്റില്ല. പ്രസാദിനോട് പ്രത്യേകിച്ചും. അയാളോട് സംസാരിക്കു മ്പോൾ വാക്കുകൾ ഇരുണ്ട ഇടനാഴികളിൽ വാവലുകളെപ്പോലെ അടച്ചിടപ്പെടുന്നു. പുറത്തേയ്ക്ക് വഴിയില്ല. എനിയ്ക്കു വേണ്ടത് ഉത്തരങ്ങളാണ്. മൌനമല്ല.

അവൾ ഇടനാഴികയിൽ വളയങ്ങളിൽ തൂങ്ങിക്കിടക്കുന്ന വാവലുകളെ ഓർ ത്തു. അറയകത്തു നിന്ന് പറന്നു രക്ഷപ്പെടുന്ന വാവൽ ഇടനാഴികയിൽ എത്തുന്നു. രണ്ടു വാതിലുകളും അടച്ചിട്ടാൽ അതിന് രക്ഷപ്പെടാൻ മാർഗ്ഗമില്ല. ഒരു വടിയുമെടു ത്ത് പിൻതുടരുന്ന ചേട്ടൻ. അയാളിൽനിന്നും പറന്നകലുന്ന വാവൽ ഓരോ അടി കിട്ടുമ്പോഴും സാവധാനത്തിലാകുന്നു. അവസാനം പറക്കാൻ വയ്യാതെ ചുവന്ന സി മന്റിട്ട നിലത്ത് വില്ലൊടിഞ്ഞ ഒരു പഴഞ്ചൻ കുട പോലെ ചത്തു കിടക്കുന്നു.

“നീ എപ്പോഴും എന്റെ അമ്മയെ പഴിക്കുന്നു. ആ സ്ത്രീ എന്തു ചെയ്തു?”

ഇതു പറഞ്ഞു മനസ്സിലാക്കാൻ വിഷമമാണ്. അവൾ ആലോചിച്ചു. എനിക്ക് അവർ ഈ അറുപതാം വയസ്സിൽ മുഖത്തു ചായം തേയ്ക്കുന്നതിഷ്ടമല്ല, പാടെ നരച്ച തലമുടി കറുപ്പിച്ച് നടക്കുന്നതിഷ്ടമല്ല, ചെറുപ്പക്കാരികൾ പോലും ഇടാൻ മടിയ്ക്കുന്ന തരത്തിലുള്ള വിചിത്ര നിറങ്ങളുള്ള സാരിയുടുത്ത് മകനോട് ശൃംഗരിക്കുന്നതിഷ്ടമല്ല. എനിക്ക് പകൽ വെളിച്ചം പോലെ വ്യക്തമായി തോന്നുന്ന ഈ കാര്യങ്ങൾ പ്രസാ ദിന് സൂചനകൾ കൊടുത്തിട്ടും മനസ്സിലാവാത്തത് എന്താണ്? ഇത് മനം മടുപ്പിക്കു ന്നതാണ്.

അവൾ അനിലിനെ ഓർത്തു. അയാൾ തരാമെന്നു പറഞ്ഞ കള്ളിച്ചെടിയോർ ത്തു. ഭംഗിയുള്ള ചട്ടിയിലായാൽ മതിയായിരുന്നു. അത് ഷോകേസിനു മീതെ വെയ്ക്ക ണം. അനിൽ എപ്പോഴും നല്ല ഭംഗിയുള്ള സാധനങ്ങൾ അവൾക്കുവേണ്ടി വെയ്ക്കാറു ണ്ട്.

“ഞാനിന്ന് നിങ്ങൾക്കുവേണ്ടി എന്താണ് സൂക്ഷിച്ചിട്ടുള്ളതെന്ന് ഊഹിക്കുക.”

“സ്റ്റാമ്പ്?”

“അല്ല. ഒരു ചാൻസുകൂടി തരാം, പറയൂ.”

“നേരിയ ചുവപ്പു കടലാസ്?”

“അല്ല. ഇതാ.”

അയാൾ മേശവലിപ്പിൽനിന്ന് ഒരു തെർമോ കോളിന്റെ കട്ട പുറത്തെടുത്തു. അയാൾ കൌതുകമുള്ള എന്തും അവൾക്കുവേണ്ടി കരുതിയിരുന്നു. ഇളം പച്ചനി റത്തിലുള്ള ഒരു വലിയ റബ്ബർ ബാന്റ്, മൊട്ടിൽ മുത്തു പതിച്ച സൂചി, അല്ലെങ്കിൽ ഏതെങ്കിലും ഒരു മാസികയിൽ നിന്നു വെട്ടിയെടുത്ത മിക്കി മൌസിന്റെ ചിത്രം. അയാളുടെ രുചി അവൾക്കിഷ്ടമായിരുന്നു. ആ സാധനങ്ങളോടുള്ള ഭ്രമം മാത്രമല്ല അവളെ സന്തോഷിപ്പിച്ചത്. അനിൽ ഈ വക സാധനങ്ങൾ കാണുമ്പോൾ തന്നെ ഓർക്കുന്നു എന്നതുകൊണ്ടുമാണ്.

അവർ നേർത്തെ കിടന്നു. സാധാരണ പതിവാണത്. ഒമ്പതു മണിക്കെങ്കിലും കിടന്നാലെ അഞ്ചു മണിക്ക് എഴുന്നേൽക്കാൻ പറ്റു. കിടക്കുമ്പോൾ അവൾ ഭർത്താ വിനെ ശ്രദ്ധിച്ചു. അയാളിൽ വലിയ ഭാവഭേദമൊന്നുമില്ല. ദ്വേഷ്യത്തിന്റെ ഒരു ലാഞ്ച നയെങ്കിലും കണ്ടാൽ എത്ര നന്നായിരുന്നു. ഈ നിർവ്വികാരത സഹിക്കാൻ പറ്റു ന്നില്ല. താൻ മുമ്പിൽവെച്ച് ബലാൽസംഗം ചെയ്യപ്പെടുന്നതു കണ്ടാലും ഒരുപക്ഷേ,

ഇതേ നിർവ്വികാരതയായിരിക്കും മുഖത്ത്. എത്ര അനിശ്ചിതമാണ്, എത്ര അരക്ഷിതമാണ് ഈ ജീവിതം?

"അടുക്കളയുടെ ജനൽ അടച്ചില്ലെ?" അയാൾ ചോദിച്ചു.

ഇതെല്ലാം സ്ഥിരം വാചകങ്ങളാണ്. പാൽ കുപ്പി വെച്ചില്ലെ? ഫാൻ എത്രയിലാണ് ഇട്ടിരിക്കുന്നത്?

മടുപ്പുണ്ടാക്കുന്ന നിത്യവാചകങ്ങൾ. അവയിൽ സ്നേഹമില്ല. കർത്തവ്യം മാത്രമേയുള്ളു.

പ്രസാദ് കിടക്കയിൽ കുറച്ചകലെ മറുവശം തിരിഞ്ഞു കിടക്കുകയായിരുന്നു. അയാൾ തിരിഞ്ഞു കിടന്ന് തന്നെ വരിഞ്ഞ് ഭ്രാന്തമായി ചുംബിച്ച് സ്നേഹം പ്രകടിപ്പിച്ചെങ്കിലെന്ന് അവൾ ആശിച്ചു. വളരെ ബലാൽക്കാരമായി തന്നെ കീഴ്പ്പെടുത്താൻ, തന്റെ വസ്ത്രങ്ങൾ വലിച്ചു ചീന്തിയെറിഞ്ഞ് തന്നെ ഭോഗിക്കാൻ അവൾ മോഹിച്ചു. പക്ഷേ, ഇവിടെ അയാൾ നിസ്സംഗനായി കുറച്ചകലെ തിരിഞ്ഞു കിടക്കുന്നു. ഉറക്കമായിട്ടുണ്ടാവും.

ഇപ്പോൾ എത്ര ദിവസമായി ഈ നിസ്സംഗത എന്നവൾ ഓർത്തു. വളരെയധികം ദിവസങ്ങളായിട്ടുണ്ട്. ഒന്നര മാസം അല്ലെങ്കിൽ രണ്ട്. ഒരാഴ്ചയ്ക്കു മുമ്പ് ഒരിയ്ക്കൽ ശ്രമിച്ചപ്പോൾ കഴിഞ്ഞില്ല.

മദർ ഫിക്സേഷൻ! ഒരു വാരികയിൽ മദർ ഫിക്സേഷനെപ്പറ്റി വായിച്ച ലേഖനം അവൾ ഓർത്തു. ഉപബോധമനസ്സിൽ അമ്മയോടു തോന്നുന്ന ലൈംഗികാഭിലാഷം അമർത്തുക കാരണം സ്വന്തം വികാരത്തെ ഉയർത്താൻകൂടി ഭയപ്പെടുന്ന മനുഷ്യർ. പ്രസാദിനെ ഓർത്ത് അവൾ സങ്കടപ്പെട്ടു. ആ മനുഷ്യൻ ഉള്ളിൽ കഷ്ടപ്പെടുന്നുണ്ടാവും.

ലേഡീസ് കമ്പാർട്ടുമെന്റിൽ ദിവസവും കാണാറുള്ള ഒരു പരസ്യം അവൾ ഓർത്തു. പുരുഷന്മാരുടെ അടിവസ്ത്രങ്ങളുടെ പരസ്യം. ഇരുപത്തഞ്ചു വയസ്സു പ്രായമുള്ള ആരോഗ്യം തുടിക്കുന്ന ഒരു ചെറുപ്പക്കാരൻ കൈയ്യിൽ ഒരു ബൊക്കെയേന്തി ജേതാവായി നിൽക്കുന്നു. അയാളുടെ അടിവസ്ത്രങ്ങൾക്കുള്ളിലെ വികാരത്തെപ്പറ്റി അവൾ ആലോചിച്ചു. ഒരു പക്ഷേ, ഒരു ദിവസം...

അവൾ ആലോചന തുടർന്നില്ല. ഒരു കലാപവും വിജയകരമായി അന്ത്യം വരെ കൊണ്ടു നടത്താൻ അവൾക്കു കഴിയാറില്ല. അവൾ ഒരു നഷ്ടക്കാരിയായിരുന്നു.

# അയൽക്കാരി

ഒരാഴ്ച നിരന്തരം ചാരവൃത്തി നടത്തിയ ശേഷമാണ് സതി ഈ അനുമാനത്തിലെത്തിയത്. അയൽക്കാരിയ്ക്ക് വീണ്ടും ഭ്രാന്ത് തുടങ്ങാൻ പോകുന്നു.

നാലു മണിക്കൂർ നേരം മഴയോട് ധീരോദാത്തം പൊരുതി അവശനായി ഒമ്പതു മണിയ്ക്ക് വീട്ടിൽ ചേക്കേറിയ ഗോപാലകൃഷ്ണന് ഈ വാർത്ത ഒട്ടും ഉത്സാഹം നൽകിയില്ല. അയാൾക്കാവശ്യം ചൂടുള്ള ഒരു കപ്പു ചായയായിരുന്നു. പിന്നെ കഴിയുന്നത്ര കുറച്ചു ശല്യങ്ങളും. അയാൾ അടുക്കളയിൽ പോയി നോക്കി. സ്റ്റൌവിൽ പാത്രത്തിൽ ചായയ്ക്കുള്ള വെള്ളം തിളയ്ക്കാൻ തുടങ്ങിയിട്ടുണ്ട്. അപ്പോൾ സതിയെ ചീത്ത പറയാനും വയ്യ. അല്ലെങ്കിൽ ആ കാരണം പറഞ്ഞെങ്കിലും ഒരു ശണ്ഠ ഉണ്ടാക്കാമായിരുന്നു. അയാൾ തിരിച്ചുവന്ന് വസ്ത്രങ്ങൾ അഴിച്ചു മാറ്റാൻ തുടങ്ങി. ഗംബൂട്ടിൽ രണ്ടിലും നിറയെ വെള്ളം. ദേഹത്തിൽ നനയാത്ത ഇടമൊന്നുമില്ല. ഡ്രോയർകൂടി നനഞ്ഞിരുന്നു. എല്ലാം അഴിച്ചു മാറ്റിയപ്പോഴേയ്ക്കും സതി ചായക്കപ്പുമായി എത്തി. കപ്പു മേശപ്പുറത്തുവെച്ച് അവൾ അയാളെ നോക്കി മൂക്കത്തു വിരലുവെച്ചു നിന്നു.

ഞാൻ വിചാരിച്ചു ഏതാ ഒരു ചെറിയ കുട്ടി വന്നിരിക്കുന്നതെന്ന്; അരഞ്ഞാണം പോലുമില്ലാതെ!

“എനിയ്ക്കു തണുക്കുന്നു. നോക്കി നിൽക്കാതെ ഉണങ്ങിയ വല്ലതും എടുത്തു തരു.”

ഇപ്പോൾ കുടിക്കേണ്ടത് ചായയല്ല. പക്ഷേ, കുടി ശീലമില്ലാത്തതുകൊണ്ട് ഒരു കുപ്പി വാങ്ങാൻ പോലും ഓർമ്മയുണ്ടാവില്ല.

ലുങ്കി ചുറ്റി കട്ടിയുള്ള ഷർട്ടും ധരിച്ച് ചായ കുടിക്കുമ്പോഴാണ് സതി പറഞ്ഞത്.

“അയൽക്കാരിയ്ക്ക് അടുത്തു തന്നെ ഭ്രാന്തിളകുമെന്നാണ് തോന്നുന്നത്.”

എന്നു വെച്ചാൽ മിസ്സിസ്സ് പട്ടേലിന് സ്വബോധം തിരിച്ചു കിട്ടിയെന്നോ?

ഈ ചുറ്റുവട്ടത്ത് കുറച്ചെങ്കിലും സ്വബോധമുള്ള ഒരേ ഒരു വ്യക്തി അയൽക്കാരി ഗുജറാത്തിയാണെന്ന് അയാൾ എപ്പോഴും പറയാറുണ്ട്.

ഇന്നുണ്ടായതെന്താണെന്നു കേൾക്കണോ?

അവതരണമൊന്നും കൂടാതെ പറയൂ.

“ഭ്രാന്തത്തി വാതിൽ തുറന്നു കോണിയിറങ്ങി താഴെ വരെ പോയി. മഴ പെയ്യുന്നുണ്ടായിരുന്നു. അപ്പോൾ തിരിച്ചുവന്ന് ആദ്യം വീട്ടിൽ കടന്ന് വാതിലടച്ചു.”

ബോറടിക്കുന്നു.

ഗോപാലകൃഷ്ണൻ കോട്ടുവായിട്ടുകൊണ്ട് പറഞ്ഞു.

“അതല്ലാ, സതി തുടർന്നു. ഇതിൽ അത്ഭുതമെന്താണെന്നല്ലെ? അവൾ വെറും ജീൻസ് മാത്രമെ ഇട്ടിരുന്നുള്ളു. മുകളിൽ ഒന്നും ഇട്ടിരുന്നില്ല. ടോപ്‌ലെസ്.”

ഗോപാലകൃഷ്ണൻ നിവർന്നിരുന്നു. ഇതിൽ കാര്യമായി ചിന്തിക്കാനുള്ള വകയുണ്ട്. അയാൾ പറഞ്ഞു.

“ഇത് ഭ്രാന്ത് വരാനുള്ളതിന്റെ സൂചനയാണെന്ന് എങ്ങിനെ തീർച്ചയാക്കാം? മഴ പെയ്യുന്നുണ്ടെങ്കിലും വകവെക്കാതെ പുറത്തിറങ്ങി നനഞ്ഞു തണുത്ത് പനി പിടിച്ചു എന്നുവെച്ചാൽ ഭ്രാന്താണെന്നു പറയാം. പിന്നെ ടോപ്‌ലെസ് അവൾക്ക് കാണിക്കാൻ മാത്രമുള്ളതു കൊണ്ടല്ലെ അവൾ കാണിക്കുന്നത്.”

“നോക്കൂ, തമാശ പറയാതിരിക്കു. ആ പാവത്തിന് വീണ്ടും തുടങ്ങാൻ പരിപാടിയുണ്ട്. കഴിഞ്ഞ ഒരാഴ്ചയായി അവൾക്ക് ആരേയും കിട്ടിയിട്ടില്ല. മഴ തുടങ്ങിയാൽ അവളുടെ സ്ഥിതി കഷ്ടമാണ്.”

കഴിഞ്ഞകൊല്ലവും ഇങ്ങിനെയാണ് തുടങ്ങിയത് അയാൾ ഓർത്തു. ഒരാഴ്ച മഴ തുടർച്ചയായി പെയ്തു. ഒരു ദിവസം വൈകുന്നേരം അവൾ ബാൽക്കണിയിൽ നൃത്തം ചെയ്തു. നിരത്തിൽ ആൾക്കാർ തടിച്ചുകൂടി അവളെ അനുമോദിച്ചു. നൃത്തത്തിനനുസരിച്ച് കൈ കൊട്ടി താളം പിടിച്ചു. ഗോപാലകൃഷ്ണൻ ഓഫീസിൽ നിന്നും വന്നപ്പോൾ ഒരു ദിവസം കണ്ട കാഴ്ചയാണിത്.

അതിനു മുമ്പ് കാര്യങ്ങൾ ഭംഗിയായി നടന്നിരുന്നു. ദിവസവും വൈകുന്നേരം ആറുമണിയായാൽ അവൾ അണിഞ്ഞൊരുങ്ങി പുറത്തിറങ്ങും. ഏകദേശം ഏഴരമണിയായാൽ ഒരു ഇരയെയും കൊണ്ട് കോണി കയറി വരും. അവളുടെ ആറിഞ്ചു ഉയരമുള്ള ചെരുപ്പിന്റെ ശബ്ദം കേട്ടാൽ സതി വാതിലിന്റെ പീപ്ഹോളിലൂടെ നോക്കി ചാരവൃത്തി തുടങ്ങും. പിന്നെ കുറച്ചുസമയം കഴിഞ്ഞാൽ ഓടാമ്പലിന്റെ ശബ്ദം കേട്ട് വീണ്ടും നോക്കിയാൽ അവൾ ഇരയെ പുറത്തേയ്ക്കെറിയുന്നതും കാണാം.

സതി ആശ്വസിക്കും. പാവം അവൾക്ക് ഒന്നു രണ്ടു ദിവസത്തേയ്ക്ക് പട്ടിണി കിടക്കേണ്ടി വരില്ല.

അതിനു മുമ്പ് അവൾക്ക് കഷ്ടകാലമായിരുന്നു. ഭർത്താവുണ്ടായിരുന്ന സമയത്താണ്. അത് പട്ടിണിയുടെ നാളുകളായിരുന്നു. കോൺട്രാക്ടർ എന്ന സ്വയം നേടിയ പദവിയും വെച്ചു കൊണ്ട് നാടു ചുറ്റലായിരുന്നു പട്ടേലിന്റെ പണി. ആഴ്ചകളോളം നീണ്ടു നിൽക്കുന്ന ഈ യാത്രകൾക്കിടയിൽ ഭാര്യ എങ്ങിനെ ജീവിച്ചിരുന്നു എന്നു അയാൾ ശ്രദ്ധിച്ചിരുന്നില്ല. ഇലക്ട്രിക് ബിൽ കൊടുക്കാത്തതു കൊണ്ട് ലൈൻ ഡിസ്കണക്റ്റ് ചെയ്തിരുന്നു. രാത്രി, വൈകുന്നേരം വാങ്ങിയ രണ്ടു മെഴുകുതിരികൾ തീരുന്നതുവരെ മാത്രം വെളിച്ചം. അതു കഴിഞ്ഞാൽ അവൾ ഇരുട്ടിൽ. തണുപ്പിൽ ചൂളിയിരിക്കും. ഭക്ഷണം റൊട്ടിയും പച്ചവെള്ളവും മാത്രം.

ഇതെല്ലാം ഗോപാലകൃഷ്ണൻ അറിഞ്ഞത് പിന്നീടാണ്. കാണുമ്പോഴെല്ലാം അവൾ പറയും ഭർത്താവ് ടൂറിലാണ് എന്ന്. വല്ല പുതിയ പുസ്തകവുമുണ്ടോ?

അയാൾ, കഴിഞ്ഞ പ്രാവശ്യം അവൾക്കു കൊടുത്ത പുസ്തകം ഡി. എച്ച്. ലോറൻസിന്റെ ‘ത്രീ സിസ്റ്റേഴ്സ്’ ആയിരുന്നു. അതു തിരിച്ചു തരുമ്പോൾ അവൾ പറഞ്ഞു.

“ഗിമ്മി സംതിംഗ് നൈസ് ടു റീഡ്. ദിസ് ബുക്ക് ഈസ് സോ സോർഡിഡ്.”

അവൾ നല്ല പുസ്തകം എന്നതിൽ ഉദ്ദേശിക്കുന്നത് വൃത്തിയായ പുസ്തകങ്ങളാണ്. ഉദാഹരണമായി ജോർജറ്റ് ഹെയറുടെ പുസ്തകങ്ങൾ.

അവൾ പറയാറുണ്ട്. എനിയ്ക്ക് പഴയ ഇംഗ്ലീഷ് ക്ലാസിക്കുകൾ ഇഷ്ടമാണ്. അതിലെല്ലാം വരച്ചിട്ടുള്ള ഗ്രാമങ്ങളുടെ ചിത്രം എത്ര മനോഹരമാണ്. എനിയ്ക്കും അങ്ങിനെയൊരു ഗ്രാമത്തിൽ താമസിക്കാൻ തോന്നുന്നു. ചിമ്നിയുള്ള ഒരു ചെറിയ വീട്, തോട്ടം, പുൽമേടുകൾ വളരെ ശാന്തമായ ഒരു ജീവിതം. ഈ നഗരത്തിൽ

നിങ്ങൾക്കെപ്പോഴെങ്കിലും നിശ്ശബ്ദത അനുഭവപ്പെട്ടിട്ടുണ്ടോ? നിശ്ശബ്ദതക്കു വേണ്ടി ഞാൻ ധ്യാനിക്കാറുണ്ട്. കൂടുതൽ ധ്യാനിക്കും തോറും നഗരത്തിന്റെ ഇരമ്പൽ ഒരു വലിയ രാക്ഷസന്റെ കൂർക്കംവലി പോലെ ചെവിയിലെത്തുന്നു. എവിടെ നിങ്ങൾ ധ്യാനിക്കുന്ന നിശ്ശബ്ദത? എവിടെ നിങ്ങളാശിക്കുന്ന ശാന്തി?

ഇവിടെ നിങ്ങൾക്കു നേരിടേണ്ടത് കുബുദ്ധിയും, അസൂയയും കൈമുതലായിട്ടുള്ള സ്ത്രീകളാണ്. നിങ്ങളുടെ ഓരോ ചലനവും ശ്രദ്ധിക്കുന്ന സ്ത്രീകൾ.

ഗോപാലകൃഷ്ണൻ ആലോചിച്ചു. ഇവർക്ക് ഒരിക്കലും ഭ്രാന്താവില്ല. ഇത്രയും വ്യക്തമായി ബോധപൂർവ്വം ചിന്തിക്കാൻ കഴിയുന്ന ഒരു സ്ത്രീയെ നടാടെയാണ് അയാൾ കാണുന്നത്. അയാൾ സതിയോടു പറഞ്ഞു.

"അവൾക്ക് ഭ്രാന്തൊന്നുമില്ല. മറ്റുള്ളവരെക്കാൾ കൂടുതൽ വ്യക്തമായ ധാരണകളുണ്ട് ആ സ്ത്രീയ്ക്ക് എല്ലാറ്റിനെപ്പറ്റിയും. കഴിഞ്ഞ കൊല്ലം അവളെ പേടിച്ച് നാട്ടിലേക്കോടിയ നിനക്കാണ് ഭ്രാന്ത്."

കഴിഞ്ഞ കൊല്ലം അയൽക്കാരി കാരണം രണ്ടു മാസം 'അവിവാഹിത'നായി കഴിയേണ്ടി വന്നു.

അവൾ പട്ടിണിയായിരുന്നെന്നറിഞ്ഞത് വളരെ വൈകിയായിരുന്നു. അയാൾ ആറാമത്തെ ഹെയറെ കൊടുക്കാൻ വേണ്ടി അവളുടെ ബെല്ലടിച്ചപ്പോൾ മറുപടിയുണ്ടായില്ല. സമയം നാലു മണിയായിരുന്നു. ഒരുപക്ഷേ, ഉറങ്ങുകയായിരിക്കും എന്നു കരുതി അയാൾ വീണ്ടും ബെല്ലടിക്കാതെ തിരിച്ചു പോന്നു. പിന്നെ രണ്ടു മണിക്കൂർ കഴിഞ്ഞ് വീണ്ടും ബെല്ലടിച്ചു.

എന്താണിവളുടെ പരിപാടി?

ഉറങ്ങുകയാണെന്നു തോന്നുന്നില്ല. സതി പറഞ്ഞു. ഉറങ്ങുമ്പോൾ അവൾ ബാൽക്കണി വാതിലടയ്ക്കാറുണ്ട്. അതു തുറന്നിട്ടിരിയ്ക്കുയാണ്. അതിന് വല്ലതും പറ്റിയോ ആവോ?

അയാൾ വീണ്ടും ബെല്ലടിച്ചു. വീണ്ടും വീണ്ടും. വാതിൽക്കൽ ഉറക്കെ മുട്ടുകയും ചെയ്തു.

കുറച്ചുകഴിഞ്ഞപ്പോൾ വാതിലിനു പിന്നിൽ അനക്കം കേട്ടു. അക്ഷമയോടെ അവർ പുറത്തു കാത്തു നിന്നപ്പോൾ അവൾ വാതിൽ തുറക്കുകയും ഉടനെത്തന്നെ നിലത്തേയ്ക്കു വീഴുകയും ചെയ്തു. ബോധമില്ല.

ഗോപാലകൃഷ്ണൻ വിചാരിച്ചത് അവർ വല്ല മരുന്നും അടിച്ചു കിടക്കുകയാണെന്നാണ്. പക്ഷേ, സതി കൂടുതൽ ബുദ്ധിമതിയായിരുന്നു, അവൾ അവരെ പരിശോധിച്ച ശേഷം പറഞ്ഞു.

എനിയ്ക്കു തോന്നുന്നത് ഇവൾ കുറെ ദിവസമായി പട്ടിണിയായിരുന്നെന്നാണ്.

അയാൾ മുഖം ചുളിച്ചു. അങ്ങിനെ ഒരു സാദ്ധ്യതയെപ്പറ്റി അയാൾ സ്വപ്നത്തിലും വിചാരിച്ചിരുന്നില്ല. സതി അടുക്കളയിൽ പോയി പരിശോധന തുടങ്ങിയിരുന്നു. അപ്പോഴാണ് ദയനീയമായ ആ പരമാർത്ഥം മനസ്സിലായത്.

അവിടെ ഒരു ഭക്ഷണസാധനവുമുണ്ടായിരുന്നില്ല. ഒരു സ്റ്റൌ ഉള്ളത് മണ്ണെണ്ണയില്ലാതെ തുരുമ്പു പിടിച്ചു കിടക്കുന്നു. ചുരുങ്ങിയത് ഒരാഴ്ചയെങ്കിലും ആയിട്ടുണ്ടാവും അവൾ വല്ലതും കഴിച്ചിട്ട്.

അയാൾ തളർന്നുപോയി. ഹാർഡിയുടെയും ഡിക്കൻസിന്റെയും ക്ലാസിക്കുകളും, ഹെയറുടെ റൊമാൻസും, ഈ ലോകത്തിന്റെ അധമനിലയും സംസാരിക്കു

മ്പോഴെല്ലാം അവർ വെറും പച്ചവെള്ളം കുടിച്ച് വിശപ്പടക്കുകയാണ് ചെയ്തിരുന്നത്. അവർക്ക് തന്നോട് പണം കടം ചോദിക്കാമായിരുന്നില്ലെ?

അയാൾ പോയി ഡോക്ടറെ വിളിച്ചു കൊണ്ടുവന്നു. ഡോക്ടർ അവളെ പരിശോധിക്കുമ്പോൾ ഗോപാലകൃഷ്ണൻ അവളുടെ മുറി നടന്നു നോക്കി. ചുമരുകളിൽ നിറയെ പലതരം സ്റ്റിക്കറുകൾ ഒട്ടിച്ചുവെച്ചിരിക്കുന്നു. ഒരു ചുമരിൽ രവിശങ്കറിന്റെ ഒരു ബ്ലോ അപ്പ്.

രണ്ടു ദിവസം കഴിഞ്ഞ് അവൾക്ക് വാതിൽക്കൽ നിന്ന് സംസാരിക്കാമെന്നായപ്പോഴാണ് അവൾ ചോദിച്ചത്.

“ഈ നാലാം നിലയിൽനിന്നു ചാടുമ്പോൾ ഒരാളുടെ തോന്നലുകളെന്തെല്ലാമായിരിക്കും?”

“നിങ്ങൾ ആത്മഹത്യയെപ്പറ്റി ചിന്തിക്കുന്നു.”

“ആത്മഹത്യയ്ക്ക് പറ്റിയത് ബാൽക്കണിയിൽ നിന്നു ചാടലാണെന്നു തോന്നുന്നു.”

“എനിയ്ക്ക് ആ അഭിപ്രായമില്ല.” ഗോപാലകൃഷ്ണൻ പറഞ്ഞു. “ചാടുന്ന ആളുടെ ധൈര്യമെല്ലാം ചാടുന്ന ആ നിമിഷത്തിൽ തന്നെ നഷ്ടപ്പെട്ടിട്ടുണ്ടാകും. അപ്പോൾത്തന്നെ പകുതി ജീവിതം പോയിട്ടുണ്ടാകും. പിന്നെ നിലം നമ്മുടെ നേരെ ഒരു സൂപ്പർസോണിക് വേഗത്തിൽ ഒരു ക്യാമറ സൂം ചെയ്യുന്നതു പോലെ വരുന്നതു കാണുക കൂടി ചെയ്താൽ ബാക്കി പകുതി ജീവനും നഷ്ടപ്പെടും. പിന്നെ നിലത്തു മുട്ടി ചിതറുന്നത് ജീവനില്ലാത്ത ശരീരം മാത്രമായിരിക്കും. അപ്പോഴും ബോധം നശിച്ചിട്ടില്ലാത്ത നിർഭാഗ്യവാൻമാർക്ക് ആദ്യം തല നിലത്തു മുട്ടുമ്പോഴുള്ള ആഘാ തം അറിയാം. പിന്നെ ഇരുട്ടു മാത്രം.”

“ഞാനും ഇതൊക്കെത്തന്നെയാണ് ആലോചിച്ചത്.” അവൾ പറഞ്ഞു.

“എന്റെ അഭിപ്രായത്തിൽ ഉറക്കഗുളികകളാണ് ഏറ്റവും നല്ലത്.”

ഗോപാലകൃഷ്ണൻ പത്തു വട്ടം ആത്മഹത്യ ചെയ്ത വിദഗ്ദനെപ്പോലെ സംസാരിച്ചു.

“നല്ല ഉറക്കം വന്ന് കണ്ണുകൾ അടയും. പിന്നെ നടക്കുന്നതൊന്നും അറിയില്ല. നിങ്ങൾ നീണ്ട, വളരെ നീണ്ട ഉറക്കത്തിലേയ്ക്കു വഴുതിവീഴും.”

“അത് എനിയ്ക്കുപകരിക്കില്ല.” അവൾ പറഞ്ഞു. “ഞാനത് ശ്രമിച്ചതാണ്. ഒരു കുപ്പി ഗുളികകൾ മുഴുവൻ അകത്താക്കി. മരണം പോയി ഉറക്കം പോലും വന്നില്ല. ഞാൻ രാത്രി മുഴുവൻ മുറിയിൽ നടന്നു കഴിച്ചു കൂട്ടി. മദ്യപിച്ച മട്ടുണ്ടായിരുന്നു. നേരം പുലർന്നപ്പോൾ വാതിൽക്കൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു നോക്കിയപ്പോൾ ഭർത്താവ്. നിർഭാഗ്യത്തിന് അയാൾ ടൂർ കഴിഞ്ഞ് വന്നെത്തിയതാണ്. അയാൾ ചോദിച്ചതിനൊന്നും മറുപടി പറയാതെ ഞാൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പക്ഷേ, അയാൾ കണ്ടുപിടിച്ചു. അങ്ങിനെ ആദ്യത്തെ ശ്രമം പരാജയപ്പെട്ടു.”

“കഷ്ടമായി.” ഗോപാലകൃഷ്ണൻ പറഞ്ഞു.

“രണ്ടാമത് ശ്രമം നടത്തിയത് കടലിൽ ചാടാനായിരുന്നു. ചാടി, ശ്രമം ഫലിച്ചു എന്നു കരുതിയപ്പോൾ ഒരു വലിയ തിര എന്നെ മണലിലേക്കു തന്നെ വലിച്ചെറിഞ്ഞു.”

“ഓ, പാവം കഷ്ടമായി.”

“യൂ റിയലി മീനിറ്റ്?”

"യ്യാ."

സതി പറയുകയാണ്, ഈ പ്രാവശ്യം ഭ്രാന്തിയ്ക്ക് ഭ്രാന്തിളകുകയാണെങ്കിൽ ഞാൻ നാട്ടിൽ പോകും. പിന്നെ അവളെ ഓടിച്ചാലെ ഞാൻ തിരിച്ച് വരൂ. എനിയ്ക്കു വയ്യ എപ്പോഴും ടെൻഷനുമായി കഴിയാൻ. ഭ്രാന്തു തുടങ്ങിയാൽ അതെന്തൊക്കെയാണ് ചെയ്യുക എന്ന് മുൻകൂട്ടി പറയാൻ പറ്റില്ല.

സംഗതി ഗൌരവമാണ്. ഗോപാലകൃഷ്ണൻ ആലോചിച്ചു. അയൽക്കാരിയുടെ ഭ്രാന്തിനെപ്പറ്റി തനിയ്ക്കുള്ള അഭിപ്രായമല്ല ലോകർക്ക്.

അവളുടെ ചെരുപ്പിന്റെ ക്ലോം ക്ലോം ശബ്ദം കേട്ടാൽ അവർ വാതിലിടച്ച് കുറ്റിയിട്ട് പീപ് ഹോളിലൂടെ നോക്കും. ജനലിന്റെ കർട്ടനുകൾ ഇട്ട് ഒളിഞ്ഞു നോക്കുന്നു.

അതിന് ഭ്രാന്തല്ല, വിശപ്പാണ് എന്ന് എന്താണ് ആർക്കും മനസ്സിലാകാത്തത്. അയാൾ അമർഷത്തോടെ പറഞ്ഞു.

"വിശപ്പുണ്ടെങ്കിൽ ജോലിയെടുത്ത് പണമുണ്ടാക്കിക്കൂടെ?"

ഇതു സ്ത്രീകളുടെ യുക്തിയാണ്. എത്ര എളുപ്പം അവർ കാര്യങ്ങൾക്ക് പരിഹാരം കാണുന്നു. നിസ്സഹായയായ ഒരു സ്ത്രീക്ക് കിട്ടാവുന്ന ജോലിയെപ്പറ്റി മിസ്സിസ്സ് പട്ടേൽ പറയാറുണ്ട്. അത് ഭർത്താവു മരിച്ചുവെന്ന് അവർക്ക് അറിവു കിട്ടിയപ്പോഴാണ്.

അന്ന് അവളുടെ വാതിൽ കാറ്റിൽ ഉറക്കെ അടഞ്ഞും തുറന്നുമിരുന്നു. അനാഥമായ, ആളൊഴിഞ്ഞ, പ്രേതബാധയുള്ള വീടുപോലെ. ഗോപാലകൃഷ്ണൻ ആ ഞായറാഴ്ച വൈകുന്നേരം നശിപ്പിക്കണം എന്നില്ലാത്തതുകൊണ്ട് അത് ശ്രദ്ധിക്കാൻ പോയില്ല. പക്ഷേ, കുറച്ചു സമയം കഴിഞ്ഞ് സതിയുടെ ഒപ്പം പുറത്തു പോകുമ്പോൾ അയൽക്കാരിയുടെ വീടിനകത്തേയ്ക്ക് തുറന്ന വാതിലിലൂടെ നോക്കാതിരിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അവൾ വെറും നിലത്ത് കിടന്നിരുന്നു. അവൾ മരിച്ചു കിടക്കുകയാണെന്നാണയാൾക്കു തോന്നിയത്. കഴുത്ത് വല്ലാതെ ചെരിഞ്ഞിരുന്നു. ആദ്യമുണ്ടായ പ്രേരണ ഓടി രക്ഷപ്പെടാനായിരുന്നു. സതിയും പറഞ്ഞു നമുക്ക് കണ്ടില്ലെന്നു നടിച്ചു പോകാം, അതു ചത്തു കിടക്കുകയാണെങ്കിൽ കുഴപ്പമാണ്.

ഓടാൻ വേണ്ടി തയ്യാറെടുത്തു നിന്നപ്പോഴാണ് അയാൾ, അവൾ ശ്വാസം കഴിക്കുന്നത് ശ്രദ്ധിച്ചത്.

അയാൾ പറഞ്ഞു നമുക്കുപോയി നോക്കാം. അതിനു ജീവനുണ്ടെന്നു തോന്നുന്നു.

ഉറക്ക ഗുളികകൾ! ഒന്നല്ല രണ്ടു കുപ്പികൾ ഒഴിഞ്ഞുകിടന്നിരുന്നു.

പോലീസും ആംബുലൻസും വന്ന് അവളെ കൊണ്ടുപോയ ശേഷം അയാൾ വാതിലിനു പുറത്ത് ചുരുട്ടി കൂട്ടിയിട്ട ടെലഗ്രാം കണ്ടു. "നിങ്ങളുടെ ഭർത്താവ് ഒരു കാറപകടത്തിൽ മരിച്ച വിവരം അറിയിക്കാൻ വ്യസനമുണ്ട്."

അതു പോലീസ് വകുപ്പിൽ നിന്നുള്ള കമ്പിയായിരുന്നു. അതയച്ച സ്ഥലം മനസ്സിലാക്കാൻ അയാൾ ശ്രമിച്ചു. ദേവാസ് ആണോ, ആവോ.

അത് അയാൾ തന്നെ അയച്ച കമ്പിയായിരിക്കുമെന്നാണ് എനിയ്ക്കു തോന്നുന്നത്. സതി പറഞ്ഞു. ഇവളെ എങ്ങനെയെങ്കിലും ഒഴിവാക്കി തടി തപ്പാനുള്ള സൂത്രമായിരിക്കും.

അങ്ങിനെയും ഒരു സാധ്യതയുണ്ടെന്ന് ഗോപാലകൃഷ്ണൻ ഓർത്തു. അടുത്ത കാലത്തായി അവളും ഭർത്താവും തമ്മിൽ വലിയ സ്വരചേർച്ചയിലായിരുന്നില്ല.

അയാൾ മാസത്തിലൊരിക്കലൊ മറ്റൊ വരും. വന്നാൽ രണ്ടോ നാലോ ദിവസം താമസിക്കും. എന്നും അവരുടെ വീട്ടിൽ നിന്ന് ശണ്ഠ കേൾക്കാം.

പിന്നെ അവൾ പോലീസ് കസ്റ്റഡിയിൽ നിന്ന് തിരിച്ചു വന്നപ്പോൾ അയാൾ ചോദിച്ചു.

"നിങ്ങളെന്തിനാണ് ആത്മഹത്യ ചെയ്യാൻ പോയത്?"

എന്റെ ഭർത്താവു മരിച്ചു.

"ഞാനറിഞ്ഞു."

"എങ്ങിനെ?"

"നിങ്ങൾക്കു വന്ന ടെലഗ്രാം പുറത്തു കിടക്കുന്നതു കണ്ടു."

"ഓ!"

"ഭർത്താവു മരിച്ചതുകൊണ്ട് എന്തിനാണ് നിങ്ങൾ ആത്മഹത്യ ചെയ്യുന്നത്? നിങ്ങൾ ഭർത്താവിനെ അത്രയധികം സ്നേഹിച്ചിരുന്നോ?"

"ഇല്ല. അത്രയധികം എന്നല്ല, ഒട്ടും ഇല്ല. മാത്രമല്ല ഞാനയാളെ വെറുക്കുക കൂടി ചെയ്തിരുന്നു. അയാൾ വരുന്ന ദിവസങ്ങൾ നരകമായിരുന്നു. അയാൾ എന്നെ അടിക്കുക കൂടി ചെയ്യാറുണ്ട്."

അവരുടെ വേദന കൊണ്ടുള്ള നിലവിളി കേൾക്കാറുണ്ട് എന്നയാൾ ഓർത്തു.

"പിന്നെ?"

"അതല്ല കാര്യം. അയാൾ ജീവിച്ചിരിക്കുമ്പോൾ എനിയ്ക്ക് എന്തെങ്കിലും പ്രതീക്ഷിക്കാനുണ്ടായിരുന്നു. എത്രത്തോളം അനഭികാമ്യമായാലും. അയാൾ മരിച്ചപ്പോൾ പെട്ടെന്ന് എനിയ്ക്ക് എന്റെ നിലനിൽപ്പ് അനാവശ്യമാണെന്നു തോന്നി. എന്റെ നിലനിൽപ്പ് മാസത്തിൽ ഒരിക്കലോ ഈരണ്ടു മാസം കൂടുമ്പോഴോ വരുന്ന അയാളെ പ്രതീക്ഷിക്കുക എന്ന കർമ്മവുമായി ബന്ധപ്പെട്ടതാണെന്ന ബോധം എന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കണം. പിന്നെ അയാൾ എന്നെ സ്നേഹിച്ചിരുന്ന കാലത്തു പറഞ്ഞിരുന്ന ചില വാക്കുകൾ ഓർമ്മവന്നു. ഞാൻ പെട്ടെന്ന് ഇമോഷനലായി."

അപ്പോഴാണ് അവർ ആവശ്യപ്പെട്ടത്. നാളെ മുതൽ ന്യൂസ്പേപ്പർ കിട്ടിയാൽ നന്നായിരുന്നു.

"എന്തിനാണ്?"

"എനിയ്ക്കൊരു ജോലി അന്വേഷിക്കണം. എന്നും തലേ ദിവസത്തെ പേപ്പർ തന്നാൽ മതി. ഞാൻ ബുദ്ധിമുട്ടിക്കുകയല്ലല്ലൊ."

"അല്ല. പക്ഷേ, ബെല്ലടിക്കരുത്. ഞാൻ പേപ്പർ വായിച്ചു കഴിഞ്ഞാൽ വാതിലിനടിയിലൂടെ ഇട്ടു തരാം. വായിച്ചു കഴിഞ്ഞാൽ തിരിച്ച് എന്റെ വാതിലിന്റെ അടിയിൽ കൂടി ഇട്ടാൽ മതി."

ബെല്ലടിക്കുന്നത് അയാൾക്ക് തീരെ ഇഷ്ടമില്ലാത്ത കാര്യമായിരുന്നു. ബെല്ലടിക്കുന്നത് കേട്ടാൽ പെട്ടെന്ന് ടെൻഷൻ കൂടുന്നത് അയാൾക്കു മനസ്സിലാവും. ആരായിരിക്കും അത്? പിന്നെ വാലിയക്കാരി അകത്തു കടന്ന് വാതിലടച്ചു കഴിഞ്ഞാലും നെഞ്ചിനകത്തെ മിടിപ്പ് കുറെ നേരം അയാൾക്കു കേൾക്കാൻ പറ്റും.

"ശരി." അവൾ പറഞ്ഞു.

ഒരാഴ്ചക്കുള്ളിൽ അവൾക്കു ജോലി കിട്ടി. ദിവസവും രാവിലെ അവൾ വാതിലടച്ച് പൂട്ടിട്ട് പോകുന്നത് പീപ് ഹോളിലൂടെ ഒളിഞ്ഞു നോക്കമ്പോൾ സതി ആശ്വാസപൂർവ്വം പറയും.

ഇനി അവൾ പട്ടിണി കിടക്കില്ല.

ആശ്വാസം അല്പായുസ്സായി ഊർദ്ധശ്വാസം വലിച്ചു. പത്തു ദിവസത്തിനു ശേഷം അവൾ ഓഫീസിൽ പോക്കു നിർത്തിയപ്പോൾ അയാൾ ചോദിച്ചു.

"എന്തു പറ്റി?"

"എനിക്കെന്റെ ജോലി നഷ്ടപ്പെട്ടു."

"എങ്ങിനെ?"

അപ്പോൾ അവൾ പറഞ്ഞു കൊടുത്തു. സെയ്ൽസ് ഗേൾ എന്ന പേരിൽ ജോലിക്കെടുക്കുന്ന പെൺകുട്ടികൾ എന്തു ചിലവാക്കാൻ ആണ് കമ്പനി പ്രതീക്ഷിക്കുന്നതെന്ന്.

"അതൊരു സർദാറിന്റെ കമ്പനിയായിരുന്നു." അവൾ പറഞ്ഞു. "വളരെ ചെറിയ കമ്പനി. ഒരു കോണിച്ചുവട്ടിലാണ് അയാളുടെ ഓഫീസ്. അവിടെ അയാൾക്കും ഒരു ക്ലാർക്കിനും ഇരിക്കാനുള്ള സ്ഥലമേയുള്ളു. അവിടെ ടെലിഫോണും പിടിച്ചു കൊണ്ടാണ് സർദാറിന്റെ ഇരുപ്പ്. ഇന്റർവ്യൂവിന് ചോദ്യങ്ങളൊന്നുമുണ്ടായില്ല. പരസ്യം കണ്ടു ചെന്നതാണെന്നു പറഞ്ഞ ഉടനെ നിയമനവും കഴിഞ്ഞിരുന്നു. മുന്നൂറ്റുറപ്പിക ശമ്പളം. പിന്നെ സെയിൽസിന്റെ ഗുണമനുസരിച്ച് കമ്മീഷൻ കിട്ടും. ആദ്യത്തെ ദിവസം തന്നെ അയാൾ കാറിൽ എന്നെയും കൊണ്ട് ഒരു ഹോട്ടലിലേയ്ക്കു പോയി, ഒരു കസ്റ്റമറെ പരിചയപ്പെടുത്തിത്തരാമെന്നു പറഞ്ഞിട്ട്. വള"രെ പ്രധാനപ്പെട്ട കസ്റ്റമറാണത്രെ. പോകുന്ന വഴിക്കൊക്കെ ഞാൻ അയാളോട് ചോദിച്ചു. എന്താണ് സർദാറിന്റെ ഉൽപ്പന്നമെന്ന്. അതെല്ലാം വഴിയെ മനസ്സിലായിക്കൊള്ളുമെന്നാണ് ഉത്തരം.

ഒരു മൂന്നാം തരം ഹോട്ടലായിരുന്നു അത്. റിസപ്ഷനിസ്റ്റിന് സർദാറിനെ നല്ല പരിചയമുണ്ടെന്നു തോന്നുന്നു. സർദാർ നേരെ എന്നെ കൊണ്ടുപോയത് ഒരു മുറിയിലേക്കായിരുന്നു. അവിടെ ഒരു മദ്ധ്യവയസ്കൻ മുമ്പിൽ വിസ്കി ബോട്ടിലുമായി കാത്തിരുന്നു. എന്നെ പരിചയപ്പെടുത്തിയ ഉടനെ സർദാർജി സ്ഥലം വിട്ടു. അപ്പോൾ അതാണ് സർദാർജിയുടെ ബിസിനസ്സ്. നാലു മണിക്കൂറിനു ശേഷം ഹോട്ടൽ വിടുമ്പോൾ അയാൾ പത്തുറുപ്പികയും തന്നു. അതായിരുന്നു എന്റെ കമ്മീഷൻ! ഇതിനാണ് ഡൈനാമിക് സെയിൽസ് ഗേൾസ് ആവശ്യം. പിന്നീടെല്ലാം സർദാർജി എന്നോട് നേരിട്ട് ആ ഹോട്ടലിലേയ്ക്ക് ചെല്ലാനാണ് പറഞ്ഞത്. ഹോട്ടലിൽ ആ മുറിയിൽ ഓരോ ദിവസവും വെവ്വേറെ ആൾക്കാർ കാത്തുനിന്നിരുന്നു. ചിലപ്പോൾ ഒരാൾ, ചിലപ്പോൾ രണ്ടാൾ, മറ്റു ചിലപ്പോൾ കൂടുതൽ പേർ. ഒരാഴ്ചകൊണ്ടെനിക്കു മതിയായി."

"യൂവാർ ഷോക്കിങ്ങ്ലി കാൻഡിഡ്." ഗോപാലകൃഷ്ണനു പറയാതിരിക്കാൻ കഴിഞ്ഞില്ല. ഈ കുമ്പസാരം അയാളെ സംബന്ധിച്ചിടത്തോളം ഒരു വെളിപാടായിരുന്നു. സെയിൽസ് ഗേൾസിനെ ആവശ്യമുണ്ടെന്ന നിരുപദ്രവമായ പരസ്യങ്ങൾ മിക്കവാറും എല്ലാ ദിവസവും പത്രത്തിൽ കാണാറുണ്ട്.

വിശപ്പുണ്ടെങ്കിൽ ജോലിയെടുത്ത് പണമുണ്ടാക്കിക്കൂടെ എന്ന സതിയുടെ സ്ത്രൈണയുക്തി കേട്ടപ്പോൾ അയാൾ ഇതെല്ലാം ആലോചിച്ചു.

അന്നു തൊട്ടാണ് മിസിസ്സ് പട്ടേലിന്റെ ബിസിനസ്സ് തുടങ്ങിയത്. അവളുടെ ന്യായം ഇതായിരുന്നു. മദ്ധ്യവർത്തി സർദാജിയെ ഒഴിവാക്കിയാൽ അവൾക്കു കൂടുതൽ പണമുണ്ടാക്കിക്കൂടെ? എനിയ്ക്ക് നല്ല ഒരു ഫ്ളാറ്റ് ഉണ്ട്. വാടക ചോദിക്കാൻ കൂടി ആരും വരില്ല. വാടകയും, വീടും നഷ്ടപ്പെട്ടുവെന്ന് വീട്ടുകാരൻ കിഴവനറിയാം.

പകൽ അവൾ മാളത്തിൽ ഉറങ്ങി. വൈകുന്നേരം ഇര തേടിയുള്ള യാത്ര തുടങ്ങും. എന്തിനും ഒരു ചീത്ത വശമുണ്ട്. ഒരു നല്ല വശവും. അയൽവക്കത്ത് ഒരു വേശ്യയുണ്ടാവുന്നത് എന്തായാലും നന്നല്ല. പക്ഷേ, അതു കാരണം അവൾ രണ്ടു നേരം ഭക്ഷണം കഴിക്കുന്നുണ്ടെങ്കിൽ അതു തെറ്റാണെന്നു പറയാൻ അയാൾക്കു കഴിയില്ല.

സതി പക്ഷേ, ഇതൊന്നും ഇഷ്ടപ്പെട്ടില്ല. വേശ്യാവൃത്തി നടത്തുന്നതിനേക്കാൾ നല്ലത് ആത്മഹത്യ ആണെന്നാണ് അവളുടെ അഭിപ്രായം.

കുഴപ്പം തുടങ്ങിയത് അയൽക്കാരിയുടെ അതിഥിയായി ഒരു രാത്രി കഴിച്ചു കൂട്ടിയ ഒരാൾ അതിന്റെ സ്വാദോർത്ത് വീണ്ടും വന്നപ്പോൾ അവളുടെ വീടു പൂട്ടിയിട്ടു കണ്ടപ്പോഴാണ്. അയൽക്കാരി അവളുടെ ഇര പിടിക്കാനുള്ള യാത്രയിലായിരുന്നു. അതിഥിക്കു സഹിച്ചില്ല. അവളെ കണ്ടേ തീരൂ. ഉടനെ അടുത്തുള്ള വാതിലിന്മേൽ കയ്യമർത്തി. ഗോപാലകൃഷ്ണൻ വാതിൽ തുറന്നപ്പോൾ കണ്ടത് വിവശനായി നിൽക്കുന്ന ഒരാളെയാണ്.

“എക്സ്ക്യൂസ് മി.” അയാൾ അറച്ചറച്ചുകൊണ്ട് ചോദിച്ചു.

“മിസിസ്സ് പട്ടേൽ ഇവിടെയല്ലേ താമസിക്കുന്നത്? അവർ എപ്പോഴാണ് വരുക എന്നറിഞ്ഞാൽ നന്നായിരുന്നു.”

അയാൾ സംസാരിക്കുമ്പോൾ മദ്യത്തിന്റെ നാറ്റം പരന്നു. അയാൾ കുറേശ്ശ ആടുന്നുണ്ടായിരുന്നു.

“യു മസ്റ്റ് ബി റിയലി ഹാർഡപ്പ്.”

അടുത്ത നിമിഷത്തിൽ എന്താണുണ്ടായതെന്ന് പുറത്തു നിൽക്കുന്ന ആൾക്ക് മനസ്സിലായില്ല. പകുതി തുറന്ന വാതിലിലൂടെ ഒരു രാക്ഷസന്റെ വലിയ തല അയാൾക്കു നേരെ വരുന്നതും ഒരു വലിയ അലർച്ചയും പിന്നെ ചെകിടടയുന്ന ഒരൊച്ചയും. കണ്ണു തുറന്നു നോക്കിയപ്പോൾ മുമ്പിൽ അടഞ്ഞവാതിൽ. അകത്തു നിന്ന് അപ്പോഴും അലർച്ച.

ഇതു തുടക്കമായിരുന്നു. അതു പിന്നീട് പലപ്പോഴും ആവർത്തിച്ചു. പലപ്പോഴും രാത്രി വൈകിയ വേളയിൽ. അയാൾ വാതിലിനു പുറത്ത് ഒരു പരസ്യം ഒട്ടിച്ചു വെച്ചു. രാത്രി പത്തു മണി കഴിഞ്ഞാൽ ദയവായി ബെല്ലടിക്കരുത്.

അയൽക്കാരിയുമായി നേരിട്ട് ഒരു ഏറ്റുമുട്ടലുണ്ടായത് പിന്നെയും കുറെ കഴിഞ്ഞാണ്. ഒരു ദിവസം വൈകുന്നേരം അവൾ ബെല്ലടിച്ചു. ഗോപാലകൃഷ്ണൻ വാതിൽ തുറന്നപ്പോൾ അയൽക്കാരി വളരെ കുറിയ ഉടുപ്പുമിട്ട് നിൽക്കുന്നു.

“മിസ്റ്റർ ഗോപാൽ നിങ്ങൾ ഈ വാതിൽ കുറച്ചു നേരം തുറന്നിടുമോ?”

“എന്തിന്?”

“എനിയ്ക്ക് താഴെ ബ്രെഡ് വാങ്ങാൻ പോകണം. ഞാനൊരു സ്നേഹിതനെ പ്രതീക്ഷിച്ചിരിക്കയാണ്. വാതിൽ പൂട്ടിക്കണ്ടാൽ അയാൾ തിരിച്ചുപോയെന്നു വരും.”

വാതിലിന്നിടയിൽക്കൂടി വീണ്ടും രാക്ഷസന്റെ തല പുറത്തേയ്ക്കു നീണ്ടു. ഗർജ്ജനങ്ങൾ. അതിന്റെ അവസാനം താക്കീത്.

“ഇനി എന്റെ ബെല്ലടിച്ചിട്ടുണ്ടെങ്കിൽ കാണിച്ചുതരാം.”

അയാൾ വാതിൽ ഒരു ശബ്ദത്തോടെ അടച്ചു.

അടഞ്ഞ വാതിലിനു പിന്നിൽ നിന്നു കൊണ്ടയാൾ ആലോചിച്ചു.

“തനിക്കെന്തിനാണിത്ര ദ്വേഷ്യം പിടിക്കുന്നത്?”

അവൾ ഒരു നല്ല അയൽക്കാരന്റെ സഹായത്തിനാവശ്യപ്പെടുകയല്ലെ ചെയ്തിട്ടുള്ളു. “തനിയ്ക്കു കഴിയുമെങ്കിൽ ചെയ്യുക. പറ്റില്ലെങ്കിൽ അതു മര്യാദയായി പറയുക.”

അയാൾ സ്വന്തം മനസ്സ് കുറച്ചു വിശകലനം ചെയ്തു നോക്കി. ഇപ്പോൾ കുറച്ചു കാലമായി അയാൾ അവളെ നേരിൽ കാണാറേ ഇല്ല. കുറെക്കാലമായി പുസ്തകങ്ങളൊന്നും കൊടുക്കാറില്ല. അവൾ ആവശ്യപ്പെടാറുമില്ല. ലോകത്തിന്റെ അധമസ്ഥിതിയെപ്പറ്റി സംസാരിക്കാറുമില്ല. അവളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ലോകം വളരെ മോഹനമാണ്. അവൾ ഫൈവ്സ്റ്റാർ ഹോട്ടലുകളെപ്പറ്റി സംസാരിക്കുന്നു. ഗ്രേഡ് വൺ റെസ്റ്റോറണ്ടുകളിൽ പോകുന്നു, ഡൺഹിൽ സിഗരറ്റു വലിക്കുന്നു.

തന്റെ സഹായം ഇനി അവൾക്ക് ആവശ്യമില്ല എന്നതാണോ തന്നെ ചൊടിപ്പിക്കുന്നതെന്നയാൾ ആലോചിച്ചു. ആയിരിക്കാം. എന്തായാലും കുറെ കാലത്തേയ്ക്ക് അവളുടെ ശല്യമുണ്ടായില്ല.

സതി ഭക്ഷണത്തിനുള്ള പരിപാടി തുടങ്ങിയിരിക്കുന്നു. ഇന്നെന്തായിരിക്കും കറി എന്നയാൾ ഊഹം നടത്തി. ഈ തണുപ്പത്ത് നല്ല മട്ടൺ ഫ്രൈ ഉണ്ടെങ്കിൽ ഊണു കഴിക്കാൻ നല്ല രസമുണ്ടാവും. അയാൾ പറഞ്ഞു.

എനിക്കിപ്പോൾ നല്ല മട്ടൻ ഫ്രൈയും ചിക്കൻ തണ്ടൂരിയും കഴിക്കാൻ തോന്നുന്നു.

“ഞാനിന്നൊരു സ്പെഷ്യൽ ഉണ്ടാക്കിയിട്ടുണ്ട്. കുട്ടിക്കിഷ്ടമാവുമോ എന്നറിയില്ല.”

സ്പെഷ്യൽ മേശമേൽ ആനയിക്കപ്പെട്ടു. ഗോപാലകൃഷ്ണന് ജിജ്ഞാസ അടക്കാൻ കഴിഞ്ഞില്ല. അയാൾ അടപ്പു തുറന്നുനോക്കി.

വലിയ ചെമ്മീൻ നല്ല കട്ടുത്ത മഞ്ഞകറിയിൽ ചുരുണ്ടു കിടക്കുന്നു. പെട്ടെന്നയാൾക്കു വിശപ്പിരട്ടിച്ചു.

നിനക്കു നല്ല ഇമാജിനേഷൻ ഉണ്ട്. അയാൾ പറഞ്ഞു. “ഈ മഴയത്ത് എവിടെ നിന്നു കിട്ടി ഈ ചെമ്മീൻ?”

ഞാൻ കടലിൽ പോയി മുങ്ങിത്തപ്പി. സതി പറഞ്ഞു. പിന്നെ കുറച്ചു നേരത്തിനു ശേഷം പറഞ്ഞു. അല്ല, കേട്ടോ, ഇത് കോൾഡ് സ്റ്റോറേജിൽനിന്നു വാങ്ങിയതാണ്.

“നന്നായി അതു പറഞ്ഞത്. ഞാൻ വിഷമിച്ചിരിക്കയായിരുന്നു, നീ ഈ മഴയത്ത് കടലിൽ മുങ്ങിത്തപ്പുന്നത് മനസ്സിൽ കണ്ടുകൊണ്ട്.”

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ സതി ചോദിച്ചു.

“ആട്ടെ, ഭ്രാന്തിയുടെ കാര്യത്തിൽ എന്താണ് ചെയ്യാൻ പോകുന്നത്?”

പിന്നെയും ഭ്രാന്തിയുടെ പ്രശ്നം വന്നു. അത് എങ്ങിനെയെങ്കിലും തീർക്കണമല്ലൊ. അയാൾ പറഞ്ഞു.

“മഴ നിന്നാൽ അവൾക്ക് വീണ്ടും ആൾക്കാരെ കിട്ടും. അവളുടെ ഭ്രാന്തും മാറും.”

എനിയ്ക്കു തോന്നുന്നില്ല. കാരണം കഴിഞ്ഞ കൊല്ലവും ഇങ്ങിനെത്തന്നെയാണു ണ്ടായത്. മഴ കഴിഞ്ഞപ്പോൾ ഭ്രാന്ത് ഏറുകയാണ് ചെയ്തത്.

അതു ശരിയാണെന്നയാൾ ഓർത്തു. കഴിഞ്ഞകൊല്ലം അവൾക്കു ഭ്രാന്ത് തുട ങ്ങിയത് ഒരാഴ്ച അടക്കി മഴ പെയ്തപ്പോഴാണ്. അവളുടെ പുറത്തു പോക്കു നിന്നു. ആരും അവളുടെ വാതിൽക്കൽ മുട്ടലുണ്ടായില്ല. ഏഴാം ദിവസം അവൾ ബാൽക്ക ണിയിൽ നിന്നു പാട്ടുപാടി താഴെ കൈ കൊട്ടുന്നവരുടെ അകമ്പടിയ്ക്ക് താളം ചവി ട്ടി നൃത്തം ചെയ്തു. പിന്നെയുണ്ടായത് ചരിത്രമാണ്—ആ കെട്ടിടത്തിലെ ഓരോ ഫ്ളാറ്റുകാരും ഇന്നും ഭീതിയോടെ ഓർക്കുന്ന ചരിത്രം. ഒരു മാസത്തിനുള്ളിൽ അവൾ ഓരോ വീട്ടുകാർക്കിടയിലും കൊടും ഭീതി പരത്തി.

അതിനിടയ്ക്ക് സതി ഒരു സൂട്ട്കേസും എടുത്ത് ആദ്യം കിട്ടിയ ട്രെയിനിൽ നാ ട്ടിലേയ്ക്ക് തടിതപ്പുകയും ചെയ്തു. ഭ്രാന്തത്തിയെ ഇവിടെ നിന്നു ഓടിച്ചു എന്നു കത്തു കിട്ടിയാൽ മൂന്നാം ദിവസം ഞാനിവിടെ എത്തും.

കാര്യം ഗൌരവമുള്ളതാണ്. ഗോപാലകൃഷ്ണൻ ഓർത്തു. കഴിയുന്നതും വേഗം വല്ലതും ചെയ്തില്ലെങ്കിൽ വീണ്ടും അവിവാഹിതനായി ജീവിക്കേണ്ടിവരും. സതിയെ അയാൾക്കു നന്നായി അറിയാം. ഒരു പക്ഷേ, അവൾ ഇപ്പോൾ തന്നെ സൂട്ട് കേസ് ഒരുക്കിവെച്ചിട്ടുണ്ടാകും. അയാൾ തീവ്രമായി ആലോചിച്ചു. സതിയും, മുമ്പിൽ മേശ മേൽ നിരത്തിവെച്ച ചെമ്മീൻ കറിയും, ചോറും എല്ലാം അപ്രത്യക്ഷമായി. പകരം നിസ്സഹായയായ ഒരു സ്ത്രീയുടെ രൂപം മനസ്സിൽ വന്നു. വിശന്നു കരുവാളിച്ച മുഖത്തു കുണ്ടിലിറങ്ങിയ കണ്ണുകളിൽ നിന്നുതിർന്ന രണ്ടു ജലകണങ്ങൾ.

അയാൾ അയൽക്കാരി കരയുന്നതു കണ്ടത് വളരെ മുമ്പാണ്. ഭർത്താവ് ഒരി ക്കൽ അവളെ ഉപേക്ഷിച്ചു പോയൊ എന്ന സംശയമുണ്ടായപ്പോൾ. അവൾ ഒരു രാത്രി പതിനൊന്നു മണിക്ക് ബെല്ലടിച്ചു. തുറന്നു നോക്കിയപ്പോൾ അവർ വളരെ വൃത്തികെട്ട ഒരു വേഷത്തിൽ നിൽക്കുന്നു. ഒരു മാസത്തോളമായി അവളെ കണ്ടി ട്ടില്ലെന്നും പുസ്തകമൊന്നും കൊടുത്തിട്ടില്ലെന്നും അയാൾ ഓർത്തു. അവളുടെ കണ്ണു കൾ കുണ്ടിൽ പോയി, മുഖം കരുവാളിച്ചിരുന്നു.

“മിസ്റ്റർ ഗോപാൽ, ബുദ്ധിമുട്ടിച്ചതിൽ മാപ്പ്. എവിടെയാണ് വിക്ക് കിട്ടുക?”

“വിക്ക്?”

“അതെ ജനത സ്റ്റൌവിന്റെ വിക്ക്. എനിക്കത് കത്തിക്കാൻ കഴിയുന്നില്ല. എവിടെയാണ് വാങ്ങാൻ കിട്ടുക?”

“അത് എല്ലാ പീടികയിലും കിട്ടുമല്ലൊ. പിന്നെ ഇതു അന്വേഷിക്കാനാണോ നിങ്ങൾ ബെല്ലടിച്ചു വിളിച്ചത്? രാവിലെയാവുന്നതുവരെ കാത്തു നിൽക്കാനെങ്കിലും നിങ്ങൾക്കു ക്ഷമയുണ്ടാവേണ്ടതായിരുന്നു. എനിയ്ക്ക് ഉറക്കം പിടിച്ചതായിരുന്നു.”

“സോറി.”

അയാൾ വാതിലടച്ചു തിരിച്ചുപോയി പുതപ്പിനുള്ളിലേയ്ക്കു നൂണു കയറി. ഉറക്കം പിടിച്ചപ്പോഴാണ് വീണ്ടും ബെല്ലടി. അയാൾ ഞെട്ടിയെഴുന്നേറ്റു. വാതിൽ തുറന്ന പ്പോൾ മിസിസ്സ് പട്ടേൽ വീണ്ടും.

“ഒരു മിനിറ്റ് ക്ഷമിക്കണം. എവിടെയാണ് മണ്ണെണ്ണ കിട്ടുക?”

അയാളുടെ ഉറക്കം വിട്ടുകന്നിരുന്നു. അയാൾ ചോദിച്ചു.

“എന്താണ് നിങ്ങളുടെ മനസ്സിൽ? ജനതാ സ്റ്റൌവ്വിന്റെ വിക്കും മണ്ണെണ്ണയുമ ല്ല ഉള്ളതെന്നു മനസ്സിലായി.”

“ക്ഷമിക്കണം മണ്ണെണ്ണ എങ്ങിനെയാണ് വാങ്ങുക എന്ന് സത്യമായും എനിക്കറിയില്ല. ഭർത്താവ് വരുമ്പോൾ വാങ്ങി വെയ്ക്കുകയാണ് പതിവ്. ഭർത്താവ് വന്നിട്ട് രണ്ടു മാസമായി. എന്നെ ഉപേക്ഷിച്ചു എന്നാണ് തോന്നുന്നത്. രണ്ടാഴ്ചയായി വീട്ടിൽ കറന്റും ഇല്ല. വളരെയധികം ഇരുട്ടും തണുപ്പുമാണ് എനിയ്ക്ക് പേടി തോന്നുന്നു. ഒന്ന് എന്നെ സഹായിക്കൂ.”

അവർ പൊട്ടിക്കരയുകയായിരുന്നു. മുഖം വികൃതമാവും വിധം അവൾ പൊട്ടിക്കരയാൻ തുടങ്ങിയപ്പോൾ ഗോപാലകൃഷ്ണൻ പറഞ്ഞു.

തൽക്കാലം പോയി ഉറങ്ങു. ഈ മെഴുകുതിരികൾ കൊണ്ടു പോയിക്കൊള്ളൂ. രാവിലെ നമുക്ക് വഴിയുണ്ടാക്കാം.

അയൽക്കാരിയുടെ ദൈന്യമാർന്ന മുഖം വീണ്ടും ഓർമ്മ വന്നപ്പോൾ അയാൾക്കു ഊണു തുടരാൻ കഴിഞ്ഞില്ല. അയാൾ ഊണു നിർത്തി എഴുന്നേറ്റു കൈകഴുകി. പാന്റും ഷർട്ടും ഗംബൂട്ടും എടുത്തു ധരിച്ചു. വെള്ളം തോരാനിട്ടിരുന്ന മഴക്കോട്ട് എടുത്തിട്ടു.

അമ്പരന്നു നിന്ന സതിയുടെ ചോദ്യങ്ങൾക്കൊന്നും മറുപടി പറയാതെ അയാൾ പുറത്തിറങ്ങി. അടുത്ത ബസ്സ്റ്റോപ്പ് ലക്ഷ്യമാക്കി അയാൾ നടന്നു. സ്റ്റോപ്പിൽ കുറച്ചു നേരം നിന്നപ്പോൾ അയാൾ, അകന്ന് ഒറ്റയ്ക്കു നിൽക്കുന്ന ഒരാളെ കണ്ടു. മഴക്കോട്ടിന്റെ തൊപ്പി കുറച്ചുകൂടി താഴ്ത്തി കണ്ണുകളിൽ നിഴൽ വീഴ്ത്തി ഗോപാലകൃഷ്ണൻ അയാളെ സമീപിച്ചു. നാലുഭാഗത്തും നോക്കിയശേഷം പറയാൻ തുടങ്ങി.

നല്ല ചരക്കുണ്ട് സാർ. ഗുഡ്സ്റ്റഫ്. റീസണബ്ൾ ചാർജ്ജ്. കുഴപ്പമൊന്നുമില്ലാത്തതാണ്. ഞാൻ ടാക്സി വിളിക്കട്ടെ.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.